
# മലങ്കരസഭ

THE MALANKARA SABHA AUGUST 2023
MALAYALAM MONTHLY, Vol-67, Issue-8 _ ₹25



## 14th ANNIVERSARY



IN EVER LOVING MEMORY OF


# Paul M George

Executive Director, The Muthoot Group

Your values continue to inspire us. We shall keep striding ahead without ever giving up in the face of challenges. With each passing year, we strengthen our resolve to carry forward your legacy.

PAUL GEORGE GLOBAL SCHOOL
Courage | Compassion | Equality | Integrity

The Muthoot Group
*Unchanging Values... in Changing Times*


Admissions Open for
MBA
· FINANCE
· HR
· MARKETING
· OPERATIONS
FOR ADMISSIONS
CALL :
9496 735 944
9400 920 236
8281 801 579
BCMS
go international
BASELIOS CENTRE FOR MANAGEMENT STUDIES
NAAC
NATIONAL ASSESSMENT AND ACCREDITATION COUNCIL
NBA
NATIONAL BOARD OF ACCREDITATION
BASELIOS MATHEWS II COLLEGE OF ENGINEERING
(Approved by AICTE, Affilliated to APJ Abdul Kalam Technological University)
Accredited with NBA Programs, Grade B+ by NAAC & An ISO 9001:2015 Certified Institution
Lake View, Muthupilakadu, Poruvazhy P O, Sasthamcotta, Kollam, Kerala 690520

# മഹാപുരോഹിത സന്ദേശം

ദൈവസ്നേഹത്തിൽ അനസ്യൂതം വളരുക എന്നതാണ് അധ്യാത്മിക പുരോഗതിയുടെ ഒരു ലക്ഷണം. എന്നാൽ വ്യത്യസ്ത കാരണങ്ങളാൽ ഈ പുരോഗമന പാതയിൽ നിന്നും മനുഷ്യർ വീണു പോകാറുണ്ട്. അതിൽ വൈയക്തികവും സാമൂഹികവുമായ പശ്ചാത്തലങ്ങൾ ഉണ്ടാവും. യേശുതമ്പുരാനെ പിൻപറ്റുമ്പോൾ ശിഷ്യന്മാർ ഉപേക്ഷിച്ചവയിൽ പെട്ടതാണ് പടകും വലയുമൊക്കെ. എന്നാൽ “ഞാൻ മീൻ പിടിക്കുവാൻ പോകുന്നു” എന്ന് പറഞ്ഞ് തിരികെ പോകുമ്പോൾ അവർ വീണ്ടും അത് ഉപയോഗിക്കുന്നു. യേശുക്രിസ്തുവിനോടുള്ള ബന്ധത്തിൽ നിന്ന് വ്യതിചലിച്ച് പഴയ വഴികളിലേക്ക് പുറപ്പെടുന്ന ഓരോരുത്തരുടെയും മുമ്പിൽ തങ്ങൾ വിട്ടുപോന്ന വഴികൾ സാത്താൻ നിരത്തി വയ്ക്കും എന്നത് പരമാർത്ഥമാണ്.

ദൈവകൃപയിൽ നിരുപാധികം ആശ്രയിക്കാതെ ഒരാൾക്കും ദൈവസ്നേഹത്തിൽ വളരാനാവില്ല. സകലവും ഉപേക്ഷിച്ച് യേശുക്രിസ്തുവിനെ അനുഗമിക്കുന്നത് കൊണ്ട് മാത്രമായില്ല ; നമ്മിൽ തന്നെ യാതൊരു പ്രബലതയും ഇല്ലെന്നും ദൈവകൃപയ്ക്ക് നാം കടക്കാർ ആണെന്നും നാം ഗ്രഹിക്കണം. ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കണമെന്ന പുതിയനിയമ കൽപ്പന ജീവിതത്തിന്റെ ആധാരമാകണം.

അപമാനവീകരണത്തിന്റെ തുടരനുഭവങ്ങൾ വർദ്ധിക്കുമ്പോൾ അടിസ്ഥാന കാരണമായി നാം കണ്ടെത്തുന്നത് സ്നേഹരാഹിത്യമാണ്. ജാതീയമായും വംശീയമായും വിഭാഗീയതയുടെ അപശബ്ദങ്ങൾ നിറയുന്നു. ‘ദൈവ സ്നേഹത്തിലേക്കുള്ള വളർച്ച’ എന്ന ആത്മീയ പാഠം പ്രസക്തമാകുന്നത് ഈ പശ്ചാത്തലത്തിലാണ്. നടന്ന വഴികൾ മറന്നുപോയ ശീമോൻ പത്രോസിനോട് യേശുതമ്പുരാൻ ചോദിച്ച ചോദ്യമാണ് ഏത് കാലത്തും സംഗതമാകുന്നത് “നീയെന്നെ സ്നേഹിക്കുന്നുവോ?”.

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**



ESTD. 1946
മലങ്കരസഭ മാസിക
മലങ്കര സഭയുടെ ഔദ്യോഗിക മാധ്യമം . 2023 ഓഗസ്റ്റ്. ലക്കം 8. പുസ്തകം 67. വില ₹ 25

LETTER FROM THE EDITOR

കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടിയോട് ഒരിക്കൽ സി.പി.എം. എം.എൽ.എ. ശ്രീരാമകൃഷ്ണൻ നിയമസഭയിൽ ചോദിച്ചു. "അങ്ങ് ഏത് ആശയക്കാരനാണ്? ഗാന്ധിയൻ ആണോ, സോഷ്യലിസ്റ്റാണോ?, കമ്മ്യൂണിസ്റ്റാണോ, ക്യാപ്പിറ്റലിസ്റ്റാണോ?" ഒരു ചോദ്യത്തിനും അദ്ദേഹം മറുപടി കൊടുത്തില്ല. ചോദ്യങ്ങൾ കേട്ടില്ലെന്ന ഭാവത്തിലായിരുന്നു അദ്ദേഹത്തിന്റെ ഇരുത്തം. ഒടുവിൽ നിയമസഭ പിരിയുന്നതിനു മുമ്പ് അദ്ദേഹം എഴുന്നേറ്റു നിന്നു പറഞ്ഞു "ശ്രീരാമകൃഷ്ണാ... ഞാൻ ജനങ്ങളുടെ ആശയക്കാരനാണ്."

പ്രായോഗിക രാഷ്ട്രീയത്തിന്റെ പരകോടിയാണീ മറുപടി. രാഷ്ട്രീയമെന്നത് ഉമ്മൻചാണ്ടിക്ക് പ്രത്യയശാസ്ത്രഭാരമോ താത്വികാവലോകനമോ ആയിരുന്നില്ല. നിസ്സഹായരുടെ കണ്ണീരിന്റെ കാരണങ്ങളും അധികാര കേന്ദ്രങ്ങളുടെ തിരിച്ചറിവില്ലാത്ത താൻപ്രമാണിത്തങ്ങളും അദ്ദേഹത്തിന്റെ വർഗ്ഗശത്രുക്കളായിരുന്നു. കലഹങ്ങളും ഫാസിസ്റ്റു പ്രവണതകളും ചുവപ്പുനാടകളുടെ അഴിയാക്കുരുക്കും അന്തമില്ലാത്ത കോടതി വ്യവഹാരങ്ങളും അദ്ദേഹത്തെ വേദനിപ്പിച്ചു. കലഹമില്ലാതെ വിയോജിക്കാനാവും എന്ന് തെളിയിച്ച ജീവിതമായിരുന്നു അത്.

കേരളം മുഴുവൻ ഒരു കണ്ണീർതുള്ളിയായി ചുരുങ്ങിയ ദിനമായിരുന്നു ജൂലൈ പതിനെട്ട്. ഭരണ സിരാകേന്ദ്രമായ തിരുവനന്തപുരത്തുനിന്ന് പുറപ്പെട്ട വിലാപയാത്രയിലെ ജനപ്രവാഹം പുതുപ്പള്ളി പള്ളിയുടെ തിരുമുറ്റത്തെത്താൻ നാല്പത് മണിക്കൂറെടുത്തു. പള്ളിയിൽ കബറടങ്ങിയിരിക്കുന്ന പുരോഹിതന്മാരുടെ കബറിടങ്ങൾക്കരികെ കേരളത്തിന്റെ രാഷ്ട്രീയ ഇതിഹാസത്തിന് അന്ത്യവിശ്രമം. സംസ്ഥാന സർക്കാരിന്റ ഔദ്യോഗിക ബഹുമതികൾ ഒഴിവാക്കിയ ലളിതവും പ്രൗഢവുമായ സംസ്ക്കാര ശുശ്രൂഷയ്ക്ക് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കായും മെത്രാപ്പോലീത്തന്മാരും കാർമ്മികത്വം വഹിച്ചു. ശ്രീ. രാഹുൽ ഗാന്ധിയുൾപ്പെടെയുള്ള ഇൻഡ്യൻ രാഷ്ട്രീയ നേതൃത്വം സാക്ഷികളായി.

ആസാധാരണനും അനന്യനുമായ ഒരു രാഷ്ട്രീയ പ്രതിഭാസമാണ് നമ്മെ കടന്നുപോകുന്നത്.

അലസമായി വസ്ത്രം ധരിച്ചൊരാൾ രാജസദസ്സിലേക്ക് കയറിചെന്ന് പ്രധാന ഇരിപ്പിടങ്ങളിലൊന്നിൽ ഇരിക്കുന്നു. പുരികം ചുളിച്ച് രാജാവ് അയാളോട് ചോദിച്ചു: "ആരാണ് നിങ്ങൾ, മിനിസ്റ്റർ?"
"നൊ", അയം ബിയോണ്ട് ദാറ്റ്".
"കിംങ്?"
"നൊ", അയം ബിയോണ്ട് ദാറ്റ്".
കുപിതനായ രാജാവ് പറഞ്ഞു "നത്തിങ്ങ് ഈസ് ബിയോണ്ട് മീ"
ആഗതൻ മറുപടി നൽകി "യെസ് അയാം ദാറ്റ് നത്തിങ്ങ്".
ജനസമ്പർക്കം ഊർജ്ജമാക്കിയ ശ്രീ. ഉമ്മൻചാണ്ടി സാധാരണക്കാർ തനിക്കുനേരെ നീട്ടിയ അപേക്ഷക്കടലാസ്സുകൾ ആദരവോടെ സ്വീകരിച്ച് നടന്നു നീങ്ങി. ജനാധിപത്യത്തിനു മാരകമായി മുറിവേറ്റു തുടങ്ങിയിരിക്കുന്ന ഈ കാലത്ത് അദ്ദേഹത്തിന്റെ വേർപാട് പൗരസമൂഹത്തെ വേദനിപ്പിക്കുന്നു.

"പ്രിയ ജനനേതാവേ, സമാധാനത്താലെ പോവുക!
ഇനി വിശ്രമിക്കുക!!"

– ഫാ. സഖറിയാ തോമസ് പുതുപ്പള്ളി

**മലങ്കരസഭ മാസിക**
കാതോലിക്കേറ്റ് അരമന,
ദേവലോകം
കോട്ടയം-04
ഫോൺ: 0481-2573234

**പ്രസിഡന്റ്**
ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ

**ചീഫ് എഡിറ്റർ**
ഫാ. സഖറിയാ തോമസ്

**മാനേജിംഗ് എഡിറ്റർ**
ഫാ. തോമസ് രാജു കരുവാറ്റ

**സബ് എഡിറ്റർ**
ഫാ. അലക്സ് തോമസ് നാഴൂരിമറ്റത്തിൽ

**അംഗങ്ങൾ**
ഫാ.ഡോ. ബിജേഷ് ഫിലിപ്പ്
ഫാ. തോമസ് വർഗീസ് ചാവടിയിൽ
അഡ്വ. ബിജു ഉമ്മൻ
ഡോ. തോമസ് കുരുവിള
അലക്സിൻ ജോർജ് IPoS
മെർലിൻ റ്റി. മാത്യു

ഇ.മെയിൽ:
malankarasabha1946@gmail.com,
sabhamasika@yahoo.com

Read online:
www.mosc.in
www.malankarasabhaonline.com

*കാപ്യൂട്ടർ ഓപ്പറേറ്റർ & ഗ്രാഫിക് ഡിസൈനർ :*
ജിന്റോ കുറിച്ചി

*അക്കൗണ്ടന്റ്:*
ബിജു വർക്കി
9947804477

# 5TH ANNIVERSARY OF DEPARTURE IN PEACE



In loving memory of our Dearest Achen

# VERY. REV. V.I. MATHEWS COREPISCOPA


**(01-09-1931 - 09-09-2018)**

**FOUNDER CHAIRMAN, FATHER MATHEWS COLLEGE OF NURSING, BANGLORE**

**"ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ചോ**
**ഈ ആചാര്യന്നേകുക പുണ്യം നാഥാ സ്തോത്രം"**

Inserted By

**Dr. Renji Isaac Mathews**
**& Family**
**Valiyaparambil Manikalam**




# അകം

CONTENTS


**8** **ജനഹൃദയങ്ങളെ കവർന്ന ഉമ്മൻചാണ്ടി**
ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ

**10** **പകൽ സൂര്യനായും രാത്രി ചന്ദ്രനായും**
- ഡോ. പോൾ മണലിൽ

**12** **പുതുപ്പള്ളി പള്ളിയിൽ അന്ത്യവിശ്രമം...**
- പ്രൊഫ. ഇ. ജെ. ജോൺ മാത്യു, കൂടാരത്തിൽ

**14** **മണിപ്പൂർ കലാപം: ഗോത്രപ്പകയോ അജണ്ടയോ?**
- അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ

**16** **മണിപ്പൂർ വെറുമൊരു ദുരന്തമല്ല...**
- സന്തോഷ് കോശി ജോയ്, ഡൽഹി

**26** **സമയത്തെ കീഴടക്കിയ ജനനായകന്...**
- ജിക്കു തോമസ് കുഴിമറ്റം

**30** **ദൈവമാതാവും സാക്ഷ്യപെട്ടകവും...**
- ഫാ. ജോബി വർഗ്ഗീസ് മാമ്പള്ളിൽ

**32** **മലയാളിയും പോസ്റ്റ്പാർട്ടം ഡിപ്രഷനും**
- റെനി അന്ന ഫിലിപ്പ്

പംക്തികൾ
- വേദധ്യാനം
- പഴയനിയമ പഠനം
- പുതിയ നിയമ പഠനം
- മനഃപൂർവ്വം
- നിരീക്ഷണം
- കാഴ്ചകൾ
- കാലാവസ്ഥാ വ്യതിയാനം



**മലങ്കരസഭ**

**വരിക്കാരാകുവാനും വരിസംഖ്യ പുതുക്കുവാനും**
QR CODE SCAN **ചെയ്യുക.**
**പണമടച്ചതിനു ശേഷം 8281661946 എന്ന**
**വാട്സാപ്പ് നമ്പറിൽ അറിയിക്കുക.**

**SCAN & PAY**





സമയത്തെ കീഴടക്കിയ ജനനായകൻ, ഊണും ഉറക്കവും ഉപേക്ഷിച്ച് ജനത്തിനായി അക്ഷീണം യത്നിച്ച അതിമാനുഷനായിരുന്നു ശ്രീ. ഉമ്മൻ ചാണ്ടി രാത്രി എത്ര വൈകിയാലും ചെയ്തുതീർക്കേണ്ട ജോലികൾ പൂർത്തീകരിക്കുകയും അതിരാവിലെ കർമ്മ മണ്ഡലത്തിലേക്ക് പ്രവേശിക്കുകയും ചെയ്യുന്ന അദ്ദേഹത്തിന്റെ ജീവിതം ആരെയും ആവേശം കൊള്ളിക്കുന്നതാണ്. 100 വയസ്സുവരെ ജീവിക്കുന്ന ഒരാൾ ഒരുപക്ഷേ രണ്ട് ജന്മംകൊണ്ട് പൂർത്തീകരിക്കുന്ന കർമ്മമാണ് ഉമ്മൻചാണ്ടി തന്റെ 79 വർഷത്തെ ജീവിതം കൊണ്ട് പൂർത്തിയാക്കിയത് എന്ന് നിസംശയം പറയാം.

### ദൈവത്തെ മറക്കാത്ത ഭരണാധികാരി

രാഷ്ട്രീയ സാമൂഹിക മണ്ഡലങ്ങളിൽ വിരാജിക്കുമ്പോഴും ഭരണത്തിന്റെ ഔന്നത്യത്തിലേക്ക് പ്രവേശിക്കുമ്പോഴും താൻ ജനിച്ച വിശ്വാസത്തോടും ശീലിച്ച ആരാധനയോടും അദ്ദേഹം പുലർത്തിയ പ്രതിപത്തി പ്രത്യേകം ശ്രദ്ധേയമായിരുന്നു. പുതുപ്പള്ളി പള്ളിയും, പാമ്പാടി ദയറായും അദ്ദേഹത്തിന്റെ വികാരമായിരുന്നു. ഒരു ഞായറാഴ്ച പോലും തെറ്റാതെ ആരാധനയിൽ സംബന്ധിക്കുന്ന അദ്ദേഹം പരിശുദ്ധ സഭയുടെ 50 നോമ്പിൽ ഉച്ചവരെ ഉപവാസം അനുഷ്ഠിച്ച് പ്രാർത്ഥനകൾ പൂർത്തീകരിക്കുന്ന വ്യക്തിയായിരുന്നു.

സ്വന്തം നിയോജകമണ്ഡലത്തെ കണ്ണിന്റെ കൃഷ്ണമണി പോലെ കാത്തുസൂക്ഷിച്ച ജനപ്രതിനിധി എന്ന നിലയിൽ അദ്ദേഹം 53 വർഷം പുതുപ്പള്ളിയുടെ സ്വപ്നങ്ങളെ നെഞ്ചിലേറ്റി യാത്ര ചെയ്തു വിവാഹ ഭവനങ്ങളും വിലാപഭവനങ്ങളും ഒരുപോലെ കയറിയിറങ്ങി പുതുപ്പള്ളിക്കാർക്ക് തന്റെ അടുത്ത് ഏത് രാത്രിക്കും വന്നുചേരാൻ കഴിയുന്ന സർവ്വസ്വാതന്ത്ര്യത്തിന്റെ വാതിൽ തുറന്നിട്ടു. പുതുപ്പള്ളിയുടെ വികസനത്തിന് വേണ്ടി അക്ഷീണം യത്നിച്ച ജനനായകൻ എന്ന നിലയിലാണ് അദ്ദേഹം സ്മരിക്കപ്പെടുക. ആരെയും അവഗണിക്കാതെ ചേർത്തുനിർത്തിയ, തന്നെ സമീപിക്കുന്നവർക്ക് എല്ലാം സ്വാഗതം ഓതുന്ന അസാധാരണമായ വ്യക്തിത്വം. ജനസമ്പർക്ക പരിപാടി അതിന്റെ ഉദാത്തമായ ഉദാഹരണമാണ്. യു.എൻ. പുരസ്ക്കാരം പോലും സിദ്ധിക്കുന്നതിന് കാരണമായ ആ മഹത്തായ കർമ്മ പദ്ധതിക്ക് രൂപം കൊടുത്ത് ജനലക്ഷങ്ങളുടെ ഹൃദയത്തുടിപ്പുകളെ ഏറ്റുവാങ്ങുവാൻ, മനസ്സിലാക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു എന്നുള്ളത് മറ്റൊരു ഭരണാധികാരിക്കും അവകാശപ്പെടുവാൻ കഴിയാത്ത സവിശേഷതയാണ്.



### എതിരാളികളെ പോലും നിഷ്പ്രഭമാക്കുന്ന സ്നേഹ സമ്പന്നനായിരുന്നു അദ്ദേഹം.

തന്റെ രാഷ്ട്രീയത്തിൽ തന്റെ പ്രതിയോഗികൾ പോലും വിസ്മയിച്ചു പോകുന്ന സമീപനമായിരുന്നു അദ്ദേഹത്തിന്റേത്. വിമർശനങ്ങളുടെയും, വിവിധ തരങ്ങളിൽ ഉള്ള ആക്രമണങ്ങളുടെയും മുൾമുനയിൽ നിന്നപ്പോൾ പോലും ഒരു വാക്കുകൊണ്ടു പോലും മറ്റുള്ളവരെ വേദനിപ്പിക്കാതെ ക്ഷമയുടെയും സഹിഷ്ണുതയുടെയും പ്രതിപക്ഷ ബഹുമാനത്തിന്റെയും ആൾരൂപമായി അദ്ദേഹം നിലകൊണ്ടു. അസാധാരണമായ ഗ്രഹണശക്തികൊണ്ട് ശ്രദ്ധേയനായിരുന്നു ശ്രീ ഉമ്മൻചാണ്ടി. ഒരേ സമയത്ത് തന്നെ ഒന്നിലധികം കാര്യങ്ങൾ അനായാസം കൈകാര്യം ചെയ്യാനുള്ള അമാനുഷിക ശേഷി 'a man of miracle' എന്ന് പറയത്തക്ക രീതിയിൽ അദ്ദേഹം ഉജ്ജ്വല ശൈലിയുടെ ഉടമയായിരുന്നു. തന്നെ കാണാൻ



വരുന്ന ആളുകളെ കേട്ടുകൊണ്ടു തന്നെ, എഴുതാനുള്ളത് എഴുതുകയും ഫോൺ ചെയ്യുകയാണെങ്കിൽ അത് ചെയ്തുകൊണ്ട് തന്നെ അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുവാൻ അദ്ദേഹത്തിന് സാധിക്കുമായിരുന്നു. അതുകൊണ്ടുതന്നെ അത്ഭുതകരമായ ഓർമ്മശക്തിയുടെ ഉടമ ആയിട്ടാണ് അദ്ദേഹം മനുഷ്യഹൃദയങ്ങളിൽ ശ്രദ്ധേയനാവുക ഓരോരുത്തരുടെയും പേര് പറഞ്ഞു വിളിക്കുവാൻ കേരളത്തിൽ മാത്രമല്ല കേരളത്തിന് പുറത്തും പേരുപറഞ്ഞു വിളക്കുവാൻ ഓർമ്മശക്തി അദ്ദേഹത്തിനുണ്ടായിരുന്നു എന്നുള്ളത് ആരെയും അത്ഭുതപ്പെടുത്തുന്നതാണ്.

അധികാരം അഹങ്കാരത്തിന് കാരണമാവാതെ വിനയത്തിന്റെയും വിധേയത്വത്തിന്റെയും വഴിയാണെന്ന് തിരിച്ചറിഞ്ഞ ഉത്തമ ഭരണാധികാരിയായിരുന്നു അദ്ദേഹം. എം.എൽ.എ. സ്ഥാനത്തുനിന്ന് മുഖ്യമന്ത്രിസ്ഥാനത്തേക്കുള്ള അദ്ദേഹത്തിന്റെ വളർച്ചയിൽ സ്വയം വിനയപ്പെടുന്നതിനും ജനങ്ങളോടുള്ള തന്റെ ബന്ധം വളർത്തുന്നതിനും ജനങ്ങൾക്കിടയിലുള്ള പ്രവർത്തനങ്ങൾ ഊഷ്മളമാക്കുന്നതിനുമാണ് അദ്ദേഹം ശ്രമിച്ചത്. ഒരിക്കലും അധികാരത്തെ ആസ്വാദനമായി അദ്ദേഹം കണ്ടില്ല അധികാരത്തിൽ സ്വയം മറക്കുന്നവനായി അദ്ദേഹം രൂപപ്പെട്ടിട്ടില്ല. ഉമ്മൻചാണ്ടി ഏത് സ്ഥാനത്തിരുന്നാലും ജനങ്ങൾക്കൊപ്പം ആയിരുന്നു ജനങ്ങൾ അദ്ദേഹത്തോടൊപ്പവും ആയിരുന്നു അദ്ദേഹം എഴുപത്തി ഒമ്പത് വർഷം ജീവിക്കുക അല്ലായിരുന്നു നൽകുകയായിരുന്നു. ജനത്തിന്, കേരളത്തിന് സ്വയം നൽകിയ, തന്റെ ആരോഗ്യം നോക്കാതെ സുഖസൗകര്യങ്ങൾ നോക്കാതെ ജീവിതത്തെ ഒരു ത്യാഗമായി ജനത്തിന് വെച്ചു നീട്ടിയ ഉമ്മൻചാണ്ടിയുടെ ശൈലി രാഷ്ട്രീയ പ്രവർത്തനത്തിൽ പകരം വെക്കാൻ ഇല്ലാത്തത് തന്നെയാണ്. ശ്രീ. ഉമ്മൻചാണ്ടി ക്രൈസ്തവ സാക്ഷ്യത്തിന്റെ നിറകുടമായിരുന്നു.

കേരളം കണ്ടതിൽ വച്ച് ഏറ്റവും അത്ഭുതകരമായ വിലാപയാത്ര. 40 മണിക്കൂർ അണപൊട്ടിയൊഴുകിയ ജനപ്രവാഹം. തങ്ങളുടെ പ്രിയ നേതാവിനെ തങ്ങൾക്ക് വേണ്ടി ജീവിച്ച് സ്വയം സമർപ്പിച്ച ഉമ്മൻചാണ്ടിയെ ഒരു നോക്ക് കാണാൻ ഒരുമിച്ചുകൂടി നിയന്ത്രണങ്ങളും സമയ ക്രമീകരണങ്ങളും എല്ലാം കാറ്റിൽ പറത്തിക്കൊണ്ട് ജനസമൂഹം തങ്ങൾ നെഞ്ചിലേറ്റിയ നേതാവിന് അന്ത്യോപചാരം അർപ്പിക്കുവാൻ എത്തിയ കാഴ്ച കരളലിയിക്കുന്നതായിരുന്നു. രാത്രി പകലാക്കി മാറ്റി. തടിച്ചു കൂടിയവർ, യഥാർത്ഥത്തിൽ കേരളം നിശ്ചലമായ മണിക്കൂറുകൾ. ഔദ്യോഗിക ബഹുമതികളുടെ അകമ്പടിയില്ലാതെ തികച്ചും സാധാരണക്കാരനെ പോലെ മണ്ണിലേക്കുള്ള മടക്കയാത്ര. അതായത് നിത്യതയിലേക്കുള്ള പ്രവേശനം അദ്ദേഹം വീണ്ടും ആധുനിക സംസ്ക്കാരത്തിന്റെ അധികാര പ്രമത്തതയെ കീഴടക്കി നമ്മുടെ മുൻപിൽ അജയ്യനായി നിലകൊള്ളുന്നു. പരിശുദ്ധ സഭയുടെ അരുമ സന്താനവും അഭിമാനവുമായ ഉമ്മൻചാണ്ടിയുടെ ദേഹവിയോഗത്തിൽ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭക്കുള്ള അനുശോചനം രേഖപ്പെടുത്തുന്നു അദ്ദേഹത്തന്റെ സജീവ സാന്നിധ്യം നിറഞ്ഞുനിന്ന അദ്ദേഹത്തിന്റെ ഇടവക പള്ളിയായ പുതുപ്പള്ളി സെ. ജോർജ് ഓർത്തഡോക്സ് വലിയ പള്ളി ഉചിതമായ നിലയിൽ അദ്ദേഹത്തിന്റെ സംസ്കാര ശുശ്രൂഷകൾക്ക് വേണ്ട ക്രമീകരണങ്ങൾ നിർവഹിച്ചു. എന്നതിൽ നമുക്കുള്ള നന്ദി അറിയിക്കുന്നു പ്രത്യേകം തയ്യാറാക്കിയ കബറിടം അദ്ദേഹത്തിന്റെ വ്യക്തി മാഹാത്മ്യത്തിനുള്ള അംഗീകാരമായി. മലങ്കരസഭയുടെ പ്രത്യേകമായ സ്നേഹം അറിയിക്കുന്നു ദുഃഖിതരായ എല്ലാവർക്കും ദൈവം ആശ്വാസം നൽകട്ടെ.

# ജനഹൃദയങ്ങളെ കവർന്ന ഉമ്മൻചാണ്ടി

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ**

**ഡോ. പോൾ മണലിൽ**

ഇസ്രായേൽ ജനത മരുഭൂമിയിൽ കൂടി സഞ്ചരിക്കുമ്പോൾ അവർക്കു രാവും പകലും യാത്ര ചെയ്യുവാൻ തക്കവണ്ണം വഴികാണിക്കേണ്ടതിനു വെളിച്ചം കൊടുക്കാൻ പകൽ മേഘസ്തംഭത്തിലും രാത്രി അഗ്നിസ്തംഭത്തിലും യഹോവ അവർക്കു മുമ്പായി പൊയ്ക്കൊണ്ടിരുന്നുവെന്ന് ബൈബിളിലെ പുറപ്പാട് പുസ്തകത്തിൽ എഴുതിയിരിക്കുന്നു. അതിനു സമാനമായ വാചകമാണ് 'ഒരേയൊരു ഉമ്മൻചാണ്ടി' എന്ന ശീർഷകത്തിൽ 'മാതൃഭൂമി' ദിനപത്രം ജൂലൈ പത്തൊമ്പതിനു എഴുതിയ മുഖപ്രസംഗത്തിലെ ആദ്യ വരികൾ.

അതിങ്ങനെ: "കേരളത്തിന്റെ ആകാശത്ത് പകൽ സൂര്യനായും രാത്രി ചന്ദ്രനായും നിറഞ്ഞ പ്രകാശം. അതായിരുന്നു ഉമ്മൻ ചാണ്ടി."

ഉമ്മൻ ചാണ്ടി കേരള ജനതയ്ക്കു പകൽ മേഘസ്തംഭവും രാത്രിയിൽ അഗ്നിസ്തംഭവും ആയിരുന്നുവെന്നു സാക്ഷ്യപ്പെടുത്തുന്ന അനുഭവമായിരുന്നു ജൂലൈ പത്തൊമ്പതിനും ഇരുപതിനും നമ്മൾ കണ്ടത്. ആ സാക്ഷ്യത്തിന്റെ പൊരുൾ എന്തായിരുന്നു?

# പകൽ സൂര്യനായും രാത്രി ചന്ദ്രനായും



അത് അമ്പത്തിമൂന്നു വർഷം അദ്ദേഹം പുതുപ്പള്ളിയുടെ എം.എൽ.എ.യും ആറേമുക്കാൽ വർഷം കേരളത്തിന്റെ മുഖ്യമന്ത്രിയും നാലു തവണ വിവിധ മന്ത്രിസഭകളിൽ അംഗവും ഒരു തവണ പ്രതിപക്ഷ നേതാവും ആയിരുന്നതുകൊണ്ടാണെന്ന് ആരെങ്കിലും കരുതുന്നുണ്ടോ? അതല്ലെങ്കിൽ അദ്ദേഹം വികസന നായകനായി കേരളത്തിൽ മെട്രോ പദ്ധതിയും സ്മാർട്ട് സിറ്റി പദ്ധതിയും കണ്ണൂർ വിമാനത്താവളവും വിഴിഞ്ഞം പദ്ധതിയും നടപ്പാക്കിയിട്ടാണോ?

ഇത്രയും മാത്രമല്ല, ഉമ്മൻ ചാണ്ടി വേറെയും പദ്ധതികൾ കേരളത്തിൽ നടപ്പാക്കിയിട്ടുണ്ട്. മുഖ്യമന്ത്രിയായിരിക്കെ നടപ്പാക്കിയ ജനസമ്പർക്ക പരിപാടിയിലൂടെ പതിനൊന്നു ലക്ഷം ജനങ്ങളെ അദ്ദേഹം നേരിട്ടു കാണുകയും അവരുടെ വേദനകളും പ്രശ്നങ്ങളും മനസ്സിലാക്കുകയും അതിനു പരിഹാരം കണ്ടെത്തുകയും ചെയ്തതു ഒരു ചരിത്ര സംഭവമായിരുന്നു. അധികാരം പൊതുജന സേവനമാണെന്നു തെളിയിച്ച ഒരു പരിപാടിയായിരുന്നു ഇത്. ജനസമ്പർക്ക പരിപാടിയിൽ പരാതി കേൾക്കാൻ അദ്ദേഹം പത്തൊമ്പതു മണിക്കൂർ ജലപാനം പോലുമില്ലാതെ ഒറ്റനിൽപ്പ് നിന്നിട്ടുള്ള ചരിത്രവും ഉണ്ട്.

ജനങ്ങളെ സേവിക്കുക എന്നത് രാഷ്ട്രീയ നേതാക്കളുടെ കടമയാണെന്ന പാഠം ഉമ്മൻ ചാണ്ടി പഠിപ്പിച്ചു. ഉമ്മൻ ചാണ്ടി തൊഴിൽ മന്ത്രിയായിരിക്കുമ്പോഴാണ് തൊഴിൽരഹിതർക്കു വേതനം നൽകുന്ന പദ്ധതി തുടങ്ങിയത്. ലക്ഷക്കണക്കിനു ചെറുപ്പക്കാർക്കു അതിന്റെ ആനുകൂല്യം ലഭിച്ചു. കുട്ടികൾക്കു കേൾവിശക്തി പകരുന്ന ശ്രുതിതരംഗം പദ്ധതി, അവയവം മാറ്റിവയ്ക്കാനുള്ള മൃതസഞ്ജീവനി പദ്ധതി, പതിനെട്ടു വയസ്സു വരെയുള്ളവർക്കു സൗജന്യ ചികിത്സാ പദ്ധതി ഇങ്ങനെ ഉമ്മൻ ചാണ്ടി കേരളത്തിൽ നടപ്പാക്കിയ 'ഭരണപരിഷ്ക്കാരങ്ങളി' ലെല്ലാം ഒരു യേശുക്രിസ്തു ഒളിഞ്ഞിരിക്കുന്നുണ്ടായിരുന്നു.

രാഷ്ട്രീയവും മതവും രണ്ടാണെങ്കിലും ഉമ്മൻ ചാണ്ടിയെ കേരളത്തിലെ മറ്റു രാഷ്ട്രീയ നേതാക്കളിൽ നിന്നു വ്യത്യസ്തനാക്കുന്നതു, അദ്ദേഹം രാഷ്ട്രീയത്തിൽ യേശുക്രിസ്തുവിനെ പ്രകാശിപ്പിക്കാൻ ശ്രമിച്ചു എന്നുള്ളതാണ്. ആർദ്രതയും കാരുണ്യവും സ്നേഹവും സന്മനസ്സും സഹാനുഭൂതിയും കരുതലും ത്യാഗമനോഭാവവും സമന്വയിപ്പിച്ചാൽ അതു ഉമ്മൻ ചാണ്ടിയാകും. ഉമ്മൻ ചാണ്ടിയെ ജനലക്ഷങ്ങൾ നെഞ്ചിലേറ്റിയതു ഇതു കൊണ്ടൊക്കെയാണ്.

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഉമ്മൻ ചാണ്ടിയെ ഒറ്റ വാക്കിൽ നിർവചിച്ചിട്ടുണ്ട് - "മനസ്സലിവുള്ളവൻ." പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ സംസ്കാരശുശ്രൂഷയ്ക്കിടയിൽ നടത്തിയ പ്രഭാഷണത്തിൽ പരിശുദ്ധ ബാവാ പറഞ്ഞതു, ഉമ്മൻ ചാണ്ടി മനസ്സലിവിന്റെ ആൾരൂപമായിരുന്നു എന്നാണ്. അതു കൊണ്ടായിരുന്നു ഉമ്മൻ ചാണ്ടിയുടെ ഭൗതികശരീരം തിരുവനന്തപുരത്തെ പുതുപ്പള്ളി ഹൗസിൽ നിന്നും പുതുപ്പള്ളി പള്ളിയിലെത്തിക്കാൻ രണ്ടു പകലും ഒരു രാത്രിയും വേണ്ടിവന്നത്. നൂറ്റമ്പത്തെട്ട് കിലോമീറ്റർ സഞ്ചരിക്കാൻ ആ വിലാപയാത്ര നാല്പത് മണിക്കൂറാണ് എടുത്തത്. അതൊരു വിലാപയാത്രയായിരുന്നില്ല, സ്നേഹനദിയുടെ ഒഴുക്കായിരുന്നു. ജനലക്ഷങ്ങൾ എന്നു കേട്ടിട്ടേയുള്ളു. ആ കാഴ്ച നമ്മൾ കണ്ടു. ഉമ്മൻ ചാണ്ടിയെ കണ്ടിട്ടുള്ളവരും കാണാത്തവരും ആ വിലാപവീഥിയിൽ മനുഷ്യച്ചങ്ങല തീർക്കുക മാത്രമല്ല "കണ്ണേ കരളേ കുഞ്ഞൂഞ്ഞേ" എന്നു ഉറക്കെ വിളിച്ചു കരയുകയും ചെയ്തു. അതേ, കേരളത്തിന്റെ കണ്ണും കരളുമായിരുന്നു ഉമ്മൻ ചാണ്ടി.

ഒരു രാഷ്ട്രീയ പ്രവർത്തകൻ എങ്ങനെയാണ് ജനതയുടെ കണ്ണും കരളുമായി മാറുന്നത്? പുതിയനിയമത്തിൽ മത്തായിയുടെ സുവിശേഷം അഞ്ചാം അധ്യായം നാല്പത്തിയൊന്നു, നാല്പത്തിരണ്ട് വാക്യങ്ങളിൽ അതിന്റെ ഉത്തരമുണ്ട്.

അതിങ്ങനെ: "ഒരുത്തൻ നിന്നെ ഒരു നാഴിക വഴിപോകുവാൻ നിർബന്ധിച്ചാൽ രണ്ടു അവനോടുകൂടെ പോക. നിന്നോടു യാചിക്കുന്നവനു കൊടുക്ക."

ഉമ്മൻ ചാണ്ടി അത്തരക്കാരനായിരുന്നു. ജീവിതത്തിൽ വഴിമുട്ടി നിൽക്കുന്നവരുടെ ഒപ്പം അദ്ദേഹം ഒരു നാഴികയും രണ്ടു നാഴികയുമല്ല അതിന്റെ ഇരട്ടിയും ഇരട്ടിയുടെ ഇരട്ടിയും നടന്നു. യാചിക്കുന്നവനും യാതന അനുഭവിക്കുന്നവനും ഉമ്മൻ ചാണ്ടി കരുതലും കാരുണ്യവും കടാക്ഷവും നൽകി.

ക്രിസ്തുവിനു വേണ്ടി പൗലോസ് ശ്ലീഹാ എത്ര വേദനയാണ്, എത്ര കഷ്ടപ്പാടാണ് അനുഭവിച്ചത്. അതുപോലെ ഉമ്മൻ ചാണ്ടി കേരള ജനതയ്ക്കു വേണ്ടി വേദനയും കഷ്ടപ്പാടും മാത്രമല്ല പരിഹാസവും അനുഭവിച്ചു.

യേശുക്രിസ്തുവിനെ ക്രൂശിക്കാൻ സന്നാഹങ്ങൾ കാട്ടിയ യഹൂദപ്രമാണിമാരോട്, ഈ നീതിമാന്റെ രക്തത്തിൽ എനിക്കു പങ്കില്ലെന്നു പറഞ്ഞു കൈകഴുകിയ പീലാത്തോസിനെ കടത്തിവെട്ടി നമ്മുടെ 'ജുഡീഷ്യൽ' പീലാത്തോസുമാർ ഉമ്മൻ ചാണ്ടിയിൽ കന്മഷം കണ്ടെത്തിയതു കൊണ്ടോ രാഷ്ട്രീയത്തിൽ പ്രവർത്തിക്കുമ്പോൾ ചാണക്യസൂത്രങ്ങൾ പ്രയോഗിച്ച് രാജനീതി നടപ്പാക്കിയതിനെ മുൻനിർത്തി അദ്ദേഹത്തിന്റെ നീതിയിൽ അനീതി ആരോപിച്ചതുകൊണ്ടോ ഉമ്മൻ ചാണ്ടിയെ കേരള ജനത തള്ളിക്കളഞ്ഞോ? ഷേക്സ്പിയറിന്റെ 'കിംഗ് ലിയർ' നാടകത്തിൽ ലിയർ രാജാവ് പറയുന്നുണ്ട് - I am more sinned against than sinning. ഉമ്മൻ ചാണ്ടി പാപം ചെയ്തതിനെക്കാൾ ഏറെ നാം അദ്ദേഹത്തോട് പാപം ചെയ്തിരിക്കുന്നു.

ജനാധിപത്യം ഒരു ആത്മാർത്ഥതയാണെന്ന് ഉമ്മൻ ചാണ്ടി ഉറച്ചു വിശ്വസിച്ചിരുന്നു. ഈ ആത്മാർത്ഥത മനുഷ്യന്റെ ആന്തരീകതയോടാണ് ബന്ധപ്പെട്ടിരിക്കുന്നത്. സത്യം അകത്താണ്. നമ്മുടെ ജീവിതത്തിന്റെ അടിസ്ഥാനമാകുന്നതു ഈ സത്യമാണ്. ഈ ആന്തരീകതയോട് ആത്മാർത്ഥത കാണിച്ച നിസ്വാർത്ഥ ജനസേവകനായിരുന്നു ഉമ്മൻ ചാണ്ടി. അഹമില്ലാത്ത ആന്തരീകതയുടെ വിവർത്തനമായിരുന്നു ഉമ്മൻ ചാണ്ടിയുടെ രാഷ്ട്രീയ ജീവിതം. നമ്മുടെ ജീവിതത്തിന്റെ അടിസ്ഥാനമാകുന്നതു നമ്മുടെ ആന്തരീകതയാണെന്നും നമ്മെ താങ്ങിനിർത്തുന്നതും ഈ ആന്തരീകതയാണെന്നും ഉള്ള ഒരു പാഠം കൂടി ഉമ്മൻ ചാണ്ടിയിൽ നിന്നു നമുക്കു പഠിക്കാൻ കഴിയും.

തുറന്നു വച്ച വാതിലായിരുന്നു ഉമ്മൻ ചാണ്ടി. എല്ലാവരുടെയും സ്വർഗ്ഗീയ മനുഷ്യൻ. ഒരു സാധാരണ രാഷ്ട്രീയ പ്രവർത്തകനു എങ്ങനെ അപ്രകാരമായി ഭവിക്കാൻ കഴിയും? ചലച്ചിത്രതാരം മമ്മൂട്ടി പറഞ്ഞതു, മനുഷ്യത്വത്തിൽ പി.എച്ച്.ഡി. എടുത്തയാളാണ് ഉമ്മൻ ചാണ്ടിയെന്നാണ്. യേശുക്രിസ്തു പറഞ്ഞ കല്പന ജീവിതത്തിൽ അതേപോലെ അദ്ദേഹം പാലിച്ചു. അയൽക്കാരനെയും ശത്രുവിനെയും സ്നേഹിച്ചതു കൂടാതെ തന്നേ കല്ലെറിഞ്ഞവനെയും സ്നേഹിച്ചു. പൊതുവേദികളിൽ ഇരിക്കുമ്പോൾ മദ്യപാനികളും രാഷ്ട്രീയ എതിരാളികളും വന്നു ഉമ്മൻ ചാണ്ടിയെ കെട്ടിപ്പിടിക്കുന്നതും ചുംബിക്കുന്നതും ഞാൻ എത്രയോ തവണ കണ്ടിരിക്കുന്നു.

ഉമ്മൻ ചാണ്ടിയെ മറ്റുള്ള രാഷ്ട്രീയ പ്രവർത്തകരിൽ നിന്നു വ്യത്യസ്തനാക്കുന്നതു അദ്ദേഹത്തിന്റെ അടിയുറച്ച 'രാഷ്ട്രീയ' വിശ്വാസമായിരുന്നു. അതിനെ കോൺഗ്രസ് വിശ്വാസമായി ആരും തെറ്റിദ്ധരിക്കരുത്. ആ രാഷ്ട്രീയ വിശ്വാസം മനുഷ്യവിശ്വാസത്തിനു ഒപ്പം നിൽക്കുന്ന ഒന്നായിരുന്നു. മനുഷ്യരിൽ പൂർണ്ണവിശ്വാസമുള്ള രാഷ്ട്രീയമെന്നാൽ ദൈവത്തിൽ അടിയുറച്ച വിശ്വാസമെന്നും അതിനു പരിപ്രേഷ്യമുണ്ട്. മനുഷ്യനിൽ ക്രിസ്തുവിനെ കാണാൻ കഴിയുക എന്നതു ഒരു ഭാഗ്യമാണ്. ആ ഭാഗ്യം ഉമ്മൻ ചാണ്ടി അനുഭവിച്ചു. അതാണ് ഉമ്മൻ ചാണ്ടിയുടെ രാഷ്ട്രീയമെന്നു പറഞ്ഞത്. ജനാധിപത്യത്തിൽ ഇപ്രകാരം ഉമ്മൻ ചാണ്ടി പുതിയൊരു ശൈലിയുണ്ടാക്കി.

ഓർത്തഡോക്സ് സഭയിൽ നിന്നും ഉമ്മൻ ചാണ്ടിക്കു കുറെ കല്ലേറു കിട്ടിയിട്ടുണ്ട്. സഭയും രാഷ്ട്രീയവും വിവക്ഷിക്കുന്നതിലുള്ള അപാകതയിൽ നിന്നുണ്ടായ ഒരു അപകടത്തിൽ നിന്നു സംഭവിച്ചതാണിത്. "ഞാനൊരു ദൈവവിശ്വാസിയാണെന്നു" ആവർത്തിച്ചാവർത്തിച്ച് പൊതുവേദിയിൽ സാക്ഷ്യപ്പെടുത്തിയിട്ടുള്ള ഉമ്മൻ ചാണ്ടി യഥാർത്ഥ സത്യക്രിസ്ത്യാനിയായിട്ടാണ് ജീവിച്ചതെന്ന് അദ്ദേഹത്തെ അടുത്തറിയുന്നവർ മനസ്സിലാക്കിയിട്ടുണ്ട്. മാമോദീസായ്ക്കും അന്ത്യകൂദാശയ്ക്കും മാത്രമായിരുന്നില്ല ഉമ്മൻ ചാണ്ടി പള്ളിയിൽ പോയിരുന്നത്. ഓശാന ഞായറാഴ്ചയിലും ദുഃഖവെള്ളിയാഴ്ചയിലും

# പുതുപ്പള്ളി പള്ളിയിൽ അന്ത്യവിശ്രമം...

**പ്രൊഫ. ഇ. ജോൺ മാത്യു, കൂടാരത്തിൽ**
(ബസേലിയോസ് കോളജ് മുൻ പ്രിൻസിപ്പാൾ)

**2023** ജൂലൈ മാസം 18-ാം തീയതി വെളുപ്പിന് 4.25-ന് മലങ്കര ഓർത്തഡോക്സ് സഭാംഗവും കേരളത്തിന്റെ മുഖ്യമന്ത്രിയും 53 വർഷക്കാലം പുതുപ്പള്ളി നിയോജക മണ്ഡലത്തിന്റെ എം.എൽ.എയുമായി പ്രവർത്തിച്ച ഉമ്മൻചാണ്ടി നിത്യതയിലേക്ക് പ്രവേശിച്ചു. സാധാരണ രീതിയിലുള്ള ഒരു വിടവാങ്ങൽ എന്ന് ചിന്തിച്ചിരുന്നവരെ മുഴുവൻ അമ്പരപ്പിച്ചുകൊണ്ട് രണ്ടുനാൾ നീണ്ടുനിന്ന ഒരുവിലാപയാത്ര ചരിത്രം തിരുത്തിക്കുറിച്ചു. തന്റെ ജീവിതകാലം മുഴുവൻ താൻ ഏത് പ്രവർത്തനത്തിലേക്ക് നിയോഗിക്കപ്പെട്ടുവോ ആ വിളിയുടെ പൊരുൾ അദ്ദേഹം

മാത്രം പള്ളിയിൽ പോകുന്ന 'സത്യക്രിസ്ത്യാനി'യെ പോലെയും ആയിരുന്നില്ല അദ്ദേഹം. മലങ്കരസഭ അനുശാസിക്കുന്ന എല്ലാ നോമ്പുകളും അനുഷ്ഠിക്കുന്നതു ഉമ്മൻ ചാണ്ടിയുടെ ജീവിതപ്രമാണമായിരുന്നു. രാഷ്ട്രീയ ഉപവാസങ്ങൾ നടത്തുന്നതിനു അദ്ദേഹം ഊർജ്ജം സംഭരിച്ചിരുന്നതു വിശ്വാസജീവിതത്തിൽ അദ്ദേഹം നിഷ്ഠയോടെ ഉപവസിച്ചതിന്റെ 'പവർ' ബാങ്കിൽ നിന്നെടുത്ത ഊർജ്ജം കൊണ്ടായിരുന്നു. അല്ലെങ്കിലെന്ത്, പ്രഭാതം മുതൽ പ്രദോഷം വരെ ഓട്ടത്തിനിടയിൽ അദ്ദേഹം എത്രനേരം ഭക്ഷണം കഴിച്ചിരിക്കുന്നു? ഭക്ഷണം മാത്രമല്ല, മരുന്നും അദ്ദേഹം കഴിച്ചില്ല. ഇങ്ങനെ ഉമ്മൻ ചാണ്ടിയെ പോലെ ഉപവസിക്കാൻ നമുക്കു കഴിയുകയില്ല.

എന്റെ ചില അനുഭവങ്ങൾ പറയാം. ഒരു ചടങ്ങിനു പോയപ്പോൾ കാലടി യൂണിവേഴ്സിറ്റി വൈസ് ചാൻസലറായിരുന്ന കെ. എസ്. രാധാകൃഷ്ണന്റെ കൂടെ ഞാനും ഉച്ചഭക്ഷണം കഴിച്ചുകൊണ്ടിരിക്കുകയാണ്. ആതിഥേയർ ഞങ്ങൾക്കു ഇഷ്ടഭക്ഷണം വിളമ്പിത്തന്നു. ഞങ്ങൾ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോഴാണ് ഉമ്മൻ ചാണ്ടി എത്തിയത്. രാവിലെ മുതൽ ഓട്ടത്തിലായതിനാൽ ഉച്ചഭക്ഷണമെങ്കിലും കഴിക്കാൻ വന്നല്ലോ എന്നു ഞാൻ വിചാരിച്ചു. അദ്ദേഹം എന്റെ അടുത്താണ് ഇരുന്നത്. അദ്ദേഹത്തിന്റെ പ്ലേറ്റിലേക്കു ആദ്യം ഇറച്ചി വിളമ്പാൻ തുടങ്ങിയപ്പോൾ വേണ്ടായെന്നു പറഞ്ഞു. ഉമ്മൻ ചാണ്ടി ഇറച്ചി കഴിക്കില്ലെന്നാണ് ഞാൻ വിചാരിച്ചത്. ഇറച്ചി വേണ്ടെന്നു പറഞ്ഞപ്പോൾ മുട്ട കൊണ്ടുവന്നു. അതും വേണ്ടായെന്നു പറഞ്ഞു. ആതിഥേയൻ അങ്കലാപ്പിലായി. ഉടനെ മീൻകറിയും മീൻ വറുത്തതും കൊണ്ടുവന്നു. അതും വേണ്ടായെന്ന് ഉമ്മൻ ചാണ്ടി പറഞ്ഞതു കേട്ടപ്പോൾ കെ. എസ്. രാധാകൃഷ്ണൻ എന്നോട് ചോദിച്ചു:

"ഇപ്പോൾ നോമ്പുണ്ടോ?"


ഇല്ലെന്നു ഞാൻ പറഞ്ഞെങ്കിലും തിരക്കിയപ്പോൾ അന്നു മൂന്നു നോമ്പാണെന്നു ഉത്തരം കിട്ടി. ഞാൻ ലജ്ജിച്ചു തലതാഴ്ത്തി!

ഉമ്മൻ ചാണ്ടി നോമ്പ് നോക്കുന്ന ആളാണെന്നു അന്നാണ് എനിക്കു ബോധ്യപ്പെട്ടത്. ഇനി മറ്റൊരു അനുഭവവും കൂടി പറയാം. കെ. ആർ. ഗൗരിയുടെ ഇലക്ഷൻ പ്രചാരണത്തിനു ഉമ്മൻ ചാണ്ടി പോകുന്നുണ്ടെന്ന് അറിഞ്ഞു, കൂടെ ഞാനും പോയി. കോട്ടയത്തെ ഏലിയാ കത്തീഡ്രൽ അംഗമായിരുന്ന കുഞ്ഞുമോൻ ആയിരുന്നു ഡ്രൈവർ. കെ. ആർ. ഗൗരി സി.പി.എമ്മിൽ നിന്നു യു.ഡി.എഫ്-ൽ ചേക്കേറിയ കാലം. ഇലക്ഷൻ പ്രചാരണത്തിലെ ആ കൗതുകം കാണാനാണ് ഞാൻ പോയത്. അതിരാവിലെ പുറപ്പെട്ട് രാത്രിയിലായിരുന്നു ഞങ്ങൾ കോട്ടയത്തു തിരിച്ചെത്തിയത്. ഇലക്ഷൻ പ്രചാരണം കഴിഞ്ഞു മടക്കയാത്രയ്ക്കു കാറിൽ കയറിയപ്പോൾ ഉമ്മൻ ചാണ്ടി ആദ്യം കുഞ്ഞുമോനോട് ഇങ്ങനെ പറഞ്ഞു: 'കുഞ്ഞുമോനേ, മൂന്നു തവണ അമ്പത്തിയൊന്നാം സങ്കീർത്തനം ചൊല്ലിയിട്ട് വണ്ടി ഓടിച്ചാൽ മതി." എനിക്ക് കാര്യം പിടികിട്ടിയില്ല. പതിവായി ഉമ്മൻ ചാണ്ടിയുടെ കൂടെ പോകുന്ന കുഞ്ഞുമോനു കാര്യം മനസ്സിലായി. അന്ന് അമ്പതു നോമ്പായിരുന്നു. ഉമ്മൻ ചാണ്ടി മീനും മുട്ടയും ഇറച്ചിയും കഴിക്കാതെ മൂന്നു നേരവും ഭക്ഷണം കഴിച്ചപ്പോൾ കുഞ്ഞുമോൻ മൂന്നുനേരവും നോമ്പ് മുറിച്ചു! ഉമ്മൻ ചാണ്ടി തമാശ പറയുകയാണെന്നു ഞാൻ വിചാരിച്ചെങ്കിലും 'നോമ്പ് മുറിക്കൽ' അദ്ദേഹം ഗൗരവമായിട്ടാണ് കണ്ടത്. അമ്പത്തിയൊന്നാം സങ്കീർത്തനം ചൊ ല്ലാൻ മടിച്ചുനി ന്ന കുഞ്ഞുമോനെ നോക്കി "ദൈവമേ നിന്റെ ദയയ് ക്കു തക്കവണ്ണം എന്നോടു കൃപയുണ്ടാകണമേ. നി ന്റെ കരുണയുടെ ബഹുത്വപ്രകാരം എന്റെ ലംഘനങ്ങളെ മായിച്ചുകളയണമേ, എന്നെ നന്നായി കഴുകി എന്റെ അകൃത്യം പോക്കണമേ; എന്റെ പാപം നീക്കി എന്നെ വെടിപ്പാക്കണമേ." എന്നു ഉമ്മൻ ചാണ്ടി തന്നെ പ്രാർത്ഥിച്ചു തുടങ്ങി. ഇങ്ങനെയൊക്കെയാണ് നമ്മൾ അറിയാത്ത ഉമ്മൻ ചാണ്ടി. വിശുദ്ധ സഭയുടെ കൂദാശകൾ അനുഷ്ഠിക്കുക, ആരാധനയിൽ പങ്കെടുക്കുക, വേദപുസ്തകം വായിക്കുക, പ്രാർത്ഥിക്കുക ഇതെല്ലാം 'ബഹുദൂരം, അതിവേഗം' സഞ്ചരിച്ചിരുന്ന ഉമ്മൻ ചാണ്ടി മുടക്കിയിരുന്നില്ല. ഒഴുകുന്ന പുഴ എങ്ങനെയാണ് സ്വയം നവീകരിച്ചു ശുദ്ധമാകുന്നതു, അതുപോലെയായിരുന്നു ഉമ്മൻ ചാണ്ടി. തിരക്കിട്ട ഓട്ടത്തിനു ഇടയിലും അദ്ദേഹം സ്വയം നവീകരിച്ചതു വിശുദ്ധ കുമ്പസാരം നടത്തി വിശുദ്ധ കുർബ്ബാന അനുഭവിക്കുന്നതിലൂടെയായിരുന്നു.

ഉമ്മൻ ചാണ്ടിയുടെ വ്യക്തിപ്രഭാവത്തെ ജാജ്വല്യമാനമാക്കിയതു അദ്ദേഹത്തിന്റെ എളിമയും വിനയവും ലാളിത്യവുമായിരുന്നു. അന്ത്യകർമ്മങ്ങൾക്കിടയിൽ ഔദ്യോഗിക ബഹുമതിയോ ആചാരവെടിയോ യോഗ്യമല്ലെന്നു സ്വയം തിരിച്ചറിഞ്ഞ മനുഷ്യനായിരുന്നു അദ്ദേഹം. ആത്മീയ ജീവിതത്തിൽ 'ചെറിയ' നിഷ്ഠകൾ പോലും പാലിക്കുന്നതിൽ അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. പുതുപ്പള്ളി പള്ളിയിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായും ഡോ. പി. സി. അലക്സാണ്ടറും പങ്കെടുത്ത ഒരു ചടങ്ങ് പള്ളിയുടെ വടക്കേ പന്തലിൽ നടന്നപ്പോൾ യോഗത്തിനു മുമ്പുള്ള പ്രാർത്ഥന തുടങ്ങി. എന്റെ അടുത്തിരുന്നതു ആ പള്ളിയിലെ ചെറിയാൻ വറുഗീസ് ആയിരുന്നു. പ്രാർത്ഥന തുടങ്ങിയപ്പോൾ ഉമ്മൻ ചാണ്ടി ചെരുപ്പ് ഊരിയിടുന്നതു കണ്ടിട്ട് ചെറിയാൻ വർഗീസ് അക്കാര്യം എന്റെ ശ്രദ്ധയിൽപ്പെടുത്തി. അതു ഞാനും കണ്ടിരുന്നു. പ്രാർത്ഥിക്കുമ്പോൾ നമ്മിൽ എത്രപേർ കാലിലെ ചെരുപ്പ് ഊരിയിടാറുണ്ടെന്ന് ഓർക്കാ

ഉൾക്കൊണ്ടു. കുബേര കുചേല വ്യത്യാസമില്ലാതെ ജാതിമതവർഗ്ഗചിന്തകൾക്ക് അതീതമായി അദ്ദേഹം പുതുപ്പള്ളിക്കാരുടെ മാത്രമല്ല സകലരുടെയും കുഞ്ഞൂഞ്ഞായി മാറി. അദ്ദേഹത്തെ അവസാനമായി ഒരു നോക്കുകാണുവാൻ രാത്രിയെന്നോ പകലെന്നോ, മഴയോ വെയിലോ സകലത്തേയും അവഗണിച്ച് ദേശം മുഴുവൻ വഴിയോരങ്ങളിൽ വിതുമ്പലോടെ കാത്തുനിന്നു. അദ്ദേഹത്തിന്റെ ഭൗതീക ശരീരം വഹിച്ച വാഹനത്തിന്റെ അടുത്തേക്ക് കടലിലെ തിരമാലകൾക്ക് സമാനമായി ജനസഞ്ചയം ആഞ്ഞടിച്ചു. കണ്ണീരിൽ കുതിർന്ന പൂക്കൾ ദൂരെയും ചാരെയും നിന്നുകൊണ്ട് വാരി എറിഞ്ഞു. "Dead people receive more flowers than living ones because regret is stronger than gratitude".

മലങ്കര ഓർത്തഡോക് സഭ അതിന്റെ പൈതൃക തേജസ് ഉമ്മൻചാണ്ടിയിലേക്ക് പകർന്നു നല്കിയപ്പോൾ അദ്ദേഹത്തെ വ്യത്യസ്തമായ 'ആറടി മണ്ണി'ലേക്ക് കൃതജ്ഞതയോടെ ഇടവക പള്ളി സ്വീകരിച്ചു തന്റെ അന്ത്യവിശ്രമം കുടുംബകല്ലറയിൽ ആയിരിക്കും എന്ന ചിന്തിച്ച സകലരേയും അത്ഭുതപ്പെടുത്തി പുതുപ്പള്ളി പള്ളി അതിന്റെ വിശുദ്ധ മദ്ബഹായുടെ തൊട്ടു കിഴക്ക് ചേർന്ന് പുരോഹിതന്മാർക്കായി മാത്രം നീക്കി വെച്ചിട്ടുള്ള



സ്ഥലത്ത് പ. കാതോലിക്കാ ബാവായുടെ അനുവാദത്തോടെ മാനേജിംഗ് കമ്മറ്റി അംഗങ്ങളുടെ പൂർണ്ണമനസ്സോടെ വികാരിയായ ഫാ. ഡോ. വർഗീസ് വർഗീസ് സംസ്കാരത്തിനുള്ള സ്ഥലം വേർതിരിച്ചു കൊടുത്തു. മലങ്കര സഭയുടെ മഹത്തായ സ്നേഹ സമർപ്പണം ആയിരുന്നു അത്. ഈ മണ്ണ് അദ്ദേഹത്തെ മറവു ചെയ്തു. ചുറ്റുപാടും ചേർന്നു നിന്ന് ജനങ്ങൾ വിതുമ്പി; സ്വർഗ്ഗം അദ്ദേഹത്തെ സ്വീകരിച്ച് കൈവശമാക്കി.

○

നൊരു അനുഭവം കൂടിയാണിത്.


പുതുപ്പള്ളി പള്ളിയിലെ ആദ്യ കുർബ്ബാന കൂടി ഊർജ്ജം സംഭരിച്ചിട്ടായിരുന്നു ഉമ്മൻ ചാണ്ടിയുടെ ഓരോ ആഴ്ചയും തുടങ്ങിയിരുന്നത്. വ്യക്തിപരമായ സങ്കടങ്ങളും ഭാരങ്ങളും ഇറക്കിവെയ്ക്കാൻ അദ്ദേഹം ഓടിയെത്തിയിരുന്നതു പരിശുദ്ധ പരുമല തിരുമേനിയുടെയും പാമ്പാടി തിരുമേനിയുടെയും കബറിങ്കലായിരുന്നു. വിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുന്ന ഓർത്തഡോക്സ് വിശ്വാസത്തിൽ ഊന്നി നിന്നുകൊണ്ടുള്ള ഒരു ആത്മീയ പ്രയാണമായിരുന്നു അദ്ദേഹത്തിന്റേത്. പുതുപ്പള്ളി പള്ളിയിലെ ഒമ്പതു വിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചിരുന്ന ഉമ്മൻ ചാണ്ടി ഗീവറുഗീസ് പുണ്യവാളന്റെ സംരക്ഷണവും മധ്യസ്ഥതയും ഒരാത്മീയ സൗന്ദര്യമായി അനുഭവിച്ചാസ്വദിച്ചു. തിരുവനന്തപുരം സെന്റ് ജോർജ് കത്തീഡ്രലിൽ മാത്രമല്ല, ഞായറാഴ്ച മറ്റ് ഏതെങ്കിലും സ്ഥലത്താണെങ്കിൽ അവിടുത്തെ ഓർത്തഡോക്സ് പള്ളി അന്വേഷിച്ച് കണ്ടുപിടിച്ച് അദ്ദേഹം ആരാധനയിൽ പങ്കെടുക്കുമായിരുന്നു. ഓർത്തഡോക്സ് പള്ളിയില്ലെങ്കിൽ അദ്ദേഹം കത്തോലിക്കാ പള്ളിയിലെ ശുശ്രൂഷയിൽ പങ്കെടുത്തിട്ടുള്ള കാര്യം കർദ്ദിനാൾ ജോർജ് ആലഞ്ചേരി റോമിലെ അനുഭവം സ്മരിച്ച് പറഞ്ഞിട്ടുണ്ട്.

ഉമ്മൻ ചാണ്ടിയുടെ കൂടെ ഒട്ടേറെ ചടങ്ങുകളിൽ, പ്രത്യേകിച്ച് സഭയുടെ ചടങ്ങുകളിൽ ഞാൻ പങ്കെടുത്തിട്ടുണ്ട്. സഭയിലെ ഓരോ ചലനങ്ങളിലും ഉമ്മൻ ചാണ്ടി ബദ്ധശ്രദ്ധനായിരുന്നു. സഭകളുടെ ലോക കൗൺസിലിന്റെ (WCC) ആസ്ഥാനത്തു ഒരിക്കൽ ഞാൻ ചെന്നപ്പോൾ WCC യുടെ ഇന്റർനാഷണൽ അഫേഴ്സ് ഡയറക്ടർ ഡോ. മാത്യൂസ് ജോർജ് ചുനക്കര, ഉമ്മൻ ചാണ്ടിയുടെ WCC ബന്ധം പറഞ്ഞതു ഓർക്കുന്നു. ഓർത്തഡോക്സ് സഭയെ പ്രതിനിധീകരിച്ച് ഉമ്മൻ ചാണ്ടി WCC ഓസ്ട്രിയയിൽ നടത്തിയ ഒരു രാജ്യാന്തര സംവാദത്തിൽ പങ്കെടുത്തിരുന്നുവെന്നാണ് ഡോ. മാത്യൂസ് ജോർജ് ചുനക്കര പറഞ്ഞത്. രാഷ്ട്രീയ തിരക്കിൽ തുടർന്ന് ഇത്തരം പരിപാടികളിൽ പങ്കെടുക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും സഭാരംഗത്തു പ്രവർത്തിക്കുന്ന എത്രയോ ചെറുപ്പക്കാർക്കു അദ്ദേഹം പ്രോത്സാഹനം നൽകിയിരിക്കുന്നു.

പുതുപ്പള്ളി പള്ളിയുടെ തിരുമുറ്റത്തു പതിമൂന്നു വൈദികരുടെ കല്ലറകളുടെ ഇടയിൽ മൂന്നു തെങ്ങുകളുടെ ശീതളച്ഛായയിലാണ് ഉമ്മൻ ചാണ്ടി അന്ത്യവിശ്രമം കൊള്ളുന്നത്. ജീവിച്ചിരുന്നപ്പോൾ ജനങ്ങൾക്കു അദ്ദേഹം ഒരു കൽപവൃക്ഷമായിരുന്നു. ഇപ്പോൾ അദ്ദേഹം ഒരു കൽപവൃക്ഷമായി രൂപാന്തരം പ്രാപിച്ചിരിക്കുന്നു! വൈക്കം മുഹമ്മദ് ബഷീറിന്റെ ഒരു കഥയുണ്ട് – 'തേന്മാവ്.' മരിക്കാൻ കിടക്കുമ്പോൾ ലഭിച്ച വെള്ളം ഉണങ്ങിയ ഒരു മാവിൻതൈയുടെ ചുവട്ടിൽ ഒഴിച്ച് അതിനു 'ജീവൻ' പ്രദാനം ചെയ്യുന്ന ഒരു സഞ്ചാരിയുടെ കഥയാണിത്. ഇപ്പോൾ ഉമ്മൻ ചാണ്ടിയുടെ ഭൗതികശരീരം പ്രകൃതിക്കും ജീവൻ പകരുന്ന അനുഭവം നാം കാണുന്നു. "മനുഷ്യാ നീ മണ്ണാകുന്നു, മണ്ണിലേക്കു തിരികെപ്പോകുക' എന്നു പറഞ്ഞു നമ്മൾ ഉമ്മൻ ചാണ്ടിയെ സംസ്കരിച്ചെങ്കിലും മരിച്ച ഉമ്മൻ ചാണ്ടി വർദ്ധിച്ച ശോഭയോടെ ജനഹൃദയങ്ങളിൽ നിലകൊള്ളുന്ന കാഴ്ച നമ്മൾ കാണുന്നു.

കേരളം വിട്ട് ആദ്യമായി ഡൽഹിയിൽ പ്രവർത്തിക്കാനെത്തിയപ്പോൾ 'താജ്മഹൽ' കണ്ടിട്ടുണ്ടോയെന്ന് ഒരു പത്രപ്രവർത്തകൻ ഒരു കുസൃതിചോദ്യം ഉമ്മൻ ചാണ്ടിയോട് ചോദിച്ചു. ജീവിതത്തിൽ മനുഷ്യന്റെ സൗന്ദര്യമല്ലാതെ ഭൂമിയുടെ സൗന്ദര്യമൊന്നും കണ്ടിട്ടില്ലാത്ത ഉമ്മൻ ചാണ്ടിയുടെ "ഇല്ല" എന്ന ഉത്തരം കേട്ടിട്ട് ആ പത്രപ്രവർത്തകൻ ഒന്നു ഞെട്ടി. താജ്മഹൽ കാണാതെ എങ്ങനെ ഡൽഹിയിൽ ജീവിക്കാനൊക്കും? ഉമ്മൻ ചാണ്ടി കാണാത്ത ആ താജ് മഹൽ കേരളത്തിലെ ജനഹൃദയങ്ങളിൽ ഇതാ, ഇപ്പോൾ ഉയർന്നു വന്നിരിക്കുന്നു. ഇന്ത്യക്കു ഇപ്പോൾ ആഗ്രയിലെ താജ്മഹൽ മാത്രമല്ല, കേരളത്തിലെ ജനലക്ഷങ്ങളുടെ ഹൃദയങ്ങളിലെ ഈ താജ്മഹൽ കൂടി ഉണ്ടായിട്ടുണ്ട്.

○




# മണിപ്പൂർ കലാപം : ഗോത്രപ്പകയോ അജണ്ടയോ ?

അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത

കഴിഞ്ഞ രണ്ടു മാസക്കാലത്തോളമായി തുടരുന്ന കലുഷിതമായ നാളുകൾക്ക് ശേഷം മണിപ്പൂർ ഇതുവരെയും സമാധാനപരമായ സാഹചര്യത്തിലേക്ക് മടങ്ങി വന്നിട്ടില്ലന്നുള്ളത് ആശങ്കാജനകമായവസ്തുതയാണ്. ക്രൈസ്തവ ഭൂരിപക്ഷ സമൂഹമായ കുക്കി ഗോത്രക്കാരാണ് വലിയൊരളവിൽ കലാപത്തിന്റെ വേദനക്കും നഷ്ടത്തിനും ഇരയായത് എന്നത് മാത്രമല്ല ഈ വിഷയത്തെ ഗോത്രവിഭാഗങ്ങൾ തമ്മിലുമുള്ള വൈരാഗ്യത്തിനപ്പുറം മതപീഡനത്തിന്റെ തലത്തിലേക്ക് കൊണ്ടെത്തിക്കുന്നത്. കുക്കിവിഭാഗത്തിന്റെ പള്ളികൾ, സ്ഥാപനങ്ങൾ, വീടുകൾ, കാർഷിക സംഭരണശാലകൾ തുടങ്ങി ഗ്രാമങ്ങൾ അപ്പാടെ തീവെച്ച് നശിപ്പിക്കപ്പെടുന്നതോടൊപ്പം മെയ്തി ഗോത്രത്തിലെ ന്യൂനപക്ഷമായ ക്രൈസ്തവരുടെ പള്ളികളും നശിപ്പിക്കപ്പെടുന്നു എന്നത് വംശീയതയുടെ മേലാപ്പുകൊണ്ട് കലാപത്തിന്റെ വർഗീയ സ്വഭാവത്തെ പൊതിഞ്ഞുവെയ്ക്കുവാനുള്ള നിക്ഷിപ്ത താലപര്യങ്ങളെ ന്യൂനപക്ഷങ്ങൾക്കിടെയിലെങ്കിലും നിഷ്ഫലമാക്കുന്നുണ്ട്. ലക്ഷക്കണക്കിന് ആളുകൾ പാലായനം ചെയ്യേണ്ടി വന്ന, മുന്നൂറിലധികം അഭയാർഥി ക്യാമ്പുകളിലായി അമ്പതിനായിരത്തിലധികം മനുഷ്യർ ഇന്നും കഴിയുന്ന, മുന്നൂറ്റമ്പതിലധികം പള്ളികളും സ്ഥാപനങ്ങളും അക്രമത്തിനിരയായി എന്ന് റിപ്പോർട്ട് ചെയ്യപ്പെട്ട, കലാപത്തിന്റെ യഥാർത്ഥ വ്യാപ്തി ഇതി ലും ഏറെ ആകാനാണ് സാധ്യത. തീവ്ര മെയ്തി സംഘടനകളായ അറംബായി ടെങ്കോൾ, മെയ്തി ലീപൂൺ എന്നിവയാണ് പ്രത്യക്ഷത്തിൽ ആക്രമണങ്ങൾ നടത്തുന്നതെങ്കിലും, വംശഹത്യയ്ക്കും മതസ്പർദ്ധക്കും വളം വെക്കുന്ന പ്രസംഗങ്ങളിലൂടെ ഈ സംഘടനകളെ സായുധരാക്കി മനുഷ്യക്കുരുതിക്ക് കളമൊരുക്കുന്നവർക്ക് കേവലം വംശീയതയ്ക്കപ്പുറം വ്യക്തമായ പദ്ധതികളും രാഷ്ട്രീയ ലക്ഷ്യങ്ങളുമുണ്ട്. ഭരണകൂടത്തിന്റെയും ഭരണസംവിധാനത്തിന്റെയും പരാജയം എന്നതിനപ്പുറം അവർ നൽകിയ മൗനാനുവാദമാണ് ഈ കലാപത്തെ ഇത്രമേൽ തീവ്രമാക്കിയത്.

കുക്കി വംശത്തിനു നേരെയുള്ള സായുധവും സംഘടിതവുമായ ആക്രമണങ്ങൾ തടയുവാൻ ഇന്ത്യൻ സൈന്യം ഇടപെടണമെന്നതായിരുന്നു മണിപ്പൂർ ട്രൈബൽ ഫോറത്തിന്റെ പ്രധാന ആവശ്യം. പക്ഷെ സംസ്ഥാന ഭരണകൂടത്തിലും പോലീസിലുമുള്ള വിശ്വാസം നഷ്ടപെട്ട ഒരു ജനതക്ക്, സൈന്യത്തിന്റെ സാന്നിധ്യം പോലും സുരക്ഷ ഉറപ്പാക്കുവാൻ മതിയാവുന്നില്ല എന്നതാണ് സത്യം. അതിർത്തി പ്രദേശങ്ങളിൽ രാജ്യസുരക്ഷയ്ക്ക് കൈക്കൊള്ളുന്ന നടപടികൾ, തങ്ങൾ ആക്രമണങ്ങൾക്ക് ഇരയാകേണ്ടി വന്നാൽ പോലും സ്വന്തം പൗരന്മാർക്കെതിരെ സ്വീകരിക്കുവാൻ കഴിയില്ല എന്ന വസ്തുതയാണ് യഥാർത്ഥത്തിൽ മണിപ്പൂരിലെ സൈനികസാന്നിധ്യം ഫലവത്താകാതെ പോയതിന്റെ ഒരു കാരണം.

സംസ്ഥാനത്ത് നിലനി

ൽക്കുന്ന പ്രത്യേക രാഷ്ട്രീയ സാഹചര്യം പൂർണ സൈനീക നടപടികളെ തടയുമെന്ന് കലാപകാരികൾക്കും വ്യക്തമായി അറിയാം. തങ്ങൾക്കെതിരെ സൈനീക നടപടികൾ തുടങ്ങുമ്പോൾ സ്ത്രീകളെയും കുട്ടികളെയും കവചമാക്കി പ്രതിരോധം തീർക്കുന്ന രീതിയാണ് തീവ്ര മെയ്തി വിഭാഗം തുടരുന്നത്. അതിനാലാണ് ദൗത്യ നിർവഹണത്തിലൂടെ ജനങ്ങളെ സംരക്ഷിക്കുവാൻ തങ്ങളെ അനുവദിക്കുന്നില്ലെന്ന് ഇന്ത്യൻ സൈന്യത്തിന് പ്രസ്താവന ഇറക്കേണ്ടി വന്നത്.

വികസന കാര്യത്തിൽ പർവത-സമതല മേഖലകൾക്കിടയിൽ നിലനിൽക്കുന്ന അസന്തുലിതാവസ്ഥയായാണ് മണിപ്പൂരിലെ നാഗാ, കുക്കി, ചിൻ, മിസോ ഗോത്രക്കാരുടെ അസംതൃപ്തിക്ക് കാരണം. 2015-2020 കാലഘട്ടത്തിൽ വിവിധ പദ്ധതികളിലായി 22000 കോടി ചിലവഴിച്ചതിൽ 500 കോടി മാത്രമാണ് പർവ്വത മേഖലയിൽ ജീവിക്കുന്ന ജനവിഭാഗങ്ങൾക്കായി മാറ്റിവെച്ചതെന്ന, ഒരു നിയമസഭാ അംഗത്തിന്റെ പ്രസ്താവന തന്നെ ഈ അന്തരം വ്യക്തമാക്കുന്നു. ഗോത്രവർഗക്കാർ ഭൂരിപക്ഷമായ പർവ്വത- വന പ്രദേശങ്ങൾ, മെയ്തി സമൂഹം പോലെ താരതമ്യേന മികച്ച സാമൂഹിക ജീവിത സാഹചര്യങ്ങളുള്ള വിഭാഗത്തിനായി വിട്ടുകൊടുക്കുവാൻ കുക്കി, നാഗാ പോലുള്ള ഗോത്രങ്ങൾ തയ്യാറല്ല. അതുകൊണ്ട് തന്നെ പാർപ്പിടം കൃഷി എന്നിവയ്ക്ക് വേണ്ടി കൂടുതൽ ഭൂമി ആവശ്യമുള്ള ഭൂരിപക്ഷ ഗോത്രങ്ങൾക്ക് ന്യൂനപക്ഷ ഗോത്രങ്ങളോട് ശത്രുതാമനോഭാവമാണ്. ഈ ശത്രുതാ മനോഭാവം തന്നെയാണ് സംഭവിച്ചുകൊണ്ടിരിക്കുന്ന കലാപങ്ങൾ മറ്റു ഗോത്രങ്ങളെ ഉന്മൂലനം ചെയ്ത്, അവരുടെ ഭൂമി കയ്യടക്കുവാനുള്ള ഭൂരിപക്ഷ ഗൂഢാലോചനയാണെന്ന വാദം ഉയരുവാൻ കാരണം. ഈ ശത്രുതാ മനോഭാവത്തോട് രാഷ്ട്രീയവും മതവും കൂട്ടി കലർത്തി അന്തരീക്ഷം വിഷലിപ്തമാക്കുന്നതാണ് മണിപ്പൂരിൽ കാണുന്നത്.

പട്ടിക വിഭാഗത്തിൽ ഉൾപെടാത്തതിനാൽ ഇംഫാൽ പോലുള്ള താഴ്വര പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് ഗിരിവർഗ്ഗ വിഭാഗത്തിന്റെ കൈവശമുള്ള വനഭൂമിയിൽ അവകാശം ലഭിച്ചിരുന്നില്ല. അതിനാൽ വിവിധ രാഷ്ട്രീയ കക്ഷികളുടെയും സംഘടനകളുടെയും പിന്തുണയോടെ മെയ്തി വംശക്കാർ പട്ടിക വർഗ്ഗ പദവി നേടുവാനുള്ള ശ്രമങ്ങൾ നേരത്തെ തന്നെ ആരംഭിച്ചിരുന്നു. ഇക്കാര്യത്തിലുണ്ടായ സുപ്രധാന നടപടിയാണ് മണിപ്പൂർ ഹൈക്കോടതി ആക്ടിങ് ചീഫ് ജസ്റ്റിസായ ജസ്റ്റിസ്. മുരളീധരൻ പുറപ്പെടുവിച്ച ഉത്തരവ്. മെയ്തി വിഭാഗത്തെ പട്ടിക വർഗ്ഗ ലിസ്റ്റിൽ ഉൾപെടുത്താൻ കേന്ദ്ര സർക്കാരിനോട് നാലാഴ്ചക്കകം ശുപാർശ ചെയ്യുവാൻ സംസ്ഥാന സർക്കാരിന് നിർദ്ദേശം നൽകുന്നതായിരുന്നു പ്രസ്തുത ഉത്തരവ്. ഇതിൽ പ്രതിഷേധിച്ച് ഓൾ ഇന്ത്യ ട്രൈബൽ സ്റ്റുഡന്റസ് യൂണിയൻ മണിപ്പൂരിന്റെ നേതൃത്വത്തിൽ 2023 മെയ് 03 ന് നടത്തിയ പ്രതിഷേധ പ്രകടനത്തിന് നേരെ ഉണ്ടായ ആക്രമണങ്ങളോടെയാണ് കലാപം ആരംഭിക്കുന്നത്.

കുക്കി വംശജർക്കും സംസ്ഥാന സർക്കാരിനുമിടയിൽ കഴിഞ്ഞ കുറെ നാളുകളായി നിലനിന്നിരുന്ന അസ്വാരസ്യങ്ങൾ ഈ കലാപത്തിന്റെ ആക്കം കൂട്ടി എന്ന് തന്നെ പറയാം. വനപ്രദേശങ്ങളെ സംരക്ഷിത മേഖലകളെന്നും വന്യജീവി സങ്കേതങ്ങളെന്നും മറ്റും തരംതിരിക്കുവാനുള്ള സർവ്വേകളും, അതിന്റെ അനന്തര നടപടിയായി വനപ്രദേശങ്ങളിലെ കുക്കി ഗ്രാമങ്ങൾ ഒഴിപ്പിച്ചതും സംസ്ഥാന സർക്കാരിനെയും കുക്കി വിഭാഗത്തെയും വിരുദ്ധ ചേരികളിലാക്കിയിട്ടുണ്ട്. കുക്കി അധിവാസ പ്രദേശങ്ങളിലെ കറുപ്പ് കൃഷിയും ഈ ബന്ധം വഷളാകുവാൻ കാരണമാണ്. താഴ്‌വരകളിലെ ജലക്ഷാമത്തിനു കാരണം വനനശീകരണമാണെന്ന ആരോപണം കുക്കി വംശജരെ പൊതുസമൂഹത്തിനു മുൻപിൽ പ്രതിസ്ഥാനത്താക്കി. എന്നാൽ ജലദൗർലഭ്യത്തിന്റെ പ്രധാന കാരണമായ, വന പ്രദേശങ്ങളിലെ അനധികൃത ഖനനങ്ങൾക്ക് നേരെ സർക്കാർ കണ്ണടച്ചത് കുക്കി വംശജരെ പൊതുമധ്യത്തിൽ പ്രതികളാക്കുവാനുള്ള ആസൂത്രിതമായ നീക്കമായിരുന്നു. കറുപ്പ് കർഷകരെന്നും മയക്കുമരുന്ന് കച്ചവടക്കാരെന്നും, മ്യാന്മറിൽ നിന്നുള്ള അനധികൃത കുടിയേറ്റക്കാരെന്നും പരസ്യമായി ആക്ഷേപിച്ച്, കുക്കി വംശത്തെ അപരവത്കരിക്കുകയും അതിലൂടെ ഭൂരിപക്ഷ പ്രീണനം നടത്തി മെയ്തി വംശജരുടെ പിന്തുണ നേടുക എന്ന അജണ്ടയുടെ ഭാഗമാണെന്നുമാണ് ഗിരിവർഗ്ഗക്കാർ ആരോപിക്കുന്നത്.

മെയ്തി വംശജരെ പ്രകോപിപ്പിച്ച പ്രധാന സംഗതികളിലൊന്ന്, 2023 ഏപ്രിൽ മാസത്തിൽ മെയ്തി വംശജരുടെ വിശ്വാസത്തെയും ആചാരങ്ങളേയും അവഹേളിച്ചുകൊണ്ട് ഒരു ക്രിസ്ത്യൻ പാസ്റ്റർ നടത്തിയ പ്രസംഗമാണ്. ഈ സംഭവത്തെ തുടർന്ന്, എന്ത് വിലകൊടുത്തും തങ്ങളുടെ വിശ്വാസാചാരങ്ങളെ സംരക്ഷിക്കുവാൻ മുന്നിട്ടിറങ്ങുമെന്ന് തീവ്ര മെയ്തി ചിന്താഗതിയുള്ള സംഘടനകൾ പ്രതിജ്ഞയെടുത്തു.

അക്രമ സാഹചര്യങ്ങളുണ്ടാകുമ്പോൾ സമാധാനവും സാന്ത്വനവും നീതിയും പകരേണ്ട ഭരണകൂടവും പൊതുസമൂഹവുമൊക്കെ മൗനം അവലംബിക്കുന്നതും അവഗണനാ മനോഭാവം പുലർത്തുന്നതും ഫലത്തിൽ അക്രമകാരികൾക്ക് പക്ഷം പിടിക്കുന്നതിനു തുല്യമാണ്. ഈ രാജ്യത്തെ അതിന്റെ ചരിത്രത്തിലെ ഏറ്റവും ഇരുണ്ട കാലഘട്ടത്തിലേക്ക് തള്ളിവിടാൻ ശ്രമിച്ചവരുടെ സംരക്ഷകരായി ചരിത്രം അവരെ വിലയിരുത്തുമെന്നതിൽ സംശയമില്ല. വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലുള്ളവരെ മുഴുവൻ വിഘടനവാദികളായി ഗണിക്കുന്ന അഭിനവ രാജ്യസ്നേഹികൾക്ക്, അവർ പരസ്പരം കലഹിച്ച് മരിക്കുന്നത് അത്രകണ്ട് ആശങ്ക സൃഷ്ടിക്കുന്ന ഒരു വിഷയമല്ല. തങ്ങൾ സ്വപ്നം കാണുന്ന ഒരു രാഷ്ട്രത്തിൽ ഇടമില്ലാത്തവർ ഇല്ലാതാകുന്നത് അവർക്ക് വേദനയുണ്ടാക്കുന്നുമില്ല. ജോർജ്ജ് ഫ്ലോയിഡ് എന്ന ഒറ്റ മനുഷ്യന്റെ മരണം, ഇപ്പോഴും തുടരുന്ന വംശീയതയുടെ പേരിൽ അമേരിക്കയെ മുഴുവൻ പിടിച്ചുകുലുക്കിയെങ്കിൽ, ഇവിടെ നൂറുകണക്കിന് മനുഷ്യർ കൊല്ലപ്പെട്ടിട്ടും നിലപാടുള്ള പ്രതികരണങ്ങൾ ഉണ്ടാകുന്നില്ലെങ്കിൽ, നമ്മുടെ രാജ്യത്ത് ജനാധിപത്യം കേവലം തിരഞ്ഞെടുപ്പ് പ്രക്രിയ കൊണ്ട് അവസാനിച്ചു പോകുന്നു എന്ന് വ്യക്തമാവുകയാണ്. ഏകാധിപത്യ പ്രവണതയിൽ ഉരുവാകുന്ന ഭയം നമ്മെയും പിടികൂടിയിരിക്കുന്നു എന്ന് വേണം അനുമാനിക്കാൻ.

മറ്റു വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ പോലെ മണിപ്പൂരിലും കഴിഞ്ഞ നൂറ്റാണ്ടിൽ ക്രിസ്തുമതത്തിനുണ്ടായ വലിയ വളർച്ച ചിലരിൽ അസഹിഷ്ണുതയുടെ വിത്തുപാകി എന്ന് വേണം കരുതാൻ. അത് പലപ്പോഴും

ശേഷം 48-ാം പേജിൽ...

# മണിപ്പൂർ
## വെറുമൊരു ദുരന്തമല്ല, അതൊരു പാഠമാണ്...

**സന്തോഷ് കോശി ജോയ്, ഡൽഹി**

മണിപ്പൂരിന്റെ അർത്ഥം രത്നഭൂമി എന്നാണ്. രത്ന ഭൂമിയെ രക്തം പുരണ്ട ഭൂമിയാക്കി മാറ്റാനുള്ള ഗൂഢാലോചന നമ്മുടെ തലമുറയുടെ ദുഃഖകഥയാണ്.

ഉയർന്ന ജാതിക്കാരായ മെയ്റ്റികളും ഗോത്രവർഗ കുക്കികളും തമ്മിലുള്ള പരമ്പരാഗത മത്സരത്തിന്റെ ഒരു ഫ്ലാഷ് പോയിന്റായി പലരും മണിപ്പൂരിലെ അക്രമത്തെ സുഖകരമായി തുടച്ചുനീക്കുമ്പോൾ, സത്യം അതിലും കൂടുതലാണ്.

ഈ വർഷം മെയ് ആദ്യവാരം ആരംഭിച്ച അക്രമം ഏറെ നാളത്തെ വൈരാഗ്യത്തിന്റെയും രാഷ്ട്രീയ ഭിന്നതയുടെയും ഫലമായിരുന്നു. മണിപ്പൂരിൽ വലതുപക്ഷ സർക്കാർ വന്നതോടെ കഴിഞ്ഞ ഏതാനും വർഷങ്ങളായി ഉയർന്ന ജാതിക്കാരായ മെയ്തേയ് അക്രമവും അതിന്റെ ഭാഷാ വിദ്വേഷവും ഗണ്യമായി വർദ്ധിച്ചു. ഇന്ന് നമ്മൾ മാധ്യമങ്ങളിൽ കാണുന്നതെന്തും, പ്രത്യേകിച്ച് കുക്കി സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ, രാഷ്ട്രീയമായി സംരക്ഷിക്കപ്പെടുന്ന ഈ വിദ്വേഷ രാഷ്ട്രീയത്തിന്റെ ഫലമാണ്.

മണിപ്പൂർ മുഖ്യമന്ത്രിക്ക് പ്രവർത്തിക്കാനും, ബഹുമാനപ്പെട്ട ഇന്ത്യൻ പ്രധാനമന്ത്രി സംസാരിക്കാനും ഒരു വൈറൽ വീഡിയോ ആവശ്യമാണെന്നതിൽ നാമെല്ലാവരും രോഷാകുലരാണ്. കാങ്പോക്പി ജില്ലയിലെ കുക്കി സ്ത്രീകൾക്ക് നേരെ നടന്ന അവിശ്വസനീയമായ ക്രൂരത ഞെട്ടിക്കുന്നതാണ്. വടക്കുകിഴക്കൻ സംസ്ഥാനമായ മണിപ്പൂരിൽ നടന്നുകൊണ്ടിരിക്കുന്ന അക്രമത്തെക്കുറിച്ച് 75 ദിവസത്തെ കാതടപ്പിക്കുന്ന നിശബ്ദതയ്ക്ക് ശേഷം, എല്ലാവരും പെട്ടെന്ന് ഉണർന്നതായി തോന്നുന്നു.

നിരവധി ഗൂഢാലോചന സിദ്ധാന്തങ്ങളും ഇപ്പോൾ പങ്കുവെക്കുന്നുണ്ട്. മേതിസിനുള്ള ആദിവാസികളുടെ അവകാശത്തെക്കുറിച്ചുള്ള സംസാരം ആദിവാസികളുടെ ഭൂമി താഴ്വരക്കാർക്ക് വാങ്ങാമെന്ന് ഉറപ്പാക്കാനുള്ള ഒരു മാർഗമാണെന്ന് ചിലർ പറയുന്നു. മണിപ്പൂരിലെ മലനിരകളിൽ ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ അമൂല്യ ധാതുക്കൾ കണ്ടെത്തിയതായും ആദിവാസി മേഖലയിലെ ശക്തമായ സംഘടനാ ശക്തിയായ സഭ ഈ കുന്നുകളിൽ ഖനനം ഉറപ്പാക്കാൻ വലിയ തടസ്സമാണെന്നും റിപ്പോർട്ടുകളുണ്ട്. അതിനാൽ, സഭയെ ദുർബലപ്പെടുത്തുക എന്നത് ഒരു സിദ്ധാന്തമാണ്. ഫാദർ സ്റ്റാൻ സ്വാമിക്കെതിരെയുള്ള ഭരണകൂട അതിക്രമങ്ങൾക്ക് കാരണം ഖനന മാഫിയയ്ക്കെതിരെ ആദിവാസികളെ സംഘടിപ്പിക്കുന്നതിൽ അദ്ദേഹം വഹിച്ച പങ്ക് കൊണ്ടാണെന്നും ആരോപിക്കപ്പെടുന്നു.

2023 ജൂൺ മധ്യത്തിൽ മണിപ്പൂരിലെ 550 പൗരന്മാർ ലൈംഗികാതിക്രമങ്ങളുടെ കണക്കുകൾ അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് ഒരു പ്രസ്താവന ഇറക്കി. സ്ത്രീകളുടെ അവകാശ പ്രവർത്തകരുടെ ഒരു വസ്തുതാന്വേഷണ സംഘം 2023 ജൂൺ അവസാനം മണിപ്പൂർ സന്ദർശിക്കുകയും നിരവധി സ്ത്രീകൾ ലൈംഗികാതിക്രമങ്ങൾ അനുഭവിച്ചതായി റിപ്പോർട്ട് ചെയ്യുകയും ചെയ്തു.

സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ അന്വേഷിക്കുകയും കുറ്റവാളികൾക്കെതിരെ പ്രവർത്തിക്കു













കയും ചെയ്യുന്നതിനുപകരം, സംസ്ഥാനത്തിന്റെയും രാഷ്ട്രത്തിന്റെയും താൽര്യങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നുവെന്ന് ആരോപിച്ച് മണിപ്പൂർ സംസ്ഥാനവും പോലീസും മലയാളി രാഷ്ട്രീയ നേതാവ് ആനി രാജ ഉൾപ്പെട്ട വസ്തുതാന്വേഷണ സംഘത്തിനെതിരെ തന്നെ എഫ്ഐആർ ഫയൽ ചെയ്തു.

മണിപ്പൂരിന്റെ കാര്യത്തിൽ ഇന്ത്യയിലെ എല്ലാ സ്ഥാപനങ്ങളും പരാജയപ്പെട്ടു എന്നതാണ് ഈ സമയത്ത് നാം ആശങ്കപ്പെടേണ്ടത്. ദേശീയ വനിതാ കമ്മീഷൻ, ദേശീയ മനുഷ്യാവകാശ കമ്മീഷൻ, പട്ടികജാതി-പട്ടികവർഗ ദേശീയ കമ്മീഷൻ - രണ്ട് മാസത്തെ അക്രമത്തിന് ശേഷം സംസ്ഥാനം സന്ദർശിച്ച് ഈ കുറ്റകൃത്യങ്ങൾ രേഖപ്പെടുത്തുന്നത് അനുയോജ്യമാണെന്ന് ഇരുവരും കണ്ടെത്തിയില്ല.

മണിപ്പൂരിൽ സ്ത്രീകൾക്കും ന്യൂനപക്ഷ ഗോത്രവർഗക്കാർക്കും എതിരായ അതിക്രമങ്ങളുടെ വ്യാപ്തി പരിശോധിക്കാൻ ഒരു സ്വതന്ത്ര അന്വേഷണ സമിതി രൂപീകരിക്കാൻ ഇന്ത്യൻ സുപ്രീം കോടതിയിൽ മാത്രമാണ് ഇപ്പോൾ ഏക പ്രതീക്ഷ.

സ്ഥാപനത്തിന്റെ പിന്തുണയില്ലാതെ ഈ കൊച്ചു സംസ്ഥാനത്ത് അക്രമം സാധ്യമാകുമായിരുന്നില്ല എന്നതിൽ സംശയമില്ല. മണിപ്പൂരിലെ ന്യൂനപക്ഷങ്ങളുടെ ഇന്നത്തെ ദുരവസ്ഥയെ ഏകദേശം 20 വർഷം മുമ്പ് ഗുജറാത്തിലെ മുസ്ലീങ്ങളുടെ അവസ്ഥയുമായി താരതമ്യം ചെയ്യാൻ മാധ്യമപ്രവർത്തകരിൽ പലരും വാചാലരായിട്ടുണ്ട്. ഗുജറാത്തിലെ ക്രൂരമായ അക്രമങ്ങൾക്ക് ഇതുവരെ ഒരു വിഭാഗവും ഉത്തരവാദികളായിട്ടില്ലെന്നും ജയിലിൽ കഴിയുന്നവർ പരോൾ ആസ്വദിക്കുകയാണെന്നും നമുക്കെല്ലാവർക്കും അറിയാം.

മണിപ്പൂർ സംസ്ഥാനവും കേന്ദ്രസർക്കാരും ഒരുപോലെ ഭരിക്കുന്നവരാണ് മണിപ്പൂരിൽ ഇന്ന് നടക്കുന്ന സംഭവങ്ങൾക്ക് പിന്നിൽ എന്ന് വിശ്വസിക്കാൻ ശക്തമായ കാരണങ്ങളുണ്ട്. ഇല്ലെങ്കിൽ, ആരാണ് യഥാർത്ഥ കുറ്റവാളികൾ എന്ന് മനസിലാക്കാൻ അന്വേഷണം നടത്തണം. രാഷ്ട്രീയ നിരീക്ഷകരും സാമൂഹിക ശാസ്ത്രജ്ഞരും മനുഷ്യാവകാശ സംരക്ഷകരും മണിപ്പൂരിൽ എന്താണ് സംഭവിക്കുന്നതെന്ന് ആശങ്കപ്പെടുന്നവരുമെല്ലാം അവരുടെ നിഗമനത്തിൽ ഏകകണ്ഠവും അസന്ദിഗ്ദ്ധവുമാണ്. ഭരണവർഗത്തിന്റെ നിശ്ശബ്ദതയും നിഷ്ക്രിയത്വവും അതിന്റെ സാധ്യമായ ഇടപെടലിന്റെ വ്യക്തമായ സൂചനയാണ്.

കുക്കികൾക്കെതിരായ അക്രമത്തിൽ പ്രയോഗിച്ച തന്ത്രങ്ങൾ വളരെ ആശങ്കാജനകമാണ്. ആക്രമണകാരികൾക്ക് അവരുടെ ലക്ഷ്യം പൂർത്തീകരിക്കാൻ സമയം നൽകുന്നതിന് മെയ്തേയ് സ്ത്രീകൾ സുരക്ഷാ സേനയെ തടയും. സമാധാനത്തിന് നിർണായക പങ്ക് വഹിക്കാൻ കഴിയുന്ന സ്ത്രീകളെ മനുഷ്യകവചമായി ഉപയോഗിക്കുന്നത് സങ്കടകരമാണ്. ന്യൂനപക്ഷ ഗോത്രങ്ങളെ താഴ്‌വരയിൽ നിന്ന് പരമാവധി അകറ്റാനുള്ള ആസൂത്രിത ആക്രമണങ്ങളാണിവയെന്ന് ഭയപ്പെടുന്നു.




മറ്റൊരു ദുഃഖകരമായ ഭാഗം പ്രാദേശിക ഭരണകൂടത്തിന്റെ പങ്ക് ആണ്. സംസ്ഥാന സർക്കാരിന്റെ സമ്മതമില്ലാതെ പോലീസ് സ്റ്റേഷനുകൾ മെയ്തിക്കാർ റെയ്ഡ് ചെയ്യുകയും ആയുധങ്ങൾ ഏറ്റെടുക്കുകയും ചെയ്യുന്നത് നിങ്ങൾക്ക് സങ്കൽപ്പിക്കാനാകുമോ? അധികാരികളുടെ ഈ കർത്തവ്യനിർവ്വഹണവും ക്രിമിനൽ ആഹ്ലാദവും മറയ്ക്കാൻ, ആയുധങ്ങളും തോക്കുകളും അവരുടെ 'ഉപയോഗത്തിന്' ശേഷം പോലീസിന് തിരികെ കൈമാറാൻ ഇംഫാൽ പട്ടണത്തിൽ പെട്ടികൾ സ്ഥാപിക്കുന്നു.



ഇംഫാലിൽ താമസിക്കുന്ന ലെഫ്റ്റനന്റ് ജനറൽ എൽ നിഷികാന്ത സിങ്ങിന്റെ (റിട്ടയേർഡ്) ഒരു ട്വീറ്റ് വളരെ വെളിപ്പെടുത്തുന്നതാണ്. അദ്ദേഹം എഴുതുന്നു, 'ഞാൻ വിരമിച്ച ജീവിതം നയിക്കുന്ന മണിപ്പൂരിൽ നിന്നുള്ള ഒരു സാധാരണ ഇന്ത്യക്കാരനാണ്. സംസ്ഥാനം ഇപ്പോൾ 'രാജ്യരഹിതമാണ്'. ലിബിയ, ലെബനൻ, നൈജീരിയ, സിറിയ തുടങ്ങിയ രാജ്യങ്ങളിലെന്നപോലെ ജീവനും സ്വത്തും ആർക്കും എപ്പോൾ വേണമെങ്കിലും നശിപ്പിക്കാം. ആരെങ്കിലും കേൾക്കുന്നുണ്ടോ?' ഇംഫാലിൽ ആൾക്കൂട്ടം കേന്ദ്രമന്ത്രി ആർ.കെ. രഞ്ജൻ സിങ്ങിന്റെ വീടിന് തീയിട്ടതിന് തൊട്ടുപിന്നാലെയാണ് അദ്ദേഹത്തിന്റെ ട്വീറ്റ്.



മണിപ്പൂരിൽ അക്രമം ആരംഭിച്ചപ്പോൾ രാഷ്ട്രീയക്കാർ കർണാടക തിരഞ്ഞെടുപ്പിന്റെ പ്രചാരണ തിരക്കിലായിരുന്നു. നിർഭാഗ്യവശാൽ, നമ്മുടെ നേതാക്കൾക്ക് തെരഞ്ഞെടുപ്പിൽ വിജയിക്കുന്നത് ജനങ്ങളുടെ ജീവൻ രക്ഷിക്കുന്നതിനേക്കാൾ പ്രധാനമാണ്. ഇന്റർനെറ്റ് സ്വിച്ച് ഓഫ് ചെയ്തും മാധ്യമങ്ങളെ നിയന്ത്രിച്ചും മണിപ്പൂരിൽ നിന്നുള്ള വാർത്തകൾ മറച്ചുപിടിക്കാൻ കേന്ദ്രസർക്കാർ ശ്രമിച്ചപ്പോൾ, മണിപ്പൂർ കത്തിക്കയറുമ്പോൾ പ്രതിപക്ഷവും പ്രചാരണത്തിൽ മുഴുകി.

പൗരന്മാർ എന്ന നിലയിൽ നമ്മൾ ജാഗ്രത പുലർത്തിയില്ലെങ്കിൽ ഭാവിയിൽ വരാനിരിക്കുന്നതിന്റെ തിരനോട്ടം ആണ് മണിപ്പൂരിൽ ഇന്ന് നടക്കുന്നത്. ഇന്ത്യക്കാരും പ്രത്യേകിച്ച് ക്രിസ്ത്യാനികളും ഉറക്കത്തിൽ നിന്ന് ഇപ്പോൾ ഉണരുകയും സ്വകാര്യ സമ്പത്തിനും അവരുടെ മക്കളുടെ കരിയർ വിജയത്തിനും അപ്പുറം ചിന്തിക്കുകയും വേണം. അധികം വൈകുന്നതിന് മുമ്പ് നമ്മൾ നമ്മുടെ സാമൂഹിക ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കണം. മണിപ്പൂർ കത്തുകയാണ്, എത്രയും വേഗം തീ അണയ്ക്കണം. നമ്മുടെ സുന്ദരമായ മാതൃഭൂമി ഒരിക്കലും സാമുദായികവും വിഭാഗീയവുമായ അക്രമങ്ങളിലേക്ക് തള്ളിവിടപ്പെടുന്നില്ലെന്ന് ഉറപ്പാക്കുകയും വേണം.

*(ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന മുതിർന്ന പത്രപ്രവർത്തകനാണ് ലേഖകൻ)*

# വചനാമൃതം



ഫാ. ജോൺ ടി. വർഗ്ഗീസ് കുളക്കട

**2023 ആഗസ്റ്റ് 20 ഞായർ**
**വചനിപ്പു പെരുന്നാളിനു ശേഷം ഒന്നാം ഞായർ**
വി. ലൂക്കോസ് 10:35-46

യറുശലേമിലേക്കുള്ള ഒരു യാത്രയുടെ മദ്ധ്യേ സംഭ രിപ്പാനിരിക്കുന്ന കഷ്ടാനുഭവങ്ങളെക്കുറിച്ച് കർത്താവ് പന്തിരുവരോട് കല്പിക്കുന്ന വേദഭാഗത്തെ തുടർന്ന് സെബദിമക്കൾ മഹത്വത്തിൽ ഇടത്തും വലത്തുമുള്ള ഇടം ചോദിക്കുന്നതും കർത്താവ് അതിനു നൽകുന്ന ശ്രദ്ധേയമായ മറുപടിയും പ്രാധാന്യത്തോടെ വിവരിച്ചി രിക്കുന്ന വേദഭാഗമാണിത്.

**ഒറ്റപ്പെട്ടു സ്വർഗം തേടുന്നവർ- ആത്മീക ജീവിതത്തിന്റെ ദുരന്തം**

പന്ത്രണ്ടു പേർ ഒരു കൂട്ടമായി ഒരേ ആത്മാവോടെ സഞ്ചരിച്ചവർ അതിൽ രണ്ടു പേർ യാക്കോബും യോ ഹന്നാനും മഹത്വത്തിൽ ഇടത്തും വലത്തും മുൻഗണന ചോദിക്കുന്നു. ശേഷമുള്ള പത്തുപേർ പരിഗണനാ വിഷയമല്ല. ആത്മീകരെന്നു കരുതുന്ന മനുഷ്യരിൽ നാം കാണുന്ന തികഞ്ഞ സ്വാർത്ഥതയുടെ നിറഭേദ ങ്ങൾ വൈകൃതം നിറഞ്ഞ കാഴ്ചയാണ്. അപരബോധ മില്ലാത്ത ആത്മബോധമാണ് സെബദിമക്കളുടെ പ്രതിസ ന്ധി. 'ubuntu' എന്ന ദക്ഷിണാഫ്രിക്കൻ ദൈവശാസ്ത്രം എത്ര വിനയാന്വിതമാണ്. ഞാൻ ഞാനായിരിക്കുന്നത് നിങ്ങളുള്ളതുകൊണ്ടാണ് എന്നാണീ പദത്തിൽ അർത്ഥം. നാം നമ്മുടെ പ്രിയപ്പെട്ടവരോടും പരിസരങ്ങളോടും പ റയേണ്ട പദമാണിത്. ഞാൻ മാത്രമുള്ള സ്വർഗത്തേക്കാൾ എന്റെ കൂടെയുള്ളവരും കൂടിയുള്ള സംഘമാണ് മനോ ഹരം. പ്രളയത്തെ പെട്ടകത്താൽ ജയിച്ച നോഹയെ നോക്കൂ. പ്രളയത്തെക്കുറിച്ച് പ്രസംഗിപ്പാൻ ദൈവം നോഹ യോട് ഒരു സമയത്തും ആവശ്യപ്പെടുന്നതായി ഉല്പത്തി യിൽ കാണുന്നില്ല. എന്നാൽ 2 പത്രോസ് 2:5 ൽ നോഹയെ നീതിപ്രസംഗി എന്നു വിളിക്കുന്നു. ജനത്തിന്റെ ഇടയിലെ ദുർമാർഗജീവിതം കണ്ട് ഹൃദയഭാരത്താൽ നോഹ അവ രുടെ ഇടയിൽ സൻമോർഗോപദേശം നൽകി. ആരും ചെവി ക്കൊണ്ടില്ല എന്നു മാത്രം. ഞാനും എന്റെ വീട്ടിലെ ഏഴു പേരും എന്നതിനപ്പുറം ഒരു രക്ഷാചിന്ത നോഹയ്ക്കുണ്ടാ യിരുന്നു. ഓർത്തഡോക്സ് ആരാധനാനുഭവങ്ങളിലൊന്നും 'ഞാനില്ല' 'ഞങ്ങൾ' മാത്രമേയുള്ളുവെന്നത് എത്രമാത്രം വെട്ടമുള്ള അനുഭവമാണ്. ഒരിക്കൽ ആഫ്രിക്കയിലെ ഒരു ദരിദ്രവിഭാഗമായ ഗോത്രവർഗ്ഗക്കാരുടെ അത്ര നന്നായി ഭക്ഷണമൊന്നും കിട്ടാത്ത കുറെ കുട്ടികളുടെ ഇടയിൽ പു റത്തുനിന്നെത്തിയ സഞ്ചാരി ഒരു ഓട്ടമത്സരം നടത്തി. ഒരു കുട്ട നിറയെ ആപ്പിൾ മലഞ്ചരിവിൽ വച്ച് ആദ്യം ഓടിവരുന്ന വർക്ക് അത് സ്വന്തമാക്കുവാൻ വിസിലടിച്ചിട്ടും ആരും ഓടി യില്ല. കുട്ടികൾ സന്ദേഹത്തിലാണ് എന്തിനാണ് ഒരാൾക്ക് ഒരു കുട്ട ആപ്പിൾ?

നമ്മൾ ശിരസ്സിൽ സൂക്ഷിക്കുന്നത് കണക്കാണോ? കവി തയാണോ? കണക്കു കുറയുന്നതനുസരിച്ച് ജീവിതത്തിന്റെ ഭക്തി കൂടും.

The Music we heared together is more than music
The bread we broke together is more than bread

**മൽസരക്കാർക്ക് മഹത്വത്തിലിടമില്ല.**

മഹത്വത്തിന്റെ രാജ്യത്തിൽ മുന്തിയ ഇടങ്ങൾ ചോദി ക്കുന്ന യാക്കോബിനോടും യോഹന്നാനോടും ശേഷമുള്ള വർക്ക് ഈർഷ്യ തോന്നിത്തുടങ്ങുന്നു. യേശുക്രിസ്തു, മനു ഷ്യപുത്രൻ ശുശ്രൂഷിക്കപ്പെടുവാനല്ല ശുശ്രൂഷിക്കാനാണ്. ജീവനെ മറുവിലയായി നൽകാനാണ് വന്നിരിക്കുന്നത് എന്ന ദൗത്യപ്രഖ്യാപനം ഈ പശ്ചാത്തലത്തിലാണ് നൽകുന്നത്. ദൈവാലയത്തിലെ പരീശന്റെ പ്രാർത്ഥനയിൽ വെറുതെ ചുങ്കക്കാരനെ പ്രതിചേർത്തു എന്നതായിപ്പോയി ഏറ്റവും വലിയ അപരസം. മനുഷ്യനോളം പഴക്കമുണ്ട് അവന്റെ മത്സരങ്ങൾക്ക്. കായേൻ നമ്മെ ഓർമ്മിപ്പിക്കുന്നു. മാതാ പിതാക്കൾ മത്സരങ്ങളോട് ചേർന്ന് നടക്കാൻ കുഞ്ഞുങ്ങളെ പ്രേരിപ്പിക്കുന്നു. തോൽപ്പിച്ചു വളരുകയെന്ന തത്വം നമ്മൾ കുഞ്ഞുങ്ങളുടെ ചെവിയിലോതുന്നു. അനാരോഗ്യകരമായ താരതമ്യങ്ങൾ കൊണ്ട് അവരെ നമ്മൾ ഭാരപ്പെടുത്തുന്നു. ഒരു മത്സരം അവസാനിക്കുമ്പോൾ അടുത്ത മത്സരത്തിനു ള്ള വിസിൽ ഊതിത്തുടങ്ങുന്നു. ലോത്തിനോട് ഞാൻ മറുവശത്തേക്ക് പിൻവാങ്ങിക്കൊള്ളാം. നീ വലത്തോട്ടോ ഇടത്തോട്ടോ പൊക്കോളൂ എന്ന് പറഞ്ഞ അബ്രഹാമും ശൗലിന്റെ പരാക്രമങ്ങളുടെ മുൻപിൽ ബോധപൂർവ്വം മാറി നടന്ന ദാവീദും വർത്തമാനകാല പശ്ചാത്തലത്തിൽ വിസ് മയം തന്നെയാണ്. എന്താണ് വിഷം? സുഹൃത്തിന്റെ ചോ ദ്യത്തിന് ജലാലുദ്ദീൻ ഭൂമിയുടെ മറുപടി ലളിതമായിരുന്നു. അർഹമായതിനെക്കാൾ ആഗ്രഹിക്കുന്നതെല്ലാം വിഷമാണ്. സമ്പത്ത്, സൗഭാഗ്യം, സ്ഥാനം, വിശപ്പ്, മോഹം അങ്ങനെ യെല്ലാം. 'മതി' എന്ന് അവനവവന്റെ വൈകാരികതകളോട് ഒരാൾക്ക് പറയാനാകുന്നിടത്താണ് അയാൾ അയാളെ ജയി ക്കുന്നത്.

'പേറ്റുനോവെടുക്കുന്ന ഒരു സ്ത്രീയുടെ കരച്ചിലിനു കാതോർക്കുക, അന്ത്യമടുത്തൊരു മനുഷ്യന്റെ മരണവെ പ്രാളം കണ്ടുനിൽക്കുക, എന്നിട്ടെന്നോടു പറയുക. ഇങ്ങനെ ആരംഭിക്കുകയും ഇങ്ങനെ അവസാനിക്കുന്നതുമായ ഒന്ന് ഇത്രമേൽ സ്വാർത്ഥനായുള്ളതാണോ എന്ന്?' (മീഖായേൽ)

'നാഥാ അവിടുത്തെ മഹത്വത്തിന്റെ രാജ്യം എന്റെ അട ങ്ങാത്ത ആഗ്രഹമമാണ്. പക്ഷേ അതിനുമുൻപ് അവിടുന്ന്

വച്ചുനീട്ടുന്ന സങ്കടങ്ങളുടെ സ്നാനവും കയ്പുനീരിന്റെ പാനപാത്രവും സ്വീകരിക്കാൻ എനിക്കാകുമോ?'

## ആഗസ്റ്റ് 27 ഞായർ
## വാങ്ങിപ്പിനുശേഷം രണ്ടാം ഞായർ
വി. ലൂക്കോസ് 11:9-20

ദൈവമനുഷ്യബന്ധത്തിൽ നിരന്തരമായ പ്രാർത്ഥന കൊണ്ടുണ്ടാകുന്ന ഫലദായകത്വത്തെപ്പറ്റി കർത്താവ് ഉദ്‌ബോധിപ്പിക്കുന്ന വേദഭാഗമാണിത്. അർദ്ധരാത്രിയിലെ സ്നേഹിതന്റെ ഉപമയിലൂടെ മനുഷ്യന്റെ കരുണയെ പതിൻമടങ്ങ് കരകവിയുന്ന ദൈവകരുണയുടെ സവിശേഷത നമ്മെ ബോധ്യപ്പെടുത്തുന്നു. വി. മത്തായിയുടെ സുവിശേഷത്തിൽ ഗിരിപ്രഭാഷണത്തിന്റെ ഭാഗമായും വി. ലൂക്കോസിന്റെ സുവിശേഷത്തിൽ യരുശലേമിലേക്കുള്ള യാത്രാവേളയിലും രേഖപ്പെടുത്തുന്ന വചനമാണ് പ്രസിദ്ധമായ 'യാചിപ്പിൻ നിങ്ങൾക്കു കിട്ടും' എന്നു തുടങ്ങുന്ന വേദഭാഗം.

### പ്രാർത്ഥനയുടെ നൈരന്തര്യത്തിൽ കരുണയുടെ മഴപ്പെയ്ത്ത്

കണ്ടെത്തുവോളം അന്വേഷിക്കുന്ന, തുറക്കുവോളം മുട്ടിക്കൊണ്ടിരിക്കുന്ന, ലഭിക്കുവോളം യാചിച്ചുകൊണ്ടിരിക്കുന്ന, നിബന്ധനകളില്ലാത്ത ആത്മീകതയുടെ അഴകിനെയാണ് ക്രിസ്തുവിന്റെ പ്രബോധനത്തിൽ വിഭാവനം ചെയ്യുന്നത്. ഉല്പത്തി 32 ന്റെ 26-ൽ നാം കണ്ടെത്തുന്ന യാബോക്ക് കടവിലെ യാക്കോബിന്റെ ദൈവത്തോടുള്ള രാത്രി പ്രഖ്യാപനത്തിന്റെ ലാവണ്യമാണത്. 'നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല.' എന്ന ജ്വലിക്കുന്ന പദങ്ങൾ തന്നെ. പ്രാർത്ഥനയ്ക്ക് എത്ര ശ്രദ്ധ വേണം എന്ന ചോദ്യത്തിന് രമണമഹർഷി നൽകുന്ന മൂന്ന ഉത്തരങ്ങളുണ്ട് ഒരു തന്ത്രിവാദ്യം വായിക്കുന്ന സംഗീതജ്ഞൻ അപശ്രുതി വരാതെ നോക്കുന്ന സൂക്ഷ്മത, ഞാണിന്മേൽ നടക്കുന്ന സർക്കസുകാരൻ താഴെ വീഴാതിരിക്കാൻ പുലർത്തുന്ന ശ്രദ്ധ, രാവിലെ അരണ്ട വെളിച്ചത്തിൽ പാടവരമ്പത്തുകൂടെ നടക്കുമ്പോൾ ഒരാൾ പുലർത്തേണ്ട സൂക്ഷ്മത എന്നിവയാണത്. 'കേട്ടോ മകളേ പെറുക്കുവാൻ വേറൊരു വയലിൽ പോകേണ്ട, ഇവിടം വിടുകയും വേണ്ട' (രൂത്ത് 2:8,9) എന്നുള്ള ബോവസിന്റെ രൂത്തിനോടുള്ള വാക്കുകൾ ആത്മീക ജീവിതത്തിൽ വരണ്ട മനസ്സുമായി മടുപ്പു ബാധിച്ചവരോടുള്ള സുവിശേഷമാണ്. കൊഴിഞ്ഞുപോയ ധാന്യമണികളും പാതിമുറിഞ്ഞ കതിരുകളും മാത്രം ഒരു ഔദാര്യം പോലെ കിട്ടിയിരുന്ന, മോഹങ്ങൾ ബാക്കിയായ പാടങ്ങളിൽ പിന്നെയും മടുക്കാത്ത മനസുമായി തുടരുക വഴി രൂത്ത് തന്റെ തലമുറയിൽ ജീവന്റെ കതിരായവനെ ദാവീദുപുത്രനായി ആഘോഷിക്കുവാനുള്ള മഹാഭാഗ്യത്തിലേക്ക് വന്നു ചേരുന്നു. എത്ര തോൽവികൾ വന്നാലും വിശ്വാസജീവിതത്തിൽ നിന്നും പിൻമാറരുത് എന്ന് എബ്രഹാം ലിങ്കൺ നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. 91-ാം സങ്കീർത്തനം കണ്ണുനീരോടെ വായിച്ചതിന് കണക്കെടുക്കാത്തയാൾ എന്ന് അദ്ദേഹത്തെക്കുറിച്ചൊരു വിശേഷണമുണ്ട്. അദ്ദേഹം നമ്മുടെ പ്രാർത്ഥനാ ജീവിതത്തെ ഓർമ്മിപ്പിക്കുന്നത് ചിന്തനീയമാണ്. ദൈവം നമ്മുടെ പക്ഷത്ത് നില്ക്കുന്നതിനല്ല. നാം ദൈവത്തിന്റെ പക്ഷത്ത് നിൽക്കുന്നതിനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കുക എന്നതാണത്. മഹാകവി ടാഗോർ പ്രാർത്ഥിക്കുന്നുണ്ട്. ആയിരമായിരം മോഹങ്ങൾ നടത്തിത്തരാൻ ഞാൻ നിന്നോടപേക്ഷിച്ചു. എന്നാൽ അവയെല്ലാം നിഷേധിച്ചുകൊണ്ട് നീയെന്ന കാത്തുരക്ഷിക്കുന്നു.

എത്ര വിചിത്രമാം രൂപത്തിൽ
നിന്നിച്ഛയെൻ ജീവിതത്തിൽ അലയടിപ്പൂ. (ടാഗോർ)

### പാകമാകുന്ന ഉത്തരങ്ങളുമായി പരിശുദ്ധാത്മാവ്

മുട്ടയുടെയും പാമ്പിന്റെയും തേളിന്റെയുമൊക്കെ ഉപമാനങ്ങൾ സൂചിപ്പിച്ചുകൊണ്ട് മനുഷ്യന്റെ കരുണയെയും ദൈവത്തിന്റെ കരുണയേയും കർത്താവ് താരതമ്യപ്പെടുത്തുന്നു. 'എത്രയധികമായി' എന്ന പ്രയോഗത്തിലൂടെ ദൈവകരുണയുടെ അളക്കാനാകാത്ത മഹാവലിപ്പത്തെ സൂചിപ്പിക്കുന്നു. എല്ലാ യാചനകൾക്കും അന്വേഷണങ്ങൾക്കും ഒരേ ഉത്തരമാണ്. അവരവർക്കു പാകമാകുന്ന പരിശുദ്ധാത്മകൃപ. ഒരു പക്ഷേ നാം അന്വേഷിച്ചതായിരിക്കില്ല, മുട്ടിയ വാതിലായിരിക്കില്ല നമുക്കു പാകമാകുന്ന വേറൊന്നായിരിക്കും. ബത്സയിദാ കുരുടൻ സൗഖ്യം തേടി യേശുവിനെ കണ്ടെത്തി. സക്കായി കാണാനാഗ്രഹിച്ചു കൂടെ വന്നു. നൂറുപേരുടെ യാത്ര മുടങ്ങി ആ മനുഷ്യന്റെ യാത്ര തുടങ്ങി. ദാഹജലം തേടിയവൾ ജീവജലം നേടി. ആ വലിയ ദൈവകരുണയെ സംശയിക്കാതിരിക്കുക. പുറപ്പാട് 4-ൽ ദൈവം ചോദിക്കുന്ന മറുചോദ്യങ്ങൾ മോശയുടെ മാത്രമല്ല നമ്മുടെ കണ്ണും തുറപ്പിക്കുന്നതാണ്. 'എനിക്കു പിശകുപറ്റുമോ? മനുഷ്യന് വായ കൊടുത്തത് ആർ? ഊമനെയും ചെകിടനെയും ഉണ്ടാക്കിയത് ആർ? യഹോവയായ ഞാൻ അല്ലയോ?

ആരാണ് നമ്മുടെ ദൈവം
ആഴം കുറയ്ക്കാറില്ല
ചില കച്ചിത്തുരുമ്പുകൾ ഇട്ടുതരാറുണ്ട്
ഉയരം കുറയാറില്ല, ചില ഗോവണികൾ ചാരിത്തരാറുണ്ട്
ഇരുട്ടിന്റെ ഘനം കുറയാറില്ല
ചില വഴിവെളിച്ചങ്ങൾ തെളിയ്ക്കാറുണ്ട്
ദൂരം ചെറുതാകാറില്ല
പാദങ്ങളുടെ ബലം കൂടാറുണ്ട്
വേദനകൾ ഏറെയുണ്ടാകുന്നുണ്ട്
പക്ഷേ ചുമലിൽ ഒരു കരം തലോടാറുണ്ട്

ഭാരം കുറയാറില്ല. പക്ഷേ ചുമലിന്റെ ബലം കൂടാറുണ്ട്. പക്ഷേ ദൈവം സിംഹങ്ങളുടെ പല്ലിന് മുദ്രവയ്ക്കും. ദാനിയേലിന്റെ കാര്യമാണ് പറഞ്ഞുവരുന്നത്. ഇത്രയും പോരേ? നമുക്കു പാകമാകുന്ന ഒരു പരിശുദ്ധാത്മ ബലമുണ്ട്. അതു മതി ദൈവമേ!.

## സെപ്റ്റംബർ 3
## വാങ്ങിപ്പുപെരുന്നാളിനു ശേഷം മൂന്നാം ഞായർ
വി. മത്തായി 17:22-27

ഒരു ഗലീലയാത്രയുടെ മധ്യേ കർത്താവ് സംഭവിപ്പാനിരിക്കുന്ന മരണത്തെക്കുറിച്ചും പുനരുത്ഥാനത്തെക്കുറിച്ചും ശിഷ്യരോട് വെളിപ്പെടുത്തുന്നു. പിന്നീട് കഫർന്നഹൂമിൽ കർത്താവ് ദൈവാലയനികുതി മത്സ്യത്തിന്റെ വായിൽ നിന്ന് കണ്ടെത്തുവാൻ പത്രോസിനോട് കല്പിക്കുന്ന വേദഭാഗമാണിത്.

### പിൻവാങ്ങലിന്റെ വിജയമന്ത്രം

അവകാശങ്ങളെ ഉപേക്ഷിക്കാൻ കഴിയുക എന്നതൊരു ചെറിയ കാര്യമൊന്നുമല്ല മരണം വരെയും അവകാശങ്ങൾക്കുവേണ്ടി പോരാടും എന്നത് നമുക്കിഷ്ടമുള്ള മുദ്രാവാക്യമാണ്. ദൈവാലയത്തിന്റെ നാഥൻ നിസാരനായ മനുഷ്യന്റെ ചോദ്യത്തിനുമുമ്പിൽ നിസംഗനെപോലെ നി

ന്ന് ദൈവാലയത്തിന് നികുതി കൊടുക്കുന്നു. ഗർഭപാത്രം മുതൽ കഴുമരം വരെ ക്രിസ്തുവിന്റെ ജീവിതത്തിൽ പിൻവാങ്ങലിന്റെ ഇടനാഴിയിലേക്ക് മാറി നിന്ന ചരിത്രം പറയാനുണ്ട്. യോർദ്ദാൻ നദിയിൽ യോഹന്നാൻ സ്നാപകന്റെ കൈക്കീഴെ താണിരുന്നപ്പോഴും പീലാത്തോസിന്റെ ചോദ്യങ്ങൾക്കു മുൻപിൽ ഗബഥായിൽ കുനിഞ്ഞു നിന്നപ്പോഴും ജയിക്കാമായിരുന്ന അരങ്ങുകളിലെല്ലാം കർത്താവ് അണിയറയിലേയ്ക്കു പിൻവാങ്ങി കഴിഞ്ഞു. ആമയെപോലെ അഞ്ചും അടക്കുക എന്നൊരു പ്രയോഗമുണ്ട്. പ്രതികൂല സാഹചര്യങ്ങളിൽ ആമ രണ്ടു കൈകളും രണ്ടു കാലുകളും തലയും അകത്തേക്കു വലിച്ച് പുറം തോടിനകത്തേക്ക് ഒതുങ്ങും. പക്വതയാർന്ന മനുഷ്യർ ഇതുപോലെ പഞ്ചേന്ദ്രിയങ്ങളെ നിയന്ത്രിച്ച് ഇടർച്ചകളെ ഒഴിവാക്കും.

വി. വേദപുസ്തകത്തിലെ ഏറ്റം മനോഹരമായ പിൻവാങ്ങൽ സൗന്ദര്യം കാണുന്ന ഭാഗം ദാവീദിന്റെ ജീവിതമാണ്. ശൗൽ തന്റെ പ്രാണനെ വേട്ടയാടുന്ന സന്ദർഭങ്ങളിലെല്ലാം പ്രതികാരത്തിന്റെ അവസരങ്ങൾ ധാരാളം ഒത്തുവന്നിട്ടും. പിൻവാങ്ങലിന്റെ സൗന്ദര്യം കൊണ്ട് എല്ലാവരെയും വിസ്മയിപ്പിക്കുന്നുണ്ട് ദാവീദ്. പത്രോസ് നൽകിയ ചതുർദ്രമപ്പണം നികുതിയിനത്തിൽ സ്വീകരിച്ച ശേഷം വാദം ഉന്നയിച്ച ആൾ പിന്നീട് പലരോടും വീരവാദം പറഞ്ഞു കാണണം. ഞാനാണ് നസ്രായനെക്കൊണ്ട് നികുതി കൊടുപ്പിച്ചതെന്ന്. മൗനമുദ്രിതമായ അധരങ്ങളിലെ അർത്ഥഗർഭമായ പുഞ്ചിരികൊണ്ട് കർത്താവ് പിൻവാങ്ങലിന്റെ വിജയമന്ത്രം നമ്മെ പഠിപ്പിക്കുന്നു.

സംദുർണ്ണ കുംഭോ ന കരോതിശബ്ദം
അർദ്ധഘടോ ഘോഷമുപൈതി നൂനം
വിദ്വാൻ കുലീനോ ന കരോതി ഗർവ്വം
ജല്പതി മൂഡാസ്തു ഗുണർവിഹീന:

നിറകുടം തുളുമ്പുകയില്ല. പാതിമാത്രം നിറഞ്ഞ കുടമാകട്ടെ നിരന്തരമായി കലമ്പലുണ്ടാക്കുന്നു. വിദ്വാൻ, കുലീനർ അഹങ്കരിക്കുന്നില്ല. ഗുണവിഹീനന്മാരായ മൂഢൻമാർ തുമ്പില്ലാതെ സംസാരിക്കുന്നു.

**അസാധ്യതകളുടെ സാഹചര്യത്തിൽ സാധ്യതകളുടെ വിരുന്ന്**

പത്രോസ് എത്രയോ തവണ വലയും ചൂണ്ടയുമൊക്കെ മാറി മാറി ഉപയോഗിച്ചിട്ടും ഇങ്ങനെയൊരു മത്സ്യം ഉണ്ടായിട്ടില്ല. വായിൽ ഇങ്ങനെയൊരു വലിയ നാണയവുമായി ഒരു മത്സ്യത്തിന് ജീവിച്ചിരിക്കാനാവില്ല. പത്രോസിനതറിയാമായിരുന്നു. എന്നിട്ടും തച്ചനെ മുക്കുവശാസ്ത്രം പഠിപ്പിക്കാൻ പത്രോസ് എന്ന വലിയ മുക്കുവൻ മുതുരുന്നില്ല മറിച്ച് നിരുപാധികം വിശ്വാസത്തിന്റെ ആഴത്തിൽ അനുസരിക്കുകയാണിവിടെ. ലോകപ്രശസ്ത സുവിശേഷ പ്രസംഗകനായിരുന്ന DL Moody യോട് ഒരു വലിയ സുവിശേഷ പ്രസംഗം കഴിഞ്ഞിറങ്ങിവന്നപ്പോൾ ഒരു നിരീശ്വരവാദി ചോദിക്കുന്നുണ്ട്. ഒരു മത്സ്യത്തിന്റെ വയറ്റിൽ യോനാ എന്നൊരു മനുഷ്യൻ ജീവനോടെ മൂന്നുദിവസം കിടന്നു എന്ന് താങ്കൾക്ക് എങ്ങനെ വിശ്വസിക്കാൻ സാധിക്കുന്നു. അതിനു മറുപടിയായി അദ്ദേഹം പറഞ്ഞത്. മത്സ്യത്തിന്റെ ഉദരത്തിൽ യോന മൂന്നു ദിവസം കഴിഞ്ഞു എന്നല്ല മറിച്ച് യോനായുടെ ഉദരത്തിൽ ഈ മത്സ്യം മൂന്നു ദിവസം കഴിഞ്ഞു എന്നു പറഞ്ഞാലും ഞാൻ പൂർണ്ണമായും വിശ്വസിക്കും. കാരണം ഇത് ദൈവത്തിന്റെ വചനമാണ് എന്നാണ്. തന്റെ കഷ്ടാനുഭവത്തെക്കുറിച്ചും പുനരുത്ഥാനത്തെക്കുറിച്ചും ഗലീലയിൽ വച്ചു പറഞ്ഞതിനുശേഷം ഉടൻ തന്നെയാണ് കഫർന്നഹൂമിൽ വച്ച് അത്ഭുതകരമായ മത്സ്യം സംഭവിക്കുന്നത്. സംഭവിപ്പാനിരിക്കുന്ന തന്റെ മരണത്തിന്മേലുള്ള ജയത്തെക്കുറിച്ച് ശിഷ്യരുടെ വിശ്വാസത്തെ ഉറപ്പിക്കുവാൻ ഈ സംഭവം കാരണമായിട്ടുണ്ടാകും.

ഏതോ ഓക്കുമരത്തിന്റെ തടിയിലുണ്ടായിരുന്ന
വിള്ളലിൽ
ഒരു ശലഭം നിക്ഷേപിച്ചിരുന്ന മുട്ട
എത്ര നാളുകൾ അതവിടെ ഉറങ്ങിക്കിടന്നു
ആശാരി അതിനെ മുറിയെടുത്തു
വാളുകൊണ്ട് ചിന്തി ഉരുപ്പടിയാക്കി
ഉരുപ്പടികൊണ്ട് മേശ തീർത്തു
സ്വീകരണമുറിയിൽ ഇട്ടിരുന്ന മേശയുടെ
മുകളിൽ കൊണ്ടുവച്ചു കാപ്പിപാത്രത്തിന്റെ
ചൂടു കൊണ്ട് മുട്ട വിരിഞ്ഞു; ശലഭമായി (സെൻ)

## സെപ്റ്റംബർ 10 ഞായർ
## വാങ്ങിപ്പുപെരുന്നാളിനുശേഷം നാലാം ഞായർ
വി. മർക്കോസ് 6:1-6

കർത്താവ് തന്റെ പിതൃനഗരത്തിൽ ശാബത്തുദിവസം നടത്തുന്ന പ്രഭാഷണങ്ങളിൽ അത്യധികം വിസ്മയിക്കുന്ന നാട്ടുകാരുടെ ചില മനോഭാവങ്ങളാണ് പ്രമേയം. തച്ചനല്ലയോ എന്നു പരിഹാസപരാമർശവും അവരുടെ വിശ്വാസക്കുറവും അതുവഴി അവിടെ വീര്യപ്രവർത്തികളിൽ നിന്നു മാറിനിൽക്കുന്നതും പരാമർശിക്കപ്പെടുന്നു.

**വിസ്മയം വിനയമായി പരിണമിക്കുന്നില്ല.**

കർത്താവിന്റെ വാക്കുകളിൽ സ്വയം മറന്ന് വിസ്മയിക്കുന്ന ജനത്തെ കാണാം. ആ വിസ്മയം വിനയമായും പിന്നീട് അത് ആഴമായ വിശ്വാസമായും പരിണമിക്കേണ്ടതാണ്. പക്ഷേ ഇവിടെ വിശ്വാസക്കുറവായി മാറുന്നു. ചോദ്യം ചെയ്യലുകൾക്ക് മുതിരുന്നു. അഹങ്കാരം എന്നൊക്കെയാണർത്ഥം. അതില്ലാത്ത അവസ്ഥയാണ് വിസ്മയം. 'അമ്പേ ഞാൻ' എന്ന അഹംഭാവത്തിൽ നിന്ന് നമ്മെ മുക്തരാക്കുന്ന അനുഭൂതിയാണ് വിസ്മയം. ഉള്ളൊഴിഞ്ഞു നിൽക്കേണ്ടുന്ന അവസ്ഥയാണത്. പക്ഷേ ഈ ജനത്തിൽ അത് സംഭവിക്കുന്നില്ല. ഗർവുള്ള മനുഷ്യൻ ജീവിക്കുന്നത് എപ്പോഴും ഒരു ചോദ്യചിഹ്നത്തിന്റെ കൂടെയാണ് (?) എന്നു പറയും. എല്ലാത്തിനോടും വിമർശനാത്മകത മനോഭാവത്തോടെ മുന്നോട്ടു പോകും. ജ്ഞാനിയായ ഒരാൾ ജീവിക്കുന്നത് ഒരു ആശ്ചര്യചിഹ്നത്തിന്റെ കൂടെയാണ്. (!) ഞാൻ പോരാത്തവനല്ലേ എന്ന മോശയുടെ ചിന്തയും (പുറപ്പാട് 4) ഞാൻ ചെറിയവനല്ലോ എന്ന ഗിദയോന്റെ ഏറ്റുപറച്ചിലും (ന്യായ. 6) 'അയ്യോ ഞാൻ' അരിഷ്ടമനുഷ്യൻ എന്നു ഇയ്യോബിന്റെ പശ്ചാത്താപവും (ഇയ്യോബ് 40) എല്ലാം ദൈവമുഖദർശനത്തിൽ നിന്നുണ്ടായ വിനയത്തിന്റെ ബഹിർസ്ഫുരണങ്ങളാണ്. അവിടെനിന്നും അവർ വിശ്വാസത്തിൽ ആഴപ്പെട്ട് വൻകാര്യങ്ങൾ ചെയ്യുന്നവരായി മാറുന്നു. എന്നാൽ പത്തോളം തവണ ദൈവപ്രവൃത്തിയുടെ ഭയാനകമായ മഹത്വം കണ്ട് വിസ്മരിച്ച ഫറവോൻ ഹൃദയം കഠിനമാക്കുന്നു ഓരോ തവണയും വിസ്മയം വിനയമായി പരിണമിക്കുന്നില്ല who is Yahwh? യഹോവ് ആര്? എന്ന ഫറവോന്റെ ചോദ്യത്തിൽ ഗർവ്വിന്റെ സകലസീമകളും ലംഘിക്കുന്നു. പുറ. 10:28-ൽ മോശയോട്

പറയുന്നത് ഇനി എന്റെ മുഖം കാണാതിരിക്കാൻ സൂക്ഷിച്ചുകൊൾക എന്നാണ്. പുറപ്പാട് 11:6–ൽ മുൻപൊരിക്കലും ഉണ്ടായിട്ടില്ലാത്തതും ഇനി ഉണ്ടാകാത്തതുമായ വലിയ നിലവിളിയിൽ മിസ്രയീം ദേശത്ത് കാര്യങ്ങൾ അവസാനിക്കുന്നു. തിരിച്ചറിവില്ലാത്ത മനുഷ്യൻ എഴുപതോ എൺപതോ കിലോ തൂക്കം മാത്രമുള്ള മാംസം മാത്രമാണ്.

**ആക്ഷേപമെങ്കിലും ആന്തരികസത്യം**

പരസ്യമായി തച്ചൻ എന്നു വിളിച്ചു പരിഹസിച്ചത് ജാതിപ്പേരോ, കുലത്തൊഴിലോ വിളിച്ച് ആക്ഷേപിക്കുകയാണ്. പരിഹാസപദം പരമോന്നതഭാവം പൂണ്ടിരിക്കുന്നു. ഒന്നും കിട്ടാതെ വന്നപ്പോൾ അങ്ങനെ വിളിച്ചതാണ്. ആക്ഷേപമെങ്കിലും അത് ആന്തരികസത്യമാണ്. തച്ചൻ വിശ്വകർമ്മാവാണ് പ്രജാപതി അഥവാ ബ്രഹ്മാണ്ഡത്തിന്റെ രചയിതാവ് സ്വയംഭൂവാണ് ആരാലും ജനിപ്പിക്കപ്പെടാത്തവനും എല്ലാം ഉൾക്കൊണ്ടവനുമാണ്. All inclusive എന്നു പറയും. വിശ്വപ്രമാണത്തിന്റെ രണ്ടാം ഖണ്ഡിക ഓർമ്മവരുന്നില്ലേ? ഭൂമിയെ 23 1/2 degree ചരിച്ച് സാങ്കേതികമായി അച്ചുതണ്ടിൽ തൂക്കിയ തച്ചൻ, പ്രപഞ്ചത്തെ അത്ഭുതകരമായി പരിപാലിക്കുന്നവർ, നാം ഈ ഭൂമിയിൽ നിലനിൽക്കാൻ ഓരോ നിമിഷവും കോടിക്കണക്കിന് രാസപ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഇതിനെ ഉടമസ്ഥനായ തച്ചൻ ആരാണ്? അവനു തുല്യനായി ആരുമില്ല, അറിവിനും കഴിവിനും പരിധിയില്ല, ഉറക്കവും മയക്കവുമില്ല ജനനമില്ല, മരണമില്ല. സാക്ഷാൽ ക്രിസ്തു എന്ന തച്ചൻ, പെരുന്തച്ചൻ.

ഇപ്പടി നൂറായിരം ഹർമ്മ്യങ്ങൾ
എപ്പോഴും പുത്തനായ് വച്ചുപോറ്റി
ഒപ്പമതുകളിലൊക്കെ വിളയാടും
അപരാശക്തിയ്ക്കു കൂപ്പുക നാം (വള്ളത്തോൾ പ്രഭാത ഗീതം)

**ദൈവത്തിൻ പ്രവർത്തിക്കാൻ അവസരം നൽകാത്ത വിശ്വാസക്കുറവ്**

അവരുടെ വിശ്വാസക്കുറവിൽ അവൻ ആശ്ചര്യപ്പെട്ടു (വാ. 6) ക്രിസ്തുവിൽ ചേക്കേറാനുള്ള സാധ്യതകൾ കൺമുൻപിൽ നിറയെ നിന്നിട്ടും സത്യദൈവത്തോട് ക്രിയാത്മകമായി പ്രതികരിക്കാനാകാതെ പോകുന്നത് ആത്മിക ദുരന്തമാണ്. എല്ലാദിവസവും എല്ലാവർക്കും വേണ്ടി സൂര്യനുദിക്കുന്നു. ജനാലകൾ തുറന്നിടേണ്ടത് നമ്മളാണ്. വി. മത്തായി 27, 22–ൽ പീലാത്തോസിന്റെ ഒരു ചോദ്യമുണ്ട്. ക്രിസ്തു എന്ന യേശുവിനെ എന്തു ചെയ്യേണ്ടു. എല്ലാവരുടേയും പ്രശ്നം അതു തന്നെയാണ്. പ. മാമോദീസായിലൂടെ ആരംഭിക്കുന്ന ക്രിസ്തീയ വിജയത്തിൽ നൽകപ്പെട്ട ക്രിസ്താംശത്തെയും നൽവരങ്ങളേയും അനുദിനം മരിക്കാനനുവദിക്കുന്നവരാണ് നാം. സ്വർഗത്തേക്കു നോക്കി മനുഷ്യൻ പിടിക്കേണ്ട ദൂരദർശിനിയുടെ പേരാണ് വിശ്വാസം 'പ്രഭാതത്തിൽ ഇരുട്ടു നിലനിൽക്കുമ്പോൾ തന്നെ പ്രകാശത്തെ അനുഭവിച്ചു പാടുന്ന പക്ഷിയുടെ പേരാണ് വിശ്വാസം' എന്നു പറഞ്ഞത് മഹാകവി ടാഗോറാണ്. നവമാധ്യമങ്ങളിലെവിടെയോ കണ്ട ഒരു കുറിപ്പാണ് – Faith എന്നതിനൊരു നിർവ്വചനം Forwarding all issues to heaven. എത്ര സുന്ദരമാണ്. ഠ

GSTIN : 32AEEPD3742C1ZA



പള്ളികളുടെ
മനോഹാരിതയ്ക്കു വേണ്ടി
മദ്ബഹായും പള്ളി ഹാളുകളും,
വിദേശ നിർമ്മിത സിന്തറ്റിക്ക് കാർപ്പറ്റുകളും
കയർ കാർപ്പറ്റുകളും ഉപയോഗിച്ച്
ആകർഷണീയമായി ഫർണിഷിംഗ്
ഓർഡർ അനുസരിച്ച്
ചെയ്തു കൊടുക്കുന്നു

PEEJAY COIR & CARPET
FURNISHING COMPANY

East of St. Thomas Orthodox Church, Alleppey, Kerala.
Mob : 9495268869 / 8921627661

Proprietor
K. V. DANIEL

• 30 വർഷത്തെ പാരമ്പര്യം • പരിചയ സമ്പന്നരായ ജോലിക്കാർ

8

# ദേവതയോ രാക്ഷസിയോ?




രോഹിണി വർഗ്ഗീസ്
തിരുവല്ല

ഈശ്വരന് എല്ലായിടത്തും ഓടിയെത്തുക വിഷമമായതുകൊണ്ട് തന്നെ സഹായിക്കാൻ അദ്ദേഹം അമ്മമാരെ സൃഷ്ടിച്ചു എന്നു പറയാറുണ്ട്. ഒരു കുഞ്ഞിന്റെ ജനനത്തോടെ അതിനേക്കാൾ മഹത്വമുള്ള ഒരു വ്യക്തികൂടി ജനിക്കുകയാണ് – അമ്മ! 'All I am or can be, I owe to my angel mother' Abraham Lincon.

മഹാദേവഭക്തനായിരുന്നു പുണ്ഡരീകൻ. കുറച്ചു ദിവസമായി ഭക്തന്റെ പൂജകൾ ലഭിക്കാഞ്ഞ് ഭഗവാൻ ഇറങ്ങിവന്ന് പുണ്ഡരീകന്റെ വീട്ടുമുറ്റത്തെത്തി. ഭഗവാൻ പുറത്തു നില്ക്കുന്നതറിഞ്ഞിട്ടും പുൺഡരീകൻ ദീനമായി കിടക്കുന്ന തന്റെ അമ്മയെ ശുശ്രൂഷിച്ചു കൊണ്ടേയിരുന്നു. അതു പൂർത്തിയാക്കിയ ശേഷമാണ് ഭഗവൽ സന്നിധിയിലെത്തിയത്. അമ്മയുടെ പൂജ എന്നാൽ ദേവപൂജയ്ക്കു സമമാണ്. അതറിയുന്ന ഭഗവാൻ സംപ്രീതനാവുകയാണ്. അതുകൊണ്ടാണ് കവി പാടുന്നത്, 'അമ്മേ, അവിടുത്തെ മുമ്പിൽ ഞാനാര്, ദൈവമാര്?'

സ്ത്രീ അഥവാ അമ്മയുടെ ഇന്നത്തെ സ്ഥിതി പഴയതിലും മെച്ചമാണോ? ഫെമിനിസം അവൾക്കെന്തു നേടിത്തന്നു? സ്ത്രീ പുരുഷ സമത്വം പ്രസംഗിക്കുമ്പോഴും ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിലും അവൾ സ്വതന്ത്രയാണോ?. 'ജയ ജയ ജയ ജയഹേ' എന്ന സ്ത്രീപക്ഷ സിനിമയിൽ ഒരു കോടതി രംഗമുണ്ട്. വിവാഹമോചനത്തിനായി കോടതി മുമ്പാകെ നിൽക്കുന്ന യുവദമ്പതികൾ. ജഡ്ജി പുരുഷനോട് ചോദിക്കുന്നു, 'കുടുംബജീവിതത്തിൽ ഒരു സ്ത്രീക്കുവേണ്ട മൂന്നു കാര്യങ്ങൾ എന്തൊക്കെയാണ്?' 'പാചകം, കുട്ടികൾ, കൈപ്പുണ്യം' എന്നാണ് പുരുഷന്റെ ഉത്തരം. ജഡ്ജി ദേഷ്യപ്പെട്ടു, 'അല്ല; നീതി, സമത്വം, സ്വാതന്ത്ര്യം, ഇവയാണ് സ്ത്രീക്ക് വേണ്ടത്.' സമസൃഷ്ടിയായി സ്ത്രീയെ കാണാൻ ഇന്നും പുരുഷനു കഴിഞ്ഞിട്ടില്ല. 'ഗൗരിയോ ലക്ഷ്മിയോ സീതയോ രാധയോ, പേരെന്തുതന്നെ വിളിച്ചാലും നീയെന്നും നീയാണ്. കോതമ്പു പാടത്തു നീർ പെയ്തു പോകും മുകിലാണ്.' (ഒ.എൻ.വി) ഇതാണിന്നും പൊതു വിചാരം!!

ഇത്തരം താഴ്ത്തിക്കെട്ടലുകളിൽ തകരുന്നവളല്ല സ്ത്രീ. പക്ഷെ ജന്മം കൊടുത്തതു കൊണ്ടു മാത്രം ഒരു സ്ത്രീയും അമ്മയാകുന്നില്ല. പ്രസവിച്ചയുടനെ കുഞ്ഞിനെ കപ്പക്കാലായിലും അമ്മത്തൊട്ടിലിലും ഉപേക്ഷിക്കുന്നവരില്ലേ? മുലകുടി മാറാത്ത കുട്ടിയെ ഇട്ടിട്ട് അന്യപുരുഷനോടൊപ്പം ഓടിപ്പോകുന്ന രാക്ഷസികളുടെ എണ്ണം വർദ്ധിച്ചു വരുന്ന കാലം. വിഷം ഉണ്ടാക്കാനും തക്കം പോലെ നൽകാനും ഇന്നു പലരും Ph.D എടുത്തിരിക്കുന്നു.!! കുടുംബത്തിന്റെ സന്തുലിതാവസ്ഥ തകിടം മറിയുകയാണ്. ഭവനത്തിലും സമൂഹത്തിലും അർഹമായ അംഗീകാരം ലഭിക്കാത്തതു കൊണ്ടുള്ള നൈരാശ്യത്തിൽ നിന്നാണ് ഇത്തരം കുറ്റവാസനകൾ പിറക്കുന്നതെന്ന് മനഃശാസ്ത്രജ്ഞർ നിരീക്ഷിക്കുന്നു.

ഓഗസ്റ്റ് മാസം നമ്മുടെ ധ്യാനം വി.കന്യകമറിയം എന്ന അമ്മയെത്തന്നെയാണ് – ഹൃദയത്തിലൂടെ വാൾ കടന്ന ഒരമ്മ. 'ഏറ്റവും സുന്ദരമായ നക്ഷത്രത്തെക്കാൾ സുന്ദരി' (വേർഡ്സ്വർത്ത്), 'രണ്ടാം ഹവ്വ' (മിൽറ്റൺ), 'പരമസുന്ദരി, മയിലാഞ്ചി പൂങ്കുല' (ഉത്തമഗീതം). 'ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ' എന്നു വിനയപ്പെട്ടപ്പോൾ സൃഷ്ടി മുഴുവൻ അവളെ 'ഭാഗ്യവതീ' എന്നാർത്തു വിളിച്ചു. സകല കഷ്ടതകൾക്കും തലവണക്കിയ മേരി എല്ലാ സ്ത്രീകൾക്കും മാതൃകയാവണം. മേരി പ്രതിസന്ധികളെ തരണം ചെയ്തത് നിരന്തരമായ പ്രാർത്ഥന കൊണ്ടും, മൗനം പാലിച്ചും, ഹൃദയത്തിൽ സംഗ്രഹിച്ചും ഒക്കെയാണ്. തീരുമാനങ്ങളിൽ ധീര, ദീർഘവീക്ഷണമുള്ളവൾ, സന്മാർഗ്ഗനിരത, കാരുണ്യവതി, മകന്റെ ശിഷ്യ... നമ്മുടെയെല്ലാം ഉള്ളിൽ തുടിക്കുന്ന മേരിയുടെ അംശത്തെ ഉണർത്തിയെടുക്കണം. ദൈവനിയോഗങ്ങളോടൊത്തു നിൽക്കുക, ആയിരിക്കുന്ന സാഹചര്യങ്ങളിൽ പൂർണ്ണസമർപ്പണത്തോടെ പ്രവർത്തിക്കുക. അതാവട്ടെ നമ്മുടെ ലക്ഷ്യം.

കൊച്ചുകിളിയെ പിടിച്ച് കൈകളിൽ ഒതുക്കി വച്ചുകൊണ്ട് ബാലൻ ഗുരുവിനോടു ചോദിച്ചു, 'ഗുരോ, എന്റെ കൈയിലെ കിളി ചത്തതോ ജീവനുള്ളതോ?' ഗുരു പുഞ്ചിരിയോടെ പറഞ്ഞു, 'കുഞ്ഞേ, ആ കിളി നിന്റെ കൈയ്ക്കുള്ളിലാണ്. അതിന്റെ ജീവനും മരണവും നീ തീരുമാനിക്കും പോലെയല്ലേ?'

ദേവതയും രാക്ഷസിയും രണ്ടും നമ്മുടെ ഉള്ളിൽത്തന്നെയുണ്ട്. But the choice is ours....




# മൗനത്തിന്റെ ആദ്ധ്യാത്മികത

ഡോ. കെ.എൽ. മാത്യു വൈദ്യൻ
കോർ–എപ്പിസ്ക്കോപ്പാ

പ്രപഞ്ചവിസ്മയത്തിനു മുന്നിലെ നമ്മുടെ മൗനമാണ് പ്രാർത്ഥന. ദൈവവുമായി ശാന്തഭാവത്തിലുള്ള സംസർഗ്ഗമാണ് ആരാധന. ആരാധനയെ ഹർഷോന്മാദമാക്കരുത്. അതൊരു ഗാനമേളയല്ല. കലാപരിപാടിയല്ല. അനാവശ്യമായി ശബ്ദവികരണമുണ്ടാകരുത്. മൗനവും ശബ്ദവും സമാസമം ചേരണം. മൗനം വാചാലമാണ്. മൈക്രോഫോണിനു മുന്നിലെ അഭിനയവും അട്ടഹാസവും വൈകൃതമാണ്. രോഷപ്രകടനങ്ങളും അസഹിഷ്ണുതയും സങ്കുചിത മനസ്സും സ്വർത്ഥതാല്പര്യങ്ങളും ആത്മീയതയുടെ ഭാവമല്ല.

മൗനവും അനുഷ്ഠാനവും അനുഭൂതിയായി മാറണം. ആകാശങ്ങളുടെ വിസ്തൃതിയിലും ആഴിയുടെ ആഴങ്ങളിലും മൗനം അർത്ഥവത്താകുന്നു. മഞ്ഞുമലകളുടെ നികരത്തിലും കാനനത്തിന്റെ ഉള്ളിൽ മണ്ണിൽ ആഴ്ന്നിറങ്ങുന്ന വേരിലും മൗനം ചിത്രം വരയ്ക്കുന്നു. മനുഷ്യമനസ്സിലും മൗനം വേരുറയ്ക്കണം. വിശാല പ്രപഞ്ചം മനുഷ്യ മനസ്സിൽ ഉൾപ്പെട്ടിരിക്കുന്നു. സമയകാലങ്ങൾപ്പുറത്തും മൗനത്തിനു മാനങ്ങളുണ്ട്. ഭൂമിയുടെ ഉൾഭാഗം മൗനമായി തിളയ്ക്കുന്നു. തീയിൽ ഉരുകി മറയുന്ന ദ്രാവകമാണതിന്റെ ഉള്ളിൽ. അതിനും മൗനത്തിന്റെ ഭാഷയാണ്.

ഒച്ചപ്പാടുകൾ ഇന്ന് ആഘോഷപൂർവ്വം തിമിർത്താടുകയാണല്ലോ. വിവേകമതികൾ മൗനത്തിലൂടെ ഉറക്കെ സംസാരിക്കുന്നു. മൗനത്തിന്റെ ശക്തി ഒരു വാക്കിനുമില്ല. വാചകക്കസർത്തുകളുടെ അടിസ്ഥാനത്തിലാണ് ഇന്നു വ്യക്തികളെ വിലയിരുത്തുന്നത്. സ്രഷ്ടാവിന്റെ മൗനത്തിലൂടെ പ്രപഞ്ചം രൂപപ്പെടുകയും രൂപാന്തരപ്പെടുകയും ചെയ്തു. മൗനത്തിന്റെ പൂർണ്ണതയെ ദൈവം എന്നു വിളിക്കാം. ദിവ്യാനുഭവങ്ങളുടെ മൗനത്തിലൂടെ നാം പ്രപഞ്ചത്തെ രൂപാന്തരപ്പെടുത്തണം. തേജസ്സ് ആർജ്ജിക്കലാണ് പ്രധാനം.

മൗനത്തിന്റെ സാക്ഷാൽക്കാരത്തിനു വേണ്ടിയാണ് തപസ്സ്. ഉയർന്ന തൂണിന്മേലും ഗുഹകളിലും പാറക്കെട്ടുകളിലും മരുഭൂമിയിലും വനാന്തരങ്ങളിലും തപസ്സു ചെയ്തവരുണ്ട്. എല്ലാ സുഖങ്ങളും വെടിഞ്ഞവരുണ്ട്. ആസക്തികളെ നിയന്ത്രിച്ചവരുണ്ട്. ജീവജാലങ്ങളോടും പൂക്കളോടും ചെടികളോടും മൗനത്തിൽ ഭാഷയിൽ സംസാരിച്ചവരുണ്ട്. മൗനം വെടിയാതെ രക്തസാക്ഷികളായവരുണ്ട്. തൂക്കുകയറിനു മുന്നിൽ കഴുത്തുവളച്ചു കൊടുക്കുന്നവരുണ്ട്. ഒരു വിത്തിനുള്ളിൽ മരം ഒളിച്ചു വയ്ക്കപ്പെടുന്നതുപോലെ മൗനത്തിനുള്ളിൽ ഉജ്ജ്വല പ്രഭാഷണങ്ങൾ ഒളിച്ചുവയ്ക്കപ്പെടുന്നു. സുകൃതജീവിതം മൗനത്തിന്റെ തീർത്ഥാടനമാണ്.


സിദ്ധാന്തങ്ങൾക്കപ്പുറം ഒരു മൗനമുണ്ട്. പ്രലോഭനങ്ങളിൽ അകപ്പെടാത്തവരിൽ മൗനം പൂത്തു കായ്ച്ച് ഫലം പുറപ്പെടുവിക്കുന്നു. ഉപദ്രവിക്കുന്നവരോട് പ്രതികാരം ചെയ്യാത്തവരിൽ മൗനം നല്ല വിളവ് തരുന്നു. അഴകിൽ മൗനമുണ്ട്. മൗനത്തിൽ അഴകുണ്ട്. ത്യാഗത്തിൽ മൗനമുണ്ട്. സംതൃപ്ത മനസ്സിൽ മൗനമുണ്ട്. അർത്ഥവത്തായ സംവേദനത്തിന് ഉച്ചത്തിലുള്ള ശബ്ദവീചികൾ ആവശ്യമില്ല. ആരാധന ഹൃദയസ്പർശിയും ദൈവസ്പർശിയുമാകുമ്പോൾ അവിടെ മൗനമുണ്ട്. ദീർഘമൗനത്തിന്റെ ശക്തിയിൽ നിന്ന് സേവനം വിടരുന്നു.

ആത്യന്തിക സത്യം എന്തെന്നു പഠിപ്പിക്കാനുള്ള ഏറ്റവും നല്ല ഭാഷ മൗനത്തിന്റേതാണ്. വ്യാഖ്യാനത്തിനും വിശദീകരണത്തിനും അപൂർണ്ണതയുണ്ടെങ്കിൽ മൗനത്തിന്റെ ഭാഷ പൂർണ്ണമാണ്. പ്രകൃതിയുമായി മൗനത്തിന്റെ ഭാഷയിൽ നാം സംവദിക്കണം. ചെടിയും മരവും പൂന്തോട്ടവും കായൽത്തീരവും ആകാശനീലിമയും കുന്നും താഴ്വരയും വയലേലകളും മൗനഭാഷണത്തിനു വേദിയാകണം. ഓരോ പ്രവൃത്തിക്കു മുമ്പും ഒരുക്കത്തിന്റെ മൗനവും മനനവുമുണ്ടാകണം. മൗനത്തിന്റെ പ്രതിരോധം ശ്രേഷ്ഠതരമാണ്.

മിതമായ വാക്കുകളും മൗനവും കൂടിച്ചേരുമ്പോൾ വികാരത്തെ വിവേകം തോല്പിക്കും. മൗനത്തിൽ നിന്ന് അമൃത് കടഞ്ഞെടുക്കാം. നല്ല ആരാധനാ ഗീതങ്ങൾ മൗനത്തിൽ നിന്നുത്ഭവിച്ചവയാണ്. മരുഭൂമിയിലെ ഏകാന്തതയിൽ നിന്നും മഹർഷിനാവിൽ നിന്നും എത്രയോ നല്ല ഈണങ്ങൾ പൊന്തിവന്നു! മനസ്സിനെ ശാന്തമാക്കലാണ് മൗനം. ഉള്ളിലെ മോഹങ്ങളെയും ബോധത്തിൽ നിന്ന് ദൈവാധിഷ്ഠിത ബോധത്തിലേക്കുള്ള ചുവടുവെയ്പാണ് മൗനം. മൗനം സർഗ്ഗാത്മകമാകുമ്പോൾ അത് നിസ്സംഗതയല്ല. ധർമ്മ ബോധത്തോടെയുള്ള പ്രതികരണമാണത്.

ക്രിയാത്മക മൗനത്തിൽ നീതി നിഷേധത്തിനെതിരേയുള്ള പോരാട്ടമുണ്ട്. ദുഷ്പ്രവണതകൾക്കെതിരേയുള്ള മുന്നറിയിപ്പുണ്ട്. അലസഭാഷണത്തിലൂടെ നഷ്ടപ്പെടുന്ന നന്മയുടെ ഊർജ്ജത്തെ മൗനമനനങ്ങളിലൂടെ ജീവചൈതന്യമാക്കി മാറ്റാൻ കഴിയും. ഒരു കുരിശ് മൗനമായി സംസാരിക്കുന്നു. പ്രതീകങ്ങൾ പ്രഖ്യാപനങ്ങളാണ്. ആത്മശുദ്ധിയും താഴ്മയും ദൈവസംസർഗ്ഗവും നിഷ്കളങ്ക മനസ്സുള്ളവരുടെ സാന്നിദ്ധ്യം തന്നെ പ്രചോദനമാണ്, ജീവദായകമാണ്.

ഫാ. ഡോ. റജി മാത്യു
(ഓർത്തഡോക്സ് സെമിനാരി)



# പൗലോസ് അപ്പോസ്തലനും യൂറോപ്യൻ നാടുകളിലെ സുവിശേഷ പ്രവർത്തനവും

**(അപ്പോ. പ്ര. 16:1–40)**

ജറുശലേം സമ്മേളനം കഴിഞ്ഞ് പൗലോസ് ശ്ലീഹാ തന്റെ സുവിശേഷ പ്രവർത്തനം തുടരുകയാണുണ്ടായത്. ക്രിസ്തുവർഷം 49 മുതൽ 51 വരെ നീളുന്ന അടുത്ത ഘട്ടത്തെ ചില പണ്ഡിതർ രണ്ടാം മിഷനറി യാത്ര എന്നുവിളിയിക്കുന്നു (അപ്പോ. പ്ര. 15:36–18:22). ആദ്യയാത്രയിൽ പോയ ലുസ്ത്രാ, ദെർബ എന്നീ സ്ഥലങ്ങളിലേയ്ക്കാണ് (അപ്പോ. പ്ര. 14:8–20) വീണ്ടും അദ്ദേഹം പോകുന്നത്.

### 1) സഹപ്രവർത്തകനായ തിമൊഥെയോസ്

ലുസ്ത്രയിൽ വച്ചാണ് പൗലോസ് ശുശ്രൂഷയിലെ തന്റെ "പ്രിയ മകനായ" തിമൊഥെയോസിനെ (1 തിമൊ. 2:1) കൂടെച്ചേർക്കുന്നത്. അദ്ദേഹത്തിന്റെ അമ്മ ഒരു യഹൂദ സ്ത്രീയും അപ്പൻ ഗ്രീക്കുകാരനും ആയിരുന്നു (അപ്പോ. പ്ര. 16:1). തിമൊഥെയോസ് മാതൃസംസ്ക്കാരം നിലനിർത്തുന്നതിനായി പരിഛേദന കഴിയ്ക്കുന്നതിൽ പൗലോസിന് എതിർപ്പുണ്ടായിരുന്നില്ല. പൗലോസിന്റെ എട്ടോളം ലേഖനങ്ങളിൽ പരാമർശിക്കപ്പെട്ടുന്ന തിമൊഥെയോസ് (2 കൊരി; ഫിലി; കൊലോ; 1–2 തെസ്സ; ഫിലെ; 1–2 തിമൊ;) സുവിശേഷ പ്രവർത്തനങ്ങളിൽ അദ്ദേഹത്തിന് വലിയ സഹകരണമാണ് നൽകിയത്.

### 2) പൗലോസ് റോമൻ പ്രവിശ്യകളിൽ

ലുസ്ത്രയിൽ നിന്നും പൗലോസ് യാത്ര ചെയ്യുന്നത് റോമാസാമ്രാജ്യത്തിന്റെ വിവിധ പ്രൊവിൻസുകളിലേയ്ക്കാണ്. അഗസ്റ്റസ് സീസറിന്റെ കാലം മുതൽ (ബി. സി. 27–എ. ഡി. 14) റോമാ സാമ്രാജ്യത്തിന്റെ ഭൂമിശാസ്ത്രത്തിൽ പ്രൊവിൻസുകൾ നിലവിൽ വന്നു. ഇതിനുമുമ്പ് Ionia, Caria, Lydia എന്നിങ്ങനെയൊക്കം അറിയപ്പെട്ടിരുന്ന ഇന്നത്തെ യൂറോപ്പിലെയും തുർക്കിയിലെയും സ്ഥലങ്ങൾ പുതിയ പേരുകളിൽ അറിയപ്പെട്ടു തുടങ്ങി. പൗലോസിന്റെ പ്രവർത്തനങ്ങളിൽ ഇത്തരം പതിനൊന്ന് പ്രവിശകളെങ്കിലും നാം പരിചയപ്പെടുന്നുണ്ട് (അഖായിയാ, ഏഷ്യ, ബിഥുന്യാ, കപ്പദോക്കിയാ, കിലിക്യ, ദൽമാത്തിയാ, ഗലാത്തിയാ, യഹൂദ്യ, ലുസിയാ, മക്കദോന്യാ, സിറിയാ). അപ്പോ. പ്ര. 2:8–11 ലും 1 പത്രൊസ് 1:1 ലും ഈ പേരുകൾ നാം കാണുന്നുണ്ട്. ഇവയിലെ പ്രമുഖ പട്ടണങ്ങളിലാണ് പൗലോസും കൂട്ടരും പ്രധാനമായും സുവിശേഷ പ്രവർത്തനം നടത്തിയത്.

### 3) പൗലോസ് ഫിലിപ്യാ നഗരത്തിൽ

വളരെ അപ്രതീക്ഷിതമായിട്ടാണ് പൗലോസ് ഫിലിപ്യാ നഗരത്തിൽ എത്തിച്ചേരുന്നത്; മുൻകൂട്ടി പ്ലാൻ ചെയ്ത സന്ദർശനമല്ലായിരുന്നു. അത്. അദ്ദേഹം ത്രോവാസിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന സമയം മക്കദോന്യക്കാരനായ ഒരു മനുഷ്യൻ 'ഞങ്ങളുടെ നാട്ടിൽ വന്ന് ഞങ്ങളെ രക്ഷിയ്ക്കണമെന്ന്' അപേക്ഷിക്കുന്ന ദർശനമാണ് ഇതിനു മുഖാന്തിരമായത്. ഗ്രീക്ക് സാമ്രാജ്യത്തിന്റെ ഭാഗമായിരുന്നപ്പോൾ പട്ടണത്തിന്റെ പേര് 'ജലധാരകളുടെ പട്ടണം' എന്നയർത്ഥമുള്ള Krinedes എന്നായിരുന്നു. മക്കദോന്യ പ്രവിശ്യയുടെ കിഴക്കേ അറ്റത്തായിരുന്ന ഫിലിപ്യ തികച്ചും റോമൻ കോളനിയുടെ ഭാഗമായ പട്ടണമായി പരിണമിച്ചു. ബി. ഡി. 356 ൽ ഫിലിപ്പ് രാജകുമാരന്റെ പേരിൽ (Philip II of Macedonia) പട്ടണത്തെ ഫിലിപ്യാ എന്നു പുനർനാമകരണം ചെയ്തു. സ്വർണ്ണഘനികളുടെ സാമീപ്യവും, യാത്ര സൗകര്യങ്ങളുടെ ലഭ്യതയും പ്രമാണിച്ച് ഈ പട്ടണം റോമാസാമ്രാജ്യത്തിന്റെ രാജ്യതന്ത്രജ്ഞതയുടെ കേന്ദ്രവും മിലിട്ടറിയുടെ സാന്നിദ്ധ്യമുള്ള സ്ഥലവുമായി മാറി. പൗലോസിന്റെ കാലത്ത് റോമൻ പൗരന്മാർ മാത്രം അധിവസിയ്ക്കുന്ന പട്ടണമായതിനാൽ യഹൂദന്മാർക്ക് അവിടെ ഒരു പ്രാർത്ഥനാ സ്ഥലം (Synagogue) ഇല്ലായിരുന്നു. ഈ പട്ടണത്തിലെ മൂന്നു വ്യക്തികളുടെ മാനസാന്തരം ഈ അധ്യായത്തിൽ (16 :11–35) നാം വായിക്കുന്നു.

#### a) യൂറോപ്പിലെ ആദ്യ ക്രിസ്ത്യാനിയായ ലുദിയാ

രക്താംബരം വില്ക്കുന്ന ലുദിയാ പൗലോസിന്റെ ആറ്റുതീരത്തെ പ്രസംഗം കേട്ട് മാന

## നന്ദി...



മലങ്കരസഭ മാസികയിൽ കഴിഞ്ഞ ഒരു വർഷക്കാലം സമകാലിക വിഷയങ്ങളെ ആസ്പദമാക്കി 'ദർപ്പണം' പംക്തിയെ ആശയ സമ്പുഷ്ടമാക്കിയ ബഹു. ഡോ. ജേക്കബ് കുര്യനച്ചന് മലങ്കരസഭ മാസികയുടെ സ്നേഹപൂർവ്വമായ നന്ദി... വീണ്ടും ബഹു. അച്ചന്റെ ചിന്തോദ്ദീപകമായ രചനകൾ പ്രതീക്ഷിച്ചുകൊണ്ട്...

സാന്തരപ്പെടുകയും തന്റെ ഭവനത്തിൽ ഒരു സഭ സ്ഥാപിയ്ക്കുകയും ചെയ്തു. ഇവൾ തുയഥൈര്യ ദേശത്തിൽ നിന്നുവന്ന് ഫിലിപ്യായിൽ രക്താംബര വസ്ത്രങ്ങളുടെ വ്യാപാരം നടത്തിയ സ്ത്രീയായിരുന്നു. പൗരസ്ത്യ സഭകൾ ലുഥിയായെ "അപ്പോസ്തലർക്ക് തുല്യയായ" വിശുദ്ധയായി കരുതുന്നുണ്ട്.

**b) വെളിച്ചപ്പാടത്തി**

ചില യജമാനന്മാർ വരുമാനമുണ്ടാക്കുവാനായി നിയോഗിച്ച വെളിച്ചപ്പാടത്തിയായ ഒരു അടിമപ്പെണ്ണായിരുന്നു ഫിലിപ്യായിൽ വച്ച് വിശ്വാസം സ്വീകരിച്ച രണ്ടാമത്തെ വ്യക്തി. ഇവൾ ഗ്രീസിലെ ഡെൽഫിയിലെ ജ്യോത്സ്യയായ പുരോഹിതയെപ്പോലെ ദിവ്യശക്തിയുള്ളവളായിരുന്നു. അതിനാൽ ഇവളുടെ ചിത്രങ്ങളിൽ ദർശനത്തിന് മുഖാന്തിരമായ ഡെൽഫിയിലെ പെരുമ്പാമ്പിന്റെ ചിത്രം നാം കാണുന്നുണ്ട്. ഇവളെ മാനസാന്തരപ്പെടുത്തിയതിൽ ക്രൂദ്ധരായ യജമാനന്മാർ ജനത്തെ ഇളക്കിവിട്ട് പൗലോസിനെയും ശീലാസിനെയും അറസ്റ്റു ചെയ്യിച്ചു, മർദ്ദിച്ചവശരാക്കി ജയിലിലടച്ചു (അപ്പോ. പ്ര. 16:18-24).


**c) കാരാഗ്രഹ പ്രമാണി**

ജയിലിൽ കിടന്ന് കഷ്ടതയുടെ നടുവിലും പ്രാർത്ഥനയിലും, സ്തോത്ര കീർത്തനങ്ങളിലും സന്തോഷം കണ്ടെത്തിയ പൗലോസിൽ കാരാഗ്രഹ പ്രമാണി ആകൃഷ്ടനായി വിശ്വാസം സ്വീകരിച്ചു: "രക്ഷ പ്രാപിയ്ക്കുവാൻ ഞാൻ എന്തുചെയ്യണം?" എന്ന കാരാഗ്രഹപ്രമാണിയുടെ ചോദ്യവും "കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിയ്ക്കുക; നീയും നിന്റെ കുടുംബവും രക്ഷപ്രാപിയ്ക്കും" എന്ന മറുപടിയും (അപ്പോ. പ്ര. 16:20-31) ക്രിസ്തു ചരിത്രത്തിന്റെ സുവിശേഷ പ്രവർത്തനങ്ങളിലെ കേന്ദ്ര ബിന്ദുവായി മാറിയെന്നുള്ളതു മറ്റൊരു ചരിത്രമാണ്. റോമാ പൗരന്മാരായ തങ്ങളെ ഭരണഘടനയുടെ പിൻബലമില്ലാതെ ജയിലിലടച്ചു എന്ന വസ്തുത പൗലോസിന്റെ സംഭാഷണത്തിൽ നിന്നുതന്നെ ഉയർന്നുവന്ന സാഹചര്യത്തിൽ പട്ടണമേധാവികൾ പൗലോസിന്റെയും ശിലാസിന്റെയും കാലുപിടിച്ച് അവരെ വിമോചിപ്പിച്ച് നിയമക്കുരുക്കിൽ നിന്ന് രക്ഷപെട്ടു. അവർ ലുദിയായുടെ വീട്ടിൽ തിരികെ എത്തി താമസിച്ചു. ○

# മൗനത്തിന്റെ മാധുര്യം

## വന്ദ്യ ദിവ്യ ശ്രീ. മൈലപ്ര പി.ഐ. മാത്യൂസ് റമ്പാച്ചന്റെ

# 32-ാമത് ശ്രാദ്ധപ്പെരുന്നാൾ



## 2023 സെപ്റ്റംബർ 3, 4 തീയതികളിൽ മൈലപ്ര മാർ കുറിയാക്കോസ് ആശ്രമ ചാപ്പലിൽ

## അഭിവന്ദ്യ തിരുമേനിമാരുടെ മുഖ്യ കാർമ്മികത്വത്തിൽ

'കർത്താവേ! തിരുവചനത്താൽ നീറി ഇരിക്കുന്ന ഈ ഹൃദയത്തെ ആശ്വസിപ്പിക്കേണമേ. മുന്നോട്ടു പോകേണ്ട യഥാവഴികളെ കാണിച്ചു തരേണമേ. ബലഹീനതകളേ ക്ഷമിക്കേണമേ. തിരുനാമമഹത്വത്തിനായി അടിയൻ എല്ലാവരേയുംകാൾ മണ്ടനായി തീരേണമേ. ഓരോ ദിവസവും അടിയന്റെ കൈക്കുപിടിച്ച് അനുഗ്രഹമായി നടത്തേണമേ. അവിടുന്നു അടിയനെ ശക്തിപ്പെടുത്തേണമേ.'

(റമ്പാച്ചന്റെ 'മധുരഭാഷണം' ഗ്രന്ഥത്തിൽ നിന്നും)



ആൾക്കൂട്ടം ജീവിതത്തിലുടനീളം ഉമ്മൻ ചാണ്ടിയുടെ കണക്കു കൂട്ടലുകൾ തെറ്റിച്ചു. ജീവിതത്തിൽ പ്രതിസന്ധികൾ വന്നപ്പോഴും ജനങ്ങളുടെ പ്രതിസന്ധികൾ കാണാനും കേൾക്കാനും അവർക്കിടയിലേക്ക് ഇറങ്ങിയപ്പോഴും ആൾക്കൂട്ടം നൽകിയ കരുത്തിനെക്കുറിച്ച് ഉമ്മൻ ചാണ്ടി പലപ്പോഴും വാചാലനായിട്ടുണ്ട്. മരണശേഷവും

കണക്കൂട്ടലുകൾക്കതീതമായി ആൾക്കൂട്ടം ഉമ്മൻ ചാണ്ടിക്കൊപ്പം കൂടിയതോടെ അദ്ദേഹത്തിന്റെ സംസ്കാരച്ചടങ്ങുകൾ പൂർത്തിയായത് പ്രതീക്ഷിച്ചതിലും 9 മണിക്കൂർ വൈകി. 'അതിവേഗം ബഹുദൂരം' എന്ന സ്ഥിരം ശൈലിക്ക് അവധി നൽകിയുള്ള ആ അന്ത്യയാത്ര ഇങ്ങനെ!

രോഗാവസ്ഥയിലാണ് എന്ന വാർത്തകൾക്കിടയിലും അതിനെ അതിജീവിച്ച് ഉഷാറായി തിരികെ എത്തുമെന്ന പ്രതീക്ഷകൾക്ക് മേൽ കരിനിഴൽ പടർത്തി ജൂലൈ 18 നെ പുലർച്ചെ നാലരയോടെയാണ് മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ വിയോഗവാർത്ത സ്ഥിരീകരിച്ചത്. ആരോഗ്യ നില മോശമായതിനെത്തുടർന്ന് 17 ന് രാത്രിയാണ് ബെംഗലൂരു ഇന്ദിരാനഗറിലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

# സമയത്തെ കീഴടക്കിയ ജനനായകന് ഇനി അന്ത്യ വിശ്രമം...

ഭാര്യ മറിയാമ്മ, മക്കളായ ചാണ്ടി, മറിയ, അച്ചു എന്നിവർ അന്ത്യനിമിഷങ്ങളിൽ ഒപ്പം ഉണ്ടായിരുന്നു. കഴിഞ്ഞ ഫെബ്രുവരി മുതൽ ചികിത്സാർഥം ഉമ്മൻ ചാണ്ടി ബെഗലൂരിലാണ് താമസിച്ചിരുന്നത്. ബെംഗലൂരുവിൽ മുൻ കർണാടക മന്ത്രി അന്തരിച്ച ടി.ജോണിന്റെ വസതിയിൽ പൊതുദർശനത്തിന് വച്ച മൃതദേഹത്തിൽ കോൺഗ്രസ് ദേശീയ നേതാക്കൾ, വിവിധ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ തുടങ്ങി ഒട്ടേറെ ആളുകൾ അന്തിമോപചാരം അർപ്പിച്ചു. ബെംഗലൂരുവിൽ നിന്ന് രണ്ടരയോടെ വിമാനമാർഗം മൃതദേഹം തിരുവനന്തപുരത്ത് എത്തിച്ചു. വിമാനത്താവളത്തിൽ നിന്ന് ജഗതി സുദർശൻ നഗറിലെ പുതുപ്പള്ളി ഹൗസിലേക്കുള്ള എട്ടര കിലോമീറ്റർ ദൂരം മൃതദേഹം എത്തിക്കാൻ വേണ്ടിവന്നത് രണ്ടേകാൽ മണിക്കൂർ. പുതുപ്പള്ളി ഹൗസിലും ജനസാഗരമാണ് ഉമ്മൻ ചാണ്ടിയെ അവസാനമായി കാണാൻ കാത്തുനിന്നത്. ആറരയോടെ ഇവിടെ നിന്ന് സെക്രട്ടേറിയറ്റിലെ ദർബാർ ഹാളിലേക്ക് മൃതദേഹം എത്തിച്ചു. മുഖ്യമന്ത്രി പിണറായി വിജയൻ ഉൾപ്പെടെയുള്ളവർ ഇവിടെയെത്തിയാണ് അന്തിമോപചാരം അർപ്പിച്ചത്. ഇന്ദിരാഭവനിലും പൊതുദർശനത്തിനു ശേഷം തിരികെ പുതുപ്പള്ളി ഹൗസിൽ മൃതദേഹം എത്തിച്ചപ്പോൾ അർധരാത്രിയായി.



20 ന് രാവിലെ 7.15 ന് പുതുപ്പള്ളി വീട്ടിൽ നിന്ന് ജന്മനാടായ പുതുപ്പള്ളിയിലേക്കുള്ള യാത്ര ആരംഭിച്ചു. 146 കിലോമീറ്റർ പിന്നിടാൻ 4 മണിക്കൂറിൽ താഴെ സമയമാണ് സാധാരണ വേണ്ടത്. കുറച്ചു കൂടി വൈകി, പാതയോരത്ത് കാത്തുനിൽക്കുന്നവർക്ക് കാണാൻ അവസരം ഒരുക്കി വൈകിട്ട് 6 മണിയോടെ വിലാപയാത്ര തിരുനക്കരയിൽ എത്തുമെന്ന പ്രതീക്ഷയിലായിരുന്നു ബന്ധപ്പെട്ടവർ ക്രമീകരണങ്ങൾ ഒരുക്കിയത്. എന്നാൽ വിലാപയാത്രയുടെ ആദ്യമണിക്കൂറിൽ തന്നെ ഈ പ്രതീക്ഷകൾ അസ്ഥാനത്തായി. റോഡുകൾ 'ആൾക്കടലാ

# ഉമ്മൻ ചാണ്ടിയുടെ റെക്കോർഡുകൾ

**കേ**രളനിയമസഭയിൽ ഏറ്റവും കൂടുതൽ കാലം അംഗമായിരുന്നതിന്റെ റെക്കോർഡ് ഉമ്മൻ ചാണ്ടിക്കാണ്. അദ്ദേഹം മരണം വരെ 19,078 ദിവസം (52 വർഷം 2 മാസം 25 ദിവസം) എംഎൽഎ ആയിരുന്നു.

അടിയന്തിരാവസ്ഥകാലത്ത് ആയുസു നീട്ടിക്കിട്ടിയ രണ്ടാം അച്യുതമേനോൻ മന്ത്രിസഭ (1970 ഒക്ടോബർ 4- 1977 മാർച്ച് 25; 2364 ദിവസം / 6 വർഷം 5 മാസം 21 ദിവസം) കഴിഞ്ഞാൽ ഏറ്റവും കൂടുതൽ കാലം അധികാരത്തിലിരുന്നത് രണ്ടാം ഉമ്മൻ ചാണ്ടി മന്ത്രിസഭ (2011 മേയ് 18 - 2016 മേയ് 25; 1834 ദിവസം / 5 വർഷം 7 ദിവസം) ആണ്. ആദ്യ മന്ത്രിസഭ (2004 ഓഗസ്റ്റ് 31 - 2006 മേയ് 18; 625 ദിവസം) ഉൾപ്പെടെ ആകെ 6 വർഷം 8 മാസം 25 ദിവസം (2459 ദിവസം) അദ്ദേഹം മുഖ്യമന്ത്രിയായിരുന്നു. നാലു മന്ത്രിസഭകളിലായി 4 വർഷം 8 മാസം 27 ദിവസം (1731 ദിവസം) തൊഴിൽ, ആഭ്യന്തരം, ധനകാര്യം വകുപ്പുകളുടെ ചുമതല വഹിച്ചു. 12-ാം നിയമസഭയിൽ പ്രതിപക്ഷനേതാവ് (2006 മേയ് 25 - 2011 മേയ് 14; 1815 ദിവസം) ആയിരുന്നു.

പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് വലിയ പള്ളിയിൽ പള്ളിമുറ്റത്തു വൈദികരുടെ കബറിടത്തിനു സമീപത്തായാണ് ഉമ്മൻ ചാണ്ടിയുടെ അന്ത്യവിശ്രമം.

**– വർഗീസ് ജോൺ തോട്ടപ്പുഴ**







യപ്പോൾ ഉമ്മൻചാണ്ടിയെ വഹിച്ചുകൊണ്ടുള്ള ബസ് എങ്ങനെ മുൻപോട്ട് എടുക്കുമെന്നറിയാതെ അധികൃതർ അങ്കലാപ്പിലായി. എക്കാലവും തങ്ങൾക്കൊപ്പം നിന്ന നേതാവിനെ പിരിയാൻ മനസ്സുവരാതെ ജനസമുദ്രം എംസി റോ ഡിലേക്ക് ഒഴുകിയെത്തി. വൈകിട്ട് 3.20 നാണ് കൊല്ലം ജില്ലയിൽ നിലമേലിലേക്ക് വിലാപയാത്ര എത്തിയത്. രാത്രി 7.30 ന് കൊട്ടാരക്കരയിൽ എത്തി. രാത്രിയാകുന്നതോടെ ആൾക്കൂട്ടം കുറയുമെന്ന് ചിലർ കരുതിയെങ്കിലും യാഥാർഥ്യം മറിച്ചായിരുന്നു. 20 ന് പുലർച്ചെ 2 ന് പന്തളം, 3.30 ന് ചെങ്ങന്നൂർ, 4.40 ന് തിരുവല്ല എന്ന ക്രമത്തിൽ കോട്ടയം ജില്ലാ അതിർത്തിയായ ചങ്ങനാശേരിയിലേക്ക് എത്തിയപ്പോൾ സമയം രാവിലെ 6.15. ചരിത്രസംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച തിരുനക്കര മൈതാനത്ത് ഉമ്മൻ ചാണ്ടിയുടെ ചേതനയറ്റ ശരീരം എത്തിച്ചപ്പോൾ 11 മണി കഴിഞ്ഞിരുന്നു. പുതുപ്പള്ളി കരോട്ട് വള്ളക്കാലിൽ വീട്ടിലും പുതുപ്പള്ളി കവലയ്ക്കു സമീപം നിർമാണത്തിലിരിക്കുന്ന പുതിയ വീട്ടിലും എത്തിച്ച് പ്രാർഥനകൾ നടത്തി പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളിയിലേക്ക് മൃതദേഹം എത്തിച്ചപ്പോൾ രാത്രി 9 മണി. ഇവിടെയും പൊതുദർശനത്തിന് അവസരം ഒരുക്കിയിരുന്നു. രാഹുൽ ഗാന്ധി, എ.കെ. ആന്റണി തുടങ്ങിയവർ പള്ളിയിൽ എത്തി അന്തിമോപചാരം അർപ്പിച്ചു. സഭയിലെ മെത്രാപ്പൊലീത്തമാരുടെയും വൈദികരുടെയും ഇതര സഭ മേലധ്യക്ഷന്മാരുടെയും സാന്നിധ്യത്തിൽ നടന്ന സംസ്കാര ശുശ്രൂഷയ്ക്ക് പരിശുദ്ധ ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ കാർമികത്വം വഹിച്ചു. 12 മണിയോടെ പള്ളി അങ്കണത്തിൽ പ്രത്യേകം തയാറാക്കിയ കല്ലറയിൽ സംസ്കാരം പൂർത്തിയായി.

**ജിക്കു തോമസ്, കുഴിമറ്റം**



ഫോട്ടോ @ ബി. മുരളീകൃഷ്ണൻ




# യേശുവിന്റെ വംശാവലിയിൽ സ്ഥാനം പിടിച്ച വേശ്യ സ്ത്രീ–രാഹാബ്

പ്രൊഫ. ഡോ. വൽസമ്മ എം. സാമുവൽ

വിശ്വാസത്താൽ രാഹാബ് എന്ന വേശ്യ ഒറ്റുകാരെ സമാധാനത്തോടെ കൈക്കൊണ്ടു അവിശ്വാസികളോടുകൂടെ നശിക്കാതിരുന്നു. (എബ്രായർ 11:31).

യോർദ്ദാൻ താഴ്വരയിലുള്ള ബലമുള്ള കോട്ടയുള്ള കനാന്യ രാജ്യമായ യരിഹോ പിടിച്ചെടുക്കുന്നതിന്റെ വിവരണമാണ് യോശുവ 2 മുതൽ 6 വരെ അദ്ധ്യായങ്ങളിൽ ഉള്ളത്. യോർദ്ദാൻ നദി കടന്നു വരുന്ന യിസ്രായേൽക്കാരുടെ സുരക്ഷിതസ്ഥാനമാണ് യരിഹോ. നൂന്റെ മകനായ യോശുവ യരിഹോദേശം രഹസ്യമായി ഒറ്റുനോക്കേണ്ടതിനു ശിത്തീമിൽ നിന്നും രണ്ടുപേരെ അയച്ചു അവർ രാഹാബ് എന്നു പേരുള്ളൊരു വേശ്യയുടെ വീട്ടിൽ ചെന്നു പാർത്തു (യോശുവ. 2:1). യരിഹോ രാജാവു ഈ വിവിരം അറിഞ്ഞ് രാഹാബിന്റെ അടുക്കൽ ആളയച്ചു. അവർ ചാരന്മാരാണ് അവരെ പുറത്തിറക്കിതരുവാൻ ആവശ്യപ്പെട്ടു. രാഹാബ് അവരെ ഒളിപ്പിച്ചിട്ടു പറഞ്ഞു. അവർ എന്റെ അടുക്കൽ വന്നിരുന്നു എങ്കിലും എവിടുത്തുകാർ എന്നു ഞാൻ അറിഞ്ഞില്ല. ഇരുട്ടായപ്പോൾ പട്ടണവാതിൽ അടയ്ക്കുന്ന സമയത്ത് അവർ പോയി. എവിടേക്കുപോയി എന്ന് എനിക്കറിയില്ല വേഗം ചെന്നാൽ അവരെ കണ്ടുപിടിക്കാം എന്ന് അവൾ പറഞ്ഞു. അവൾ അവരെ വീടിന്റെ മുകളിൽ കൊണ്ടുപോയി അവിടെ അടുക്കി വച്ചിരുന്ന ചണതണ്ടുകളുടെ ഇടയിൽ ഒളിപ്പിച്ചു. ആ ആളുകൾ പോയി തിരക്കി എങ്കിലും അവരെ കണ്ടു കിട്ടിയില്ല. എന്നാൽ അവൾ കിടപ്പാൻ പോകുന്നതിനു മുമ്പു അവരുടെ അടുക്കൽ ചെന്ന് പറഞ്ഞു. ദൈവം ഈ ദേശം നിങ്ങൾക്കു തന്നിരിക്കുന്നു. നിങ്ങളെയുള്ള ഭീതി ഞങ്ങളുടെമേൽ വീണിരിക്കുന്നു. നിങ്ങൾ മിസ്രയീമിൽ നിന്നു പുറപ്പെട്ടപ്പോൾ മുതൽ ദൈവം നിങ്ങൾക്കുവേണ്ടി ചെങ്കടലിലെ വെള്ളം വറ്റിച്ചതും യോർദ്ദാനക്കരെ വച്ച് പിടിച്ചെടുത്ത രാജ്യങ്ങളെപ്പറ്റിയും കേട്ടിട്ടുണ്ട്. നിങ്ങളുടെ ദൈവമായ കർത്താവു തന്നെ മേൽ സ്വർഗ്ഗത്തിലും താഴെ ഭൂമിയിലും ദൈവം ആകുന്നു. ആകയാൽ ഞാൻ നിങ്ങളോടു ദയ ചെയ്കകൊണ്ട് നിങ്ങളും എന്നോടു ദയ ചെയ്ത് എന്റെ കുടുംബത്തെയും അവർക്കുള്ള സകലത്തെയും മരണത്തിൽ നിന്ന് വിടുവിക്കുമെന്നു ദൈവത്തെചൊല്ലി സത്യം ചെയ്യണം. അവർ അവളോടു ഉടമ്പടി ചെയ്തു. ഞങ്ങൾ ഈ ദേശത്തു വരുമ്പോൾ നീ ഞങ്ങളെ ഇറക്കിവിട്ട ഈ കിളിവാതിൽക്കൽ ഈ ചുവപ്പുചരടുകെട്ടുകയും നിന്റെ അപ്പനും അമ്മയും സഹോദരങ്ങളും ഈ വീടിനകത്തായിരിക്കണം. അല്ലെങ്കിൽ നീ ഞങ്ങളെക്കൊണ്ട് ചെയ്യിച്ച സത്യത്തിൽ നിന്നും ഞങ്ങൾ സ്വതന്ത്രരാകും.

അവൾ അവരെ കിളിവാതിലിലൂടെ ഒരു കയറു കെട്ടി ഇറക്കി. അവളുടെ വീട് കോട്ടമതിലിന്മേൽ ആയിരുന്നു. നിങ്ങൾ വലയിൽ കയറി മൂന്നു ദിവസം ഒളിച്ചുപാർത്തിട്ട് നിങ്ങളുടെ വഴിക്കു പോകാം എന്നു പറഞ്ഞു അവരെ അയച്ചു. ചാരന്മാർ യോശുവയുടെ അടുത്തെത്തി സംഭവിച്ചതൊക്കെയും അറിയിച്ചു. യരിഹോയുടെ ചുറ്റും ഉപരോധം തീർത്തു പട്ടണം പിടിച്ചെടുത്തു. രാഹാബിനെയും കുടുംബത്തെയും അവളുടെ സകലത്തെയും പുറത്തുകൊണ്ടുവന്നു. പിന്നെ അവർ പട്ടണവും അതിലുള്ളതെല്ലാം തീവച്ചു ചുട്ടുകളഞ്ഞു. അവിടെ നിന്ന് ഒന്നും എടുക്കരുതെന്നു യോശുവ കല്പിച്ചിരുന്നു. രാഹാബ് ഇന്നും യിസ്രായേലിൽ പാർക്കുന്നത് എങ്ങനെയെന്നു നോക്കാം. ഒരു വേശ്യയിൽ നിന്നും വീരവനിതയായി ഒരു ഉത്തമ ഭാര്യയായി അമ്മയായി ജീവിച്ചു. യൂദാഗോത്രത്തിലെ ശൽമോനെ രാഹാബ് വിവാഹം കഴിച്ചു. അവർക്ക് ബോവസ് എന്ന മകൻ ജനിച്ചു. ബോവസ്, രൂത്തിനെ വിവാഹം കഴിച്ചു മകനായ ഓബേദിൽ നിന്ന് യിശ്ശായിയെ ജനിപ്പിച്ചു-യിശ്ശായി ദാവീദ് രാജാവിനെ ജനിപ്പിച്ചു. അങ്ങനെ യേശുവിന്റെ വംശാവലിയിൽ രാഹാബും ഉൾപ്പെട്ടു.

ഒരു വേശ്യയുടെ പരിവർത്തനമാണ് ഇവിടെ തുറന്നുകാട്ടുന്നത്. നിന്ദയുടെ ഭവനത്തിൽ നിന്ന് പ്രസിദ്ധിയുടെ ഹാളിലേക്ക് അവൾ വീണ്ടെടുക്കപ്പെട്ടു. “From the house of shame to the Hall of fame” ആത്മീയ അന്ധകാരം സാധിച്ച ഒരു സമൂഹത്തിൽ ഉൾപ്പെട്ടവളാണ് രാഹാബ്. അവളുടെ ദൈവത്തിലുള്ള വിശ്വാസം അന്ധകാരത്തെ നിർമ്മൂലമാക്കി അവളുടെ ജീവിതം തന്നെ മാറ്റിമറിച്ചു. രാഹാബ് അവളുടെ പ്രവൃത്തികളാൽ നീതീകരിക്കപ്പെട്ടുവെന്ന് യാക്കോബ് 2:25–ൽ പറയുന്നു. അവൾ വിശ്വസ്തയായിരുന്നു. അവളുടെ നഗരത്തിനു സംഭവിക്കാൻ പോകുന്ന നാശം അവൾ മനസിലാക്കി. അവൾ അനുസരണ ശീലമുള്ളവളായിരുന്നു. അവൾ ചാരന്മാരെ ഒളിപ്പിക്കുകയും അവരെ രക്ഷപെടാൻ സഹായിക്കുകയും ചെയ്തു. ആ രണ്ടു ചാരന്മാരുടെ വാക്കുകൾ വിശ്വസിച്ചു പ്രവർത്തിച്ചു. അവർ കൊടുത്ത ചുവപ്പു ചരട് കിളിവാതിലിൽ കെട്ടി.

ദൈവത്തിന്റെ കരുണയാൽ എല്ലാ പാപികളും രക്ഷിക്കപ്പെടും എന്ന സന്ദേശമാണ് രാഹാബിന്റെ കഥയിൽ നിന്നും നമുക്കു ലഭിക്കുന്നത്. അവനിൽ വിശ്വസിക്ക. എന്നാൽ ധാർമ്മികതയിലേക്കുള്ള വഴി അവൻ കാണിച്ചു തരും. ഈ ലോകത്തിനു അനുരൂപമാകാതെ നന്മയും പ്രസാദവും, പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിനു മനസു പുതുക്കി രൂപാന്തരപ്പെടുവീൻ (റോമർ 12:2).

# എങ്ങനെയെങ്കിലും കാനഡയിൽ പോകണം

പ്ലസ്ടു കഴിയുന്നതു വരെ വലിയ പ്രശ്നമൊന്നുമില്ലായിരുന്നു. എങ്ങനെയെങ്കിലും കാനഡയിൽ പോകണമെന്നു പറഞ്ഞ് വീട്ടിൽ വഴക്കാണ്. ഇവിടെത്തന്നെ ഇവന്റെ കൂട്ടുകെട്ടുകൾ ശരിയല്ല. നിർബന്ധിച്ചു വഴക്കു പറഞ്ഞാൽ മാത്രമേ പള്ളിയിൽ പോകൂ. കുർബ്ബാന തീരാറാകുമ്പോൾ പള്ളിയിൽ വന്ന് അലക്ഷ്യമായി നിൽക്കും. അല്ലെങ്കിൽ നാടകശാലയിൽ ഇരുന്ന് കൂട്ടുകാരുമായി വർത്തമാനം പറഞ്ഞിരിക്കും. ദൈവവിശ്വാസം തന്നെ ഇല്ല. "ഞാനൊരു എത്തീസ്റ്റാണ്. അമ്മയും അപ്പനെയും ബോധിപ്പിക്കാൻ പള്ളിയിൽ പോകുന്നു എന്നേയുള്ളു" എന്നാണ് ഇക്കാര്യത്തിൽ അവനെ ഉപദേശിക്കാൻ ചെന്ന ആന്റിയോട് അവൻ പറഞ്ഞത്. സൺഡേസ്ക്കൂൾ പത്തുവരെ പഠിച്ചതാണ്. വീട്ടിൽ പ്രാർത്ഥനയും നോമ്പും ഒക്കെയുണ്ട്. പക്ഷേ എന്നിട്ടെന്താ ഇവൻ ഇങ്ങനെ എന്നാണ് ഞങ്ങൾക്ക് മനസ്സിലാകാത്തത്.

പതിനെട്ടുകാരനായ എബിയെപ്പറ്റി നിറയെ പരാതികളുമായിട്ടാണ് സൺഡേസ്ക്കൂൾ അധ്യാപകനായ അപ്പനും മർത്തമറിയം സമാജം സെക്രട്ടറിയായ അമ്മയും എത്തുന്നത്. വളർത്തു ദോഷം കൊണ്ടാണ് മകൻ തല തിരിഞ്ഞു പോയത് എന്ന കുറ്റപ്പെടുത്തലുകൾ ചുറ്റുപാടുകളിൽ നിന്ന് ഒളിഞ്ഞും തെളിഞ്ഞും വരുന്നുണ്ട്. "ഞങ്ങൾ മൂന്നു മക്കളെയും ഒരേപോലെയാണ് വളർത്തിയത്. മൂത്ത രണ്ട് കുട്ടികൾക്കും ഇല്ലാത്ത വളർത്തുദോഷം ഇളയമകനു മാത്രം എങ്ങനെയുണ്ടായി എന്ന് ഒരു പിടിയും കിട്ടുന്നില്ല." ആ അപ്പനും അമ്മയും തങ്ങളുടെ വേദനയും ആശക്കുഴപ്പവും പങ്കുവെച്ചു.




ഡോ. വർഗീസ് പുന്നൂസ്
പണിക്കശ്ശേരിൽ

ഇത് ഒരു ഒറ്റപ്പെട്ട പ്രശ്നമല്ല. നമ്മുടെ ഒക്കെ വീടുകളിൽ നിശബ്ദമായി സംഭവിച്ചുകൊണ്ടിരിക്കുന്ന വലിയ ഒരു മാറ്റമാണിത്. ഭാവിയിൽ നമ്മുടെ കുടുംബ വ്യവസ്ഥയുടെയും സഭയുടെ തന്നെയും നിലനിൽപ്പിനെ ബാധിക്കുന്ന ഒരു ഗുരുതര പ്രശ്നം തന്നെയാണിത്. പ്രശ്നത്തിന്റെ സങ്കീർണ്ണത കൊണ്ടുതന്നെ പരിഹാരം അത്ര എളുപ്പവുമല്ല. Never expect simpe solutions to complete problems എന്നാണല്ലോ പ്രമാണം.

മനുഷ്യജീവിതത്തിലെ കഷ്ടപ്പാടുകളും ആകുലതകളും ഒക്കെ മാറിപ്പോയി-സാമ്പത്തിക വളർച്ചയുടെ ടെക്നോളജിയും കൂടിച്ചേർന്നപ്പോൾ മനുഷ്യന്റെ മനഃപ്രയാസങ്ങളും ജീവിതത്തിൽ അനിശ്ചിതങ്ങളും കുറഞ്ഞു വരുന്നു. അപ്പോൾ പിന്നെ ദൈവവിശ്വാസത്തിന്റെയും മതങ്ങളുടെയും ഒന്നും ആവശ്യമില്ലാതെ വരുന്നു എന്ന ചിന്ത ഈ പ്രവണതയുടെ ഒരു കാരണമായി പറയാറുണ്ട്. സയൻസ് വളർന്നതോടെ ദൈവം മനുഷ്യനെ സൃഷ്ടിച്ചു എന്നുള്ള വിശ്വാസത്തിന് നില നില്പില്ലാതെയായി, പ്രപഞ്ചോൽപത്തിയെപ്പറ്റിയും ജീവന്റെ ആവിർഭാവത്തെപ്പറ്റിയും ബൈബിൾ പറയുന്നത് കെട്ടുകഥകളാണ് എന്ന് ശാസ്ത്രം തെളിയിച്ചു-ഇതോടെ ദൈവവിശ്വാസം ഇല്ലാതെയായി എന്ന വാദവുമുണ്ട്.

സഭയും ഇടവക പള്ളികളും വൈദികരും അൽമായ നേതാക്കളും ഒന്നും ക്രൈസ്തവ സാക്ഷ്യം നൽകുന്നില്ല. കേസും വഴക്കുകളും സദാചാര ലംഘനവും എല്ലാം യുവതലമുറയെ പള്ളികളിൽ നിന്ന് അകറ്റുന്നു എന്ന നിരീക്ഷണങ്ങളും ഉണ്ട്.

ഈ ഘടകങ്ങൾ ഒക്കെ തീർച്ചയായും പ്രധാന പ്രശ്നങ്ങൾതന്നെ. പ്രശ്നങ്ങളെ വിശകലനം ചെയ്യുന്ന നിലയിൽ നാം കുടുങ്ങി നിൽക്കുകയാണ്. പരിഹാരങ്ങളിലേയ്ക്ക് പോകാൻ കഴിയുന്നില്ല.

സാമ്പത്തിക അഭിവൃദ്ധിയുടെയും ശാസ്ത്ര സാങ്കേതിക പുരോഗതിയുടെയും പാശ്ചാത്യ സംസ്കാര സ്വാധീനത്തിന്റെയും പരിസരത്ത് ജനിക്കുകയും വളരുകയും ചെയ്യുന്ന തലമുറയ്ക്ക് (ജനറേഷൻ 2) പഴയ ഫോർമുലകൾ ഫലവത്താകില്ല. അവർക്ക് ദൈവവിശ്വാസം ഉണ്ടാകണമെങ്കിൽ, ക്രൈസ്തവ വിശ്വാസം ഉണ്ടാകണമെങ്കിൽ ഓർത്തഡോക്സ് ജീവിത തത്വചിന്തകളെക്കുറിച്ചും രീതികളെക്കുറിച്ചും ബോധ്യമുണ്ടാകണമെങ്കിൽ കാതലായ മാറ്റങ്ങൾ ഉണ്ടായേ പറ്റു.

ഏറ്റവും പ്രധാനം കുടുംബങ്ങളാണ്. പിന്നീട് പള്ളിയും സൺഡേസ്ക്കൂളും മറ്റ് ആത്മീക പ്രസ്ഥാനങ്ങളും. ഏതു തരത്തിലുള്ള ദൈവത്തെയാണ് ഒരു കുട്ടിയെ നമ്മൾ പരിചയപ്പെടുത്തി. കൊടുക്കേണ്ടത് എന്നതിന് വ്യക്തമായ പ്രബോധനങ്ങളും പരിശീലനങ്ങളും ഉണ്ടാകണം.

ഈ ലേഖനത്തിന്റെ സ്ഥലപരിമിതിയിൽ നിന്ന് നിർദ്ദേശിക്കാനുള്ളത് പരമപ്രധാനമായ ഒരു ഒരു കാര്യമാണ്-നമ്മുടെ ആരാധനയുടെ, നമസ്ക്കാരങ്ങളുടെ, വി. കുർബ്ബാനയുടെയും മറ്റ് കൂദശകളുടെ അർത്ഥതലങ്ങളും, മാധുര്യവും കുട്ടികൾക്ക് അനുഭവ വേദ്യമാക്കുക. "നിൻമുറിവുകളിൽ നിന്നേറ്റാൻ മൂറോൻ മണമെൻ നാഥാ– "എന്ന് അവൻ/അവൾ പാടുമ്പോൾ അതിന്റെ അനുഭവം അവന്റെ/അവളുടെ മസ്തിഷ്കത്തിൽ ഉണ്ടാകണം. ആരാധനയുടെ അർത്ഥ മാധുര്യങ്ങൾ ഈ തലമുറയ്ക്ക് പകർന്നു കൊടുക്കുന്നതിലാകട്ടെ പരിഹാരങ്ങളുടെ തുടക്കം.

ഫാ. ജോബി വർഗ്ഗീസ് മാമ്പള്ളിൽ



# ദൈവമാതാവും സാക്ഷ്യപ്പെട്ടകവും

വി. ദൈവമാതാവിന്റെ നിഴലായി പഴയനിയമത്തിൽ ഉയർത്തികാണിക്കുന്ന, ദൃഷ്ടാന്തങ്ങളിലൊന്നാണ് സാക്ഷ്യപ്പെട്ടകം. നമ്മുടെ ആരാധനാഗീതങ്ങളിലൊന്നു തുടങ്ങുന്നതുതന്നെ മോശചമച്ചോരാപ്പേടക ദൃഷ്ടാന്തമെന്നാണല്ലോ. യഹോവയുടെ പെട്ടകം, ദൈവത്തിന്റെ പെട്ടകം, നിയമപെട്ടകം എന്നിങ്ങനെ മറ്റു പേരുകളും സാക്ഷ്യപ്പെട്ടകത്തിനുണ്ട്. എബ്രായ സംസ്കാരത്തിൽ വിശുദ്ധമായി കരുതിയിരുന്ന ഖദിരമരം കൊണ്ടാണ് സാക്ഷ്യപ്പെട്ടകം നിർമ്മിച്ചിരുന്നത്. ദൈവസാന്നിധ്യത്തെ പ്രതീകവൽക്കരിക്കുന്നതാണ് സാക്ഷ്യപ്പെട്ടകം. പുറപ്പാട് പുസ്തകം 25–ാം അധ്യായം 10 മുതൽ 30 വരെയുള്ള വാക്യങ്ങളിൽ നിയമപ്പെട്ടകത്തെകുറിച്ചുള്ള സംക്ഷിപ്ത വിവരണമുണ്ട്. അകവും പുറവും സ്വർണ്ണംകൊണ്ട് പൊതിഞ്ഞതാണ്. നീളം ഏകദേശം നാലടിയും, വീതിയും ഉയരവും രണ്ടേകാൽ അടിവീതവുമാണ്. നിയമപ്പെട്ടകത്തിനുള്ളിൽ മന്നാനിക്ഷേപിച്ചിരുന്ന പൊൻച്ചെപ്പും, അഹരോന്റെ തളിർത്ത വടിയും, പത്തുകൽപ്പനകളെഴുതിയ കൽപ്പനകളും വച്ചിട്ടുണ്ട്. (ആവർത്തനം : 2: 4, എബ്രായർ 9:1–5) പുരോഹിതന്മാർ മാത്രമെ ഇത് സ്പർശിച്ചിരുന്നുള്ളു. ഭക്തി ബഹുമാനത്തോടെ മരുഭൂയാത്രയിൽ യിസ്രായേല്യർ കൂടെകൊണ്ടുനടന്നു (സംഖ്യ 10: 33) കനാൻ ദേശം അവർ കൈവശമാക്കിയപ്പോൾ ഇതും കൂടെ കൊണ്ടുപോയി (യേശുവ 3:3, 6:6) പിന്നീട് ശീലോവിൽ ഒരു ആരാധന സ്ഥലത്ത് പ്രതിഷ്ഠിച്ചു. ഇതിനുശേഷമുള്ള ഇതിന്റെ ചരിത്രം അജ്ഞാതമാണ്. ബാബിലോൺ ആക്രമണ സമയത്ത് യെരുശലേം പിടിക്കുന്നതിന് മുമ്പ് യിരമ്യാ പ്രവാചകൻ ഈ പെട്ടകത്തെ എവിടെയോ ഒളിപ്പിച്ചുവെന്നും അന്നു മുതൽ ഇതു കാണാതെപോയിയെന്നാണ് പണ്ഡിതന്മാരുടെ പാരമ്പര്യ വിശ്വാസം.

മോശയുടെ നിയമപ്പെട്ടകവും, ദൈവമാതാവും തമ്മിലുള്ള ബന്ധം ആകസ്മികമല്ല. വി.ദൈവമാതാവിനോട് നിയമപ്പെട്ടകത്തെ താരതമ്യം ചെയ്യുന്നതിന്റെ സാംഗത്യം താഴെപ്പറയുന്നവയാണ്.

**1. സാക്ഷ്യപ്പെട്ടകത്തിനുള്ളിൽ മൂന്നു കാര്യങ്ങളാണ്**

1. മന്ന ഇട്ടുവെച്ച പൊൻച്ചെപ്പ്
2. അഹരോന്റെ തളിർത്തവടി
3. കൽപ്പനകൾ എഴുതിയിരുന്ന കല്പലക

(എബ്രായർ 9: 4)

ഈ മൂന്നു കാര്യങ്ങളും വി.മറിയാമിനോട് ബന്ധമുള്ളതാണ്. പുതിയ നിയമ പശ്ചാത്തലത്തിൽ മന്ന ക്രിസ്തുവാണ്. വി.കുർബ്ബാനയാണ് (വി.യോഹ 6: 41–58) പെസഹയ്ക്ക് വി കുർബ്ബാന നൽകുമ്പോൾ പാടുന്നത് 'മരുഭൂമിതന്നിൽ യിസ്രായേല്യർക്ക് കൊടുത്തൊരു ഗഗന മന്നാ ഇതുതാൻ എന്നാണ്. സാക്ഷ്യപ്പെട്ടകത്തിനുള്ളിൽ സ്വർഗ്ഗത്തിൽ നിന്നും വീണ മന്ന ഇട്ടു വെച്ചിരുന്ന പൊൻച്ചെപ്പ് എന്നപോലെ സ്വർഗ്ഗീയ മന്നയായ ക്രിസ്തുവും, മറിയാമിൽ വസിച്ചു. സാക്ഷ്യപ്പെട്ടകത്തിൽ മന്ന ഇട്ടുവച്ചിരുന്ന പൊൻച്ചെപ്പ് വെച്ചിരുന്നതുപോലെ.

അഹരോന്റെ തളിർത്ത വടിയായിരുന്നു സാക്ഷ്യപ്പെട്ടകത്തിലുണ്ടായിരുന്ന രണ്ടാമത്തെ വസ്തു അഹരോൻ മഹാപുരോഹിതനായിരുന്നു. മഹാപൗരോഹിത്യത്തിന്റെ ചിഹ്നമായിരുന്നു തളിർത്തവടി, സംഖ്യ 17 –ാം അദ്ധ്യയത്തിൽ പരാമർശിച്ചിരിക്കുന്ന പ്രകാരം അഹരോന്റെ തളിർത്തവടി മഹാപൗരോഹിത്യത്തിന്റെ പ്രതീകമാണ്. യേശു ക്രിസ്തു മഹാ പുരോഹിതനാണ്. എബ്രായർ 4 : 14 ൽ ആകയാൽ ദൈവപുത്രനായ യേശു ആകാശത്തിൽ കൂടി കടന്നുപോയെന്നു ശ്രേഷ്ഠ മഹാപുരോഹിതനായി നമുക്കുള്ളതുകൊണ്ട് നമ്മുടെ സ്വീകാര്യം മുറുകെപ്പിടിച്ചുകൊൾക എന്നു വായിക്കുന്നു. എബ്രായലേഖനത്തിൽ എബ്രായർ 4:15, 5:5, 6.26 –28 9 : 11–12,

ഇവിടെയെല്ലാം ക്രിസ്തുവിനെ മഹാപുരോഹിതനായി ട്ടാണ് ചിത്രീകരിക്കുന്നത്. അഹരോന്റെ തളിർത്തവടി യിൽയെന്ന മഹാപൗരോഹിത ചിഹ്നം സാക്ഷ്യപ്പെട്ടക ത്തിലിരുന്നതുപോലെ ക്രിസ്തുവെന്ന മഹപുരോഹിത നും കന്യകമറിയാമിൽ (പുതിയ നിയമ സാക്ഷ്യപ്പെട്ടക ത്തിൽ) വസിച്ചു.

സാക്ഷ്യപ്പെട്ടകത്തിനുള്ളിൽ അടുത്തതായി ഉണ്ടായി രുന്നത് കൽപ്പനകൾ എഴുതിയിരുന്ന കൽപ്പനകളായിരു ന്നു. ഈ കൽപ്പനകൾ ദൈവവചനങ്ങളാണ്. (പുറപ്പാട് 20: 1-18, ആവർത്തനം 5) പുതിയ നിയമ പശ്ചാത്തല ത്തിൽ വചനമാം ദൈവം പുത്രനായ ക്രിസ്തുവാണ് (യോഹന്നാൻ 1: 1-3, 14:10, 1 : 8, 1 കൊരിന്ത്യർ 8: 6) ആ ക്രിസ്തുവിനെ വഹിച്ച സാക്ഷ്യപ്പെട്ടകമാണ് വി. മറിയാം.

2. സാക്ഷ്യപ്പെട്ടകം ബസലേൽ എന്ന ശില്പിയുടെ കരവിരുതിനാൽ മോശ നിർമ്മിച്ചത് ഖദിരമരം കൊണ്ടാ യിരുന്നു. (പുറപ്പാട് 25: 10) എബ്രായ പാരമ്പര്യത്തിൽ വിശുദ്ധമരം ആയിരുന്നു ഖദിരമരം, കർഷകർക്കും മൃഗ ങ്ങൾക്കും തണൽ നൽകിയിരുന്ന മരമായിരുന്നു. വരണ്ട അവസ്ഥയിലും വളരുന്നു. ഈ സാമ്യങ്ങളെല്ലാം മറിയാ മിനും യോജിച്ചതാണ്. അവൾ വിശുദ്ധിയോടെ പ്രത്യേകം വിളിച്ചു വേർതിരിക്കപ്പെട്ടവളായിരുന്നു - വരണ്ട അവസ്ഥ മറിയാമിൽ നിന്നുള്ള ക്രിസ്തുവിന്റെ കന്യകാജനന ത്തെപ്പറ്റി പിതാക്കന്മാർ പ്രതീകവത്ക്കരിച്ചിട്ടുമുണ്ട്.

3) സാക്ഷ്യപ്പെട്ടകം നാല്, പൊൻ വളയങ്ങളാൽ ഉയർത്തപ്പെട്ടതായിരുന്നു (പുറപ്പാട് 25: 12) മറിയാമും നാലു സുവിശേഷങ്ങളാൽ ഉയർത്തപ്പെട്ടവളായിരുന്നു. മുഴുവനും തങ്കംകൊണ്ട് പൊതിഞ്ഞതായിരുന്നു. മറി യാമും ദൈവ കൃപകൊണ്ട് പൊതിയപ്പെട്ടവളായിരുന്നു.

4) സാക്ഷ്യപ്പെട്ടകം പുരോഹിതന്മാരാൽ വഹിക്കപ്പെ ട്ടതായിരുന്നു. -(യേശു വ 3 : 14) വി കന്യകമറിയാമും ദേവാലയത്തിൽ വളർത്തപ്പെട്ടവളും പുരോഹിതന്മാരാൽ പരിപാലിക്കപ്പെട്ടവളുമാണ്. (അവലംബം ഗോസ്പൽ ഓഫ് സെന്റ് ജെയിംസ് അധ്യായം 1 -17 വരെ) സാക്ഷ്യ പ്പെട്ടകം മരുഭൂയാത്രയിൽ ഇസ്രായേല്യർക്ക് മുമ്പായി പേ ായതുപ്പോലെ (യേശു വ 3 : 14) വി മറിയാമെന്ന സാക്ഷ്യ പ്പെട്ടകം അപ്പോസ്തലൻമാർക്ക് മുമ്പായി നടന്നു (അപ്പോ പ്രവൃ 1 : 14)

5 മഹാപുരോഹിതൻമാർ ആണ്ടിലൊരിക്കൽ പ്രവേ ശിച്ചിരുന്ന അതി വിശുദ്ധ സ്ഥലത്തായിരുന്നു സാക്ഷ്യ പ്പെട്ടകം പ്രതിഷ്ഠിച്ചിരുന്നത്. അതുപോലെ, വി മറിയാ മിന്റെ ഉദരത്തിൽ വ്രതഭംഗം കൂടാതെ ഒരിക്കൽ മാത്രം പ്രവേശിച്ച ക്രിസ്തുവും കന്യകാവ്രതമുദ്രയ്ക്ക് ഭംഗം വരുത്തിയതുമില്ല.

6. ദൈവത്തിന്റെ പെട്ടകം യെഹൂദ്യയിലേക്ക് കൊണ്ടു പോകുന്നതായി 2 ശമുവേൽ 6-ാം അദ്ധ്യയത്തിൽ വായി ക്കുന്നു. പുതിയ നിയമത്തിന്റെ സാക്ഷ്യപ്പെട്ടകമായ വി കന്യകമറിയം യെഹുദ്യപട്ടണത്തിലേക്ക് ബന്ധപ്പെട്ട് ചെല്ലുന്നതായി വി ലൂക്കോസ് 1 : 39 ലും വായിക്കുന്നു. 2 ശമുവേൽ 6: 9 ൽ യഹോവയുടെ പെട്ടകം എന്റെ അടു ക്കൽ എങ്ങനെ കൊണ്ടുവരേണ്ടു എന്ന് ദാവിദ് അതിശ യോക്തിയോടെ പറയുന്നു. ഇതുപോലെ തന്നെ പുതിയ നിയമ സാക്ഷ്യപ്പെട്ടകമായ വി.മറിയാമിനെ എലിസബത്ത് അഭിസംബോധന ചെയ്യുന്നു. എന്റെ കർത്താവിന്റെ മാ താവ് എന്റെ അടുക്കൽ വരുന്ന മാനം എനിക്ക് എവിടെ നിന്ന് ഉണ്ടായി (വി.ലൂക്കോസ് 1 : 43) യെഹുദ്യയിൽ . യഹോവയുടെ പെട്ടകം മൂന്നു മാസം ഇരുന്നതായി വായി ക്കുന്നു. (2 ശമുവേൽ 6 : 11) ഇതുപോലെ തന്നെ വി മറിയം മൂന്നു മാസം യഹൂദ്യയിൽ പാർത്തിരുന്നതായി വി ലൂക്കോ സ് 1: 56 ൽ വായിക്കുന്നു.

6. യഹോവയുടെ പെട്ടകം ദാവീദിന്റെ നഗരത്തിൽ കട ക്കുമ്പോൾ ദാവീദ് യഹോവയുടെ മുമ്പാകെ നൃത്തം ചെയ്യു ന്നതായി കാണുന്നു. (2 ശമുവേൽ 6 : 16 ) പുതിയനിയമത്തിൽ , സാക്ഷ്യപ്പെട്ടകമായ വി മറിയാമിനെ കാണുമ്പോൾ ഏലി സബേത്തിന്റെ ഉദരത്തിൽ യോഹന്നാൻ സ്നാപകൻ തുള്ളിച്ചാടുന്നതായും കാണുന്നു.

ചുരുക്കത്തിൽ, പ ദൈവ മാതാവിന്റെ നിഴലായി പഴയ നിയമത്തിൽ അനവധി പ്രതിബിംബങ്ങൾ കാണുന്നു. യാക്കോബ് ദർശിച്ച സ്വർഗ്ഗത്തിലേക്ക് കയറുന്ന ഗോവണി സർപ്പത്തിന്റെ തല തകർക്കുന്ന സന്തതിയുടെ മാതാവ്, ഗിദയോന്റെ കമ്പിളി മഞ്ഞ്, മോശ കണ്ട മുൾപ്പടർപ്പ്, ഏലീ ശായുടെ നവകുംഭം, ശലോമോന്റെ റൂമാൽ ഇവയെല്ലാം വി. മറിയാമിന്റെ ദൃഷ്ടാന്തങ്ങളാണ് ദൈവസാന്നിധ്യ ത്തിന്റെ പ്രതീകമായ സാക്ഷ്യപ്പെട്ടകവും മറിയാമിന്റെ ദൃ ഷ്ടാന്തങ്ങളിൽ അഗ്രഗണ്യവും അർത്ഥ സമ്പുഷ്ടവുമാ യതാണ്.


## വിശുദ്ധനാട് യാത്ര

വിശുദ്ധനാട് യാത്രകൾക്ക് നേതൃത്വം നൽകി ഇസ്രായേൽ ഗവൺമെന്റിന്റെ ഗുഡ് വിൽ അംബാ സിഡർ പദവി ലഭിച്ച പരിചയസമ്പന്നനായ ഫാ. ജിജു ജോൺ വയലിറക്കത്തിന്റെ നേതൃത്വത്തിൽ ജോർദാൻ, ഇസ്രായേൽ, പാലസ്തീൻ, ഈജിപ്ത് എന്നിവിടങ്ങളിലുള്ള നൂറുകണക്കിനുള്ള സ്ഥലങ്ങൾ സന്ദർശിക്കുവാനും പ്രാർത്ഥിക്കുവാനും ആയി **2024 ജനുവരി 29 നും ഏപ്രിൽ 15 നും** പുറപ്പെടുന്നു. നിങ്ങളുടെ സീറ്റുകൾ ഉടൻ ബുക്ക് ചെയ്യുക.

Contact:
**9447353706, 8921324901**


**30-ാം ചരമ വാർഷികം, 07-08-2023**



**പറവത്തേൽ**
**കൂരോപ്പട പി.ഒ.**

**ഏലിയാമ്മ ഫിലിപ്പോസ്**
**(ചിന്നമ്മ)**

Inserted by:
**ഒ.സി. ചാക്കോയും കുടുംബവും**



POSTPARTUM DEPRESION

# മലയാളിയും പോസ്റ്റ് പാർട്ടം ഡിപ്രഷനും

**റെനി അന്ന ഫിലിപ്പ്**
*(ലക്ചറർ,
സെ. മേരീസ് കോളേജ്, ബത്തേരി)*

മഹാകവി വൈലോപ്പിള്ളി ശ്രീധരമേനോന്റെ 'മാമ്പഴം' എന്ന കവിത, ഉള്ളു നുറുങ്ങാതെ വായിച്ചു തീർക്കുവാൻ മലയാളിക്ക് സാധിക്കുമോ എന്നതിന്നും സംശയമാണ്. കവിതയിലെ അമ്മയുടെ മനസ്സ്, അകാലത്തിൽ മരണപ്പെട്ട തന്റെ കുഞ്ഞു മകനെ ഓർത്തു പൊള്ളുമ്പോൾ, നമ്മളറിയാതെ തന്നെ നാമും ആ ദുഃഖത്തോട് താദാത്മ്യം പ്രാപിക്കുന്നു. പ്രായ-ലിംഗ ഭേദമന്യേ ഏതൊരാളുടെയുമുള്ളിൽ മാതൃഹൃദയത്തിന്റെ ആർദ്രത ചെന്നെത്തുന്നതു കൊണ്ടാവാം ഒരു പക്ഷേ നമുക്കിത് സാധ്യമാവുന്നത്. നവജാതശിശുക്കളെ നോവിക്കുന്ന അമ്മമാരുടെ കഥകൾ നമ്മെ അരിശം കൊള്ളിക്കുന്നതും ഇതുകൊണ്ടു തന്നെ. എന്നാൽ, മാതൃത്വത്തിലേക്കുള്ള ഒരു സ്ത്രീയുടെ ആദ്യ ചുവടുവയ്പ്പുകളിൽ അവൾ നേരിട്ടേക്കാവുന്ന പ്രതിസന്ധികളെ, കലുഷിതമായ അവളുടെ മാനസിക വ്യാപാരങ്ങളെ നാം എത്ര കണ്ടു മനസിലാക്കിയിട്ടുണ്ട് എന്നത് ഈ 2023 ലും ആശങ്കാജനകമായ ഒരു ചോദ്യം തന്നെയാണ്. നമ്മുടെ പൊതുബോധം, പോസ്റ്റ് പാർട്ടം ഡിപ്രഷൻ അഥവാ പോസ്റ്റ് പാർട്ടം സൈക്കോസിസ് എന്ന് വൈദ്യശാസ്ത്രം വിശേഷിപ്പിക്കുന്ന പ്രസവാനന്തര വിഷാദത്തിന് അർഹമായ പരിഗണന നൽകിയിട്ടില്ല എന്നതാണ് യാഥാർത്ഥ്യം.

പ്രസവത്തിനു ശേഷം സ്ത്രീകളിൽ സാധാരണയായി കാണപ്പെടുന്ന 'ബേബി ബ്ലൂസ്' എന്ന അവസ്ഥ കൃത്യമായ പരിചരണം കിട്ടാതെ വരുമ്പോഴാണ് പോസ്റ്റ്പാർട്ടം ഡിപ്രഷൻ സംഭവിക്കുന്നത്. അമ്മയായി ഒരു വർഷത്തിനുള്ളിലാണ് സാധാരണയായി ഇത് സംഭവിക്കുന്നത്. ഉറക്കക്കുറവ്, താളം തെറ്റിയ ഭക്ഷണക്രമം, വളരെ പെട്ടന്ന് ജീവിതശൈലിയിലുണ്ടാവുന്ന മാറ്റങ്ങൾ, ഹോർമോൺ വ്യതിയാനങ്ങൾ.. ഇങ്ങനെ തീർത്തും സാധാരണമെന്നു തോന്നുന്ന ചില കാരണങ്ങളാണ് ഈ അവസ്ഥയിലേക്ക് നയിക്കുന്നത്. കാരണമറിയാത്ത വിഷാദം, പ്രതീക്ഷയില്ലായ്മ, അമ്മയെന്ന നിലയിൽ താനൊരു പരാജയമാണെന്ന തോന്നൽ, പങ്കാളിയുടെ സ്നേഹം കുഞ്ഞു കാരണം തനിക്ക് നഷ്ടപ്പെട്ടു എന്ന ചിന്ത. എന്നിങ്ങനെ പ്രസവാനന്തര വിഷാദത്തിന്റേതായി പറയുവാൻ അനേകം ലക്ഷണങ്ങളുണ്ട്. 'ഇതൊക്കെ എല്ലാ അമ്മമാരും തരണം ചെയ്തതല്ലേ..' എന്ന് നിസാരവത്ക്കരിക്കുന്നതിനു മുൻപ്, നമ്മുടെ കൊച്ചുകേരളത്തിൽ നവ അമ്മമാരുടെയിടയിലെ കുറ്റവാസനയുടെ കണക്കുകൾ പരിശോധിക്കുക. കൃത്യമായ പരിചരണം ലഭിച്ചില്ലെങ്കിൽ, ആത്മഹത്യയിലേക്കും, സ്വന്തം കുഞ്ഞിന്റെ കൊലപാതകത്തിലേക്കും വരെ അമ്മമാരെ എത്തിക്കുവാൻ പ്രാപ്തമായ വളരെ അപകടകരമായൊരു അവസ്ഥയാണ് ഇതെന്ന് ഡോക്ടർമാർ സാക്ഷ്യപ്പെടുത്തുന്നു. ഇന്ത്യയിൽ ഏഴിൽ ഒരമ്മയ്ക്ക് പോസ്റ്റ് പാർട്ടം ഡിപ്രഷനുണ്ട് എന്ന തിരിച്ചറിവ് തീർച്ചയായും ഞെട്ടലുളവാക്കുന്നത് തന്നെയാണ്.

സാക്ഷര കേരളമെന്ന് നാമൂറ്റം കൊള്ളുന്ന നമ്മുടെ സംസ്ഥാനത്തിൽ പ്രസവാനന്തര വിഷാദത്തിന് വേണ്ടത്ര ശ്രദ്ധ ലഭിക്കുന്നില്ല എന്നത് ആശ്ചര്യ ജനകമാണ്. സമൂഹം, കുടുംബം, പങ്കാളികളുടെയോ സ്ത്രീകളുടെ തന്നെയോ ഈ വിഷയത്തിലുള്ള അജ്ഞത എന്നിവയെല്ലാം പലതരത്തിൽ ഈ രോഗാവസ്ഥ തിരിച്ചറിയപ്പെടാതെ പോകുന്നതിന് കാരണമാകുന്നുണ്ട്. മാതൃത്വം മഹത്തരമാണെന്ന് പ്രഘോഷിക്കുന്ന നമ്മുടെ സമൂഹം അമ്മയ്ക്കും തളർച്ചയുണ്ടാകാമെന്നതും, കൃത്യമായ ഉറക്കവും ഭക്ഷണവും അമ്മയുടെ കൂടി അവകാശങ്ങളാണെന്നതും സൗകര്യപൂർവ്വം മറക്കുന്നു. പ്രസവം വരെയും സ്ത്രീക്ക് വേണ്ടുന്നതെല്ലാം നൽകി കൂടെ നിൽക്കുന്ന ഭർത്താവും കുടുംബവും പോലും കുഞ്ഞുണ്ടായതിനുശേഷം തങ്ങളുടെ സ്നേഹവും പരിചരണവും കുഞ്ഞിലേക്ക് മാത്രമൊതുക്കുന്നു. ഒരു കുഞ്ഞു ജനിക്കുമ്പോൾ പിറവിയെടുക്കുന്നത് ഒരമ്മ കൂടിയാണ്. പോസ്റ്റ് പാർട്ടം ഡിപ്രഷൻ അനുഭവിച്ചിട്ടുള്ള സ്ത്രീകളിൽ വലിയൊരു ശതമാനവും ആദ്യത്തെ പ്രസവത്തിനു ശേഷമാണ് ഈ അവസ്ഥയിലൂടെ കടന്നു പോയിട്ടുള്ളത്. ഒറ്റ ദിവസം കൊണ്ട് ജീവിതത്തിൽ വരുന്ന വലിയ മാറ്റങ്ങളും, ഉത്തരവാദിത്തങ്ങളും യുവതികളെ സമ്മർദ്ദത്തിലാഴ്ത്തും. ശിശുക്കളെ കൃത്യമായി എടുക്കുവാൻ പോലുമറിയാത്ത പല പെൺകുട്ടികളും കേവലം മണിക്കൂറുകളുടെ വ്യത്യാസത്തിലാണ് കുഞ്ഞിനെ ശരിയായ രീതിയിൽ മുലയൂട്ടുന്നതിൽ തുടങ്ങി അതിന്റെ ഭാവിയുടെ എല്ലാ ഉത്തരവാദിത്തങ്ങളും ഏറ്റെടുക്കുന്നത്. ഇവിടെ പകച്ചു പോവുകയെന്നത് മനുഷ്യസഹജമാണ്. കൃഷിപ്പണിക്കിടയിലും, അടുക്കളപ്പണിക്കിടയിലും പ്രസവിച്ച വീരകഥകൾ പറയുന്ന അമ്മമാരും, അമ്മായിയമ്മമാരും മാറിയ കാലഘട്ടത്തിന്റെ പുതിയ പ്രശ്നങ്ങളെ അവഗണിക്കുന്നുവെന്നു മാത്രമല്ല, നവ അമ്മമാരുടെ ആത്മവിശ്വാസം തകർക്കുന്നതിൽ വലിയ പങ്കുവഹിക്കുകയും ചെയ്യുന്നു.

ഒരു കുഞ്ഞിന്റെ ജനനവും, വളർച്ചയും, ജീവിതവും മാതാപിതാക്കളുടെ കൂട്ടുത്തരവാദിത്തമാണ്. മാതൃത്വത്തിന്റെ ആദ്യഘട്ടങ്ങളിലൂടെ കടന്നുപോകുന്ന ഏതൊരു സ്ത്രീക്കും അത്യാവശ്യം വേണ്ടത് ഭർത്താവിന്റെ സ്നേഹവും കരുതലുമാണ്. സമൂഹവും, കുടുംബവും മനസ്സിലാക്കിയില്ലെങ്കിൽ കൂടിയും തന്റെ നല്ല പാതിയുടെ സംഘർഷങ്ങൾ തിരിച്ചറിയേണ്ടതും, അവളെ ചേർത്തുനിർത്തേണ്ടതും ഭർത്താവിന്റെ കടമയാണ്. മക്കളുടെ കളി ചിരികളിൽ മതിമറക്കുന്ന പുരുഷന്മാരിൽ ഗണ്യമായ ഒരു ശതമാനമെങ്കിലും പക്ഷേ, അവരുടെ കരച്ചിലുകളിൽ നിന്നും നിർബ

ന്ധങ്ങളിൽ നിന്നും സൗകര്യപൂർവ്വം ഒഴിഞ്ഞുമാറുന്നവരായിരിക്കും. കുണ്ടറയിൽ, ഒരു വയസ്സിൽ താഴെ മാത്രം പ്രായമുള്ള അനഭയെന്ന തന്റെ പിഞ്ചു കുഞ്ഞിനെ കൊലപ്പെടുത്തിയ ദിവ്യ ജോണിയുടെ വിഷാദരോഗം രൂക്ഷമാക്കിയത്, ഭർത്താവിൽ നിന്നും ഭർതൃ കുടുംബത്തിൽ നിന്നുമുള്ള അവഗണനയും ഒറ്റപ്പെടു ത്തലുമായിരുന്നു എന്നത് നാം മറന്നു പോകരുത്. കേൾക്കാനൊരാളോ, ചായാനൊരു തോളോ മാത്രം മതിയാവും ഒരുപക്ഷേ നമ്മുടെ സ്ത്രീകളുടെ മാനസികാരോഗ്യം തിരിച്ചുപിടിക്കാൻ.

കാലഘട്ടം മാറുമ്പോൾ ജീവിതശൈലീ രോഗങ്ങൾക്കും മാറ്റം സംഭവിക്കുന്നുണ്ട്. ഭൂതകാലത്തിലേക്കു നോക്കി മാതൃത്വത്തെക്കുറിച്ച് വാചാലരാവേണ്ടുന്നതിനു പകരം വർത്തമാനകാലത്തെ അമ്മമാർക്ക് അവരുടെ മാതൃത്വം സന്തോഷകരമാക്കുന്നതിന് വേണ്ടുന്ന സഹായങ്ങൾ ചെയ്യുകയാണ് വേണ്ടത്. പ്രസവാനന്തര വിഷാദത്തെ മറികടക്കുവാൻ വിവിധ മാർഗങ്ങളുണ്ട്. കൃത്യസമയത്ത് വൈദ്യസഹായം ലഭ്യമാക്കുകയെന്നത് വളരെ പ്രധാനമാണ്. 'എല്ലാവരും ഇങ്ങനെയൊക്കെയല്ലേ..' എന്ന് നിസ്സാരവൽക്കരിക്കുന്നതിന് പകരം ഓരോരുത്തരും വ്യത്യസ്തരാണെന്നും, ഓരോരുത്തരുടെയും ജീവിത സാഹചര്യങ്ങൾ വിഭിന്നമാണെന്നും തിരിച്ചറിഞ്ഞ് വിദഗ്ധസഹായം തേടുകയാണ് വേണ്ടത്.

മനസ്സിനെ വിഷാദത്തിന്റെ പിടിയിൽ നിന്നും വിടുവിക്കുന്നതിൽ പ്രാർത്ഥനയ്ക്കും, പ്രത്യാശ നിർഭരമായ വിശ്വാസ ജീവിതത്തിനും വളരെയധികം പ്രാധാന്യമുണ്ട്. റോമർ 12:12 ൽ പൗലോസ് അപ്പോസ്തോലൻ ഇതേപ്പറ്റി കൃത്യമായി പറയുന്നുണ്ട്. അതിങ്ങനെയാണ്: 'ആശയിൽ സന്തോഷിപ്പിൻ; കഷ്ടതയിൽ സഹിഷ്ണുത കാണിപ്പിൻ; പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ..'. ഏതു നിരാശയുടെ പടുകുഴിയിൽ നിന്നും നമ്മെ കരകയറ്റുവാൻ പ്രാപ്തമായ നിത്യ പ്രകാശമാണ് വിശുദ്ധ വേദപുസ്തകം. ദുഃഖിതരെ തന്റെ ചാരത്തേക്ക് വിളിച്ചടുപ്പിച്ച കരുണാമയനായ കർത്താവിനെയാണ് വിശുദ്ധ വേദപുസ്തകത്തിൽ നാം ദർശിക്കുന്നത്. ചിട്ടയായ പ്രാർത്ഥനയും കൂദാശകളും കലുഷിതമായ മനസ്സിനെ ശാന്തിയിലേക്ക് നയിക്കുമെന്നതിൽ സംശയമില്ല. പ. സഭയുടെ ആത്മീയ പ്രസ്ഥാനങ്ങളും ഇത്തരം പ്രശ്നങ്ങൾക്കു നടുവിൽ സഹായഹസ്തങ്ങളാകാറുണ്ട്. മർത്തമറിയം സമാജവും, നവ ജ്യോതി മോംസും പോലെയുള്ള പ്രസ്ഥാനങ്ങൾ ഈ വിഷയത്തിലേക്ക് കൂടുതൽ ശ്രദ്ധ പതിപ്പിച്ച് പ്രവർത്തനങ്ങൾ നടത്തുന്നത് സഭാംഗങ്ങളായ അമ്മമാർക്ക് കൂടുതൽ കരുത്തേകുക തന്നെ ചെയ്യും.

പ്രസവാനന്തര വിഷാദത്തിലൂടെ കടന്നുപോകുന്ന, അല്ലെങ്കിൽ അതിന് വളരെയധികം സാധ്യതയുള്ള നവ അമ്മമാരോട് സമൂഹത്തിനും കുടുംബത്തിനും ചെയ്യാനാവുന്നത് താരതമ്യം ഒഴിവാക്കുക, കുറ്റപ്പെടുത്താതിരിക്കുക എന്നിവയൊക്കെയാണ്. അവൾ ഒരല്പനേരം കൂടുതൽ ഉറങ്ങിപ്പോയാൽ, കുഞ്ഞു കരയുമ്പോൾ എടുക്കാനിത്തിരി വൈകിയാൽ, പഴയ പ്രസന്നത അവൾക്ക് കൈമോശം വന്നതായി തോന്നിയാൽ, വിമർശിക്കുന്നതിനു പകരം നീ തനിച്ചല്ലെന്നു പറഞ്ഞ് ചേർത്തുനിർത്തുക. കുറവുകളിൽ വിധിയെഴുതാതെ, ഉത്തരവാദിത്തങ്ങൾ പങ്കിട്ടെടുക്കുക. സ്നേഹവും, കരുതലും, പിന്തുണയും മാതൃത്വത്തെ പരിപോഷിപ്പിക്കുകയേയുള്ളൂ. ഇംഗ്ലണ്ടിലെ ഡയാന രാജകുമാരി തന്റെ പോസ്റ്റ് പാർട്ടം ഡിപ്രഷനെപ്പറ്റി പറഞ്ഞത് തനിക്ക് കൃത്യമായ വൈദ്യസഹായം ലഭിച്ചിരുന്നുവെങ്കിലും, യഥാർത്ഥത്തിൽ വേണ്ടിയിരുന്നത് പൊടുന്നനെ ജീവിതത്തിലേക്ക് കയറിവന്ന കടമകളോടും ഉത്തരവാദിത്തങ്ങളോടും പൊരുത്തപ്പെടാനുള്ള സമയവും സാഹചര്യവുമായിരുന്നു എന്നാണ്. വിമർശനവും തിരുത്തലുകളുമല്ല തൽക്കാലം നമ്മുടെ അമ്മമാരുടെ ആവശ്യം. ക്ഷമയും കരുതലുമാണ്. കുഞ്ഞിന് കിട്ടുന്ന അതേ പരിഗണന അമ്മയും അർഹിക്കുന്നുണ്ട്.

ഇംഗ്ലീഷിൽ മാതൃത്വത്തെപ്പറ്റി പ്രശസ്തമായ ഒരു വാചകമുണ്ട്: 'Motherhood: the only place where you can experience Heaven And Hell at the same time..' മാതൃത്വം മഹത്തരമാവുന്നതിനൊപ്പം തന്നെ ക്ലേശകരവുമാണ്. അത്, ഒരേ പോലെ സന്തോഷവും ദുഃഖവും തരുന്നുണ്ട്. കുഞ്ഞിന്റെ സർവോന്മുഖമായ വളർച്ചയ്ക്ക് അമ്മയുടെ ശാരീരിക-മാനസിക ആരോഗ്യത്തിന് വളരെ വലിയ പങ്കുണ്ട്. സന്തോഷവതിയായ അമ്മയുടെ കുഞ്ഞ് തീർച്ചയായും ലോകത്തിന് വെളിച്ചമായിരിക്കും. യൂട്യൂബിൽ പ്രസവാനന്തര വിഷാദം പ്രമേയമായി അവതരിപ്പിക്കപ്പെട്ട ജനന്യ എന്ന പാട്ടവസാനിക്കുന്നത് ഇങ്ങനെ പറഞ്ഞുകൊണ്ടാണ്: 'Speak Out, Seek Help, You Are Not Alone'. പ്രശ്നങ്ങൾ പങ്കുവയ്ക്കാൻ തയ്യാറാവുക, പരിഹാരങ്ങൾ തേടുക, നാം തനിച്ചല്ല.. അങ്ങനെ മാതൃത്വത്തിലേക്ക് ചുവടുവെക്കുന്ന ഓരോ സ്ത്രീയും മനസ്സറിഞ്ഞ് ചിരിക്കട്ടെ. അവരുടെ ലോകം കൂടുതൽ വർണ്ണാഭമാകട്ടെ.. ○

3rd Death Anniversary
20-08-2023
In Loving Memory of
REV. FR. K.M.OOMMEN
Keethalatharayil Cheriyanadu,
Chengannur



'ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ചോരീ
ആചാര്യനേകുക പുണ്യം നാഥാ സ്തോത്രം'
With prayers family members

# 1–ാം ചരമവാർഷികം, 04–09–2023



## ഡോ. തോമസ് വർഗീസ് (ഷാജി 65)

### റിട്ട. ജോയിന്റ് ഡയറക്ടർ അർബൻ ഹെൽത്ത് സർവീസസ്

പറക്കോട് അമ്പിയിൽ ശ്രീ. എ.കെ. തോമസിന്റേയും പരേതയായ ഏലിയാമ്മ തോമസിന്റേയും മകൻ. ഭാര്യ–മാവേലിക്കര വഴുവാടി വടക്കത്തലയ്ക്കൽ കുഞ്ചാറ്റിൽ സൂസൻ മാത്യു (റിട്ട. പ്രിൻസിപ്പൽ എം.എസ്. സെമിനാരി ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, തഴക്കര.

മക്കൾ : ശ്രുതി എൽസാ വർഗീസ്, മരുമകൻ– ചാൾസ് വാളകം (ബഹ്റൈൻ)
ശിൽപാ മറിയം വർഗീസ് (ആമസോൺ, ബാംഗ്ലൂർ)

പരേതന്റെ 1–ാം ചരമവാർഷികത്തോടനുബന്ധിച്ച് 04–09–23 തിങ്കളാഴ്ച രാവിലെ പറക്കോട് സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്തഡോക്സ് വലിയ പള്ളിയിൽ വി. കുർബാനയും തുടർന്ന് ധൂപ പ്രാർത്ഥനയും നടത്തുന്നതാണ്.

### പാവന സ്മരണയ്ക്ക്



**ഏലിയാമ്മ തോമസ്**
(17–10–2015)
W/o എ.കെ. തോമസ്
(മുൻ അസോസിയേഷൻ സെക്രട്ടറി)



**എ.കെ. കോശി**
15–10–1992

**ശോശാമ്മ കോശി**
28–8–1980

## പറക്കോട് അമ്പിയിൽ കുടുംബാംഗങ്ങൾ

## ക്വിസ് – 2 വിജയികൾ

മുഴുവൻ ശരിയുത്തരങ്ങൾ അയച്ചവർ 4 പേർ ആയതിനാൽ നറുക്കെടുപ്പില്ല. നാലുപേർക്കും സമ്മാനങ്ങൾ അയയ്ക്കുന്നു.

1. ട്രീസാ ചെറിയാൻ തരകൻ, ബാംഗ്ലൂർ
2. ബി.സി. ചെറിയാൻ തരകൻ, ബാംഗ്ലൂർ
3. സൂസൻ സ്കറിയ ബാംഗ്ലൂർ
4. മിനി ജോൺസൺ മെഴുവേലി

### ജൂലൈ ലക്കം ശരിയുത്തരങ്ങൾ

**1.** ഏൽ എലോഹേ ഇസ്രായേൽ (ഉല്പ. 33:18); **2.** ബഥേസ്ഥാ കുളക്കരയിലെ 38 വർഷം രോഗം പിടച്ച് കഴിഞ്ഞ മനുഷ്യനോട് (യോഹ. 5); **3.** പ്രസംഗം, പദ്യരപത്തിലുള്ള പ്രസംഗം; **4.** അലക്സിയോസ് മാർ തേവോദോസ്യോസ്. തോമാ മാർ ദീവന്നാസ്യോസ്. ആലുവ യു.സി. കോളജ്; **5.** മാർതോമ്മാ ശ്ലീഹായുടെ 1950-ാമത് ദുഖ്റോനോ; **6.** ഹൈഹലീയാബ് (പുറ. 38:23); **7.** ഒനേസിമോസ് **8.** ക്യംതാ രാത്രി 2-ാം കൗമാ; **9.** പാറേട്ട് മാർ ഈവാനിയോസ് അധ്യക്ഷനായ 1974 നിരണം അസോസിയേഷൻ; **10.** രാംചന്ദ്ര പൗഡേൽ; **11.** ഇബ്സാൻ (ന്യായ. 12:1); **12.** ബെഥെസ്ദാ (യോഹ. 5:2); **13.** മാമോദീസാ, വിവാഹം, പട്ടംകൊട **14.** വിശുദ്ധ ദൈവമാതാവിന്റെ; **15.** 1921; **16.** യോവാശ് 2 രാജാ. 13:14; **17.** പൗലോസ് എഫേസോസിലെ മൂപ്പന്മാരോട് മിലേത്തോസിൽ വച്ച് പറഞ്ഞു. (അപ്പോ. 20:24); **18.** സാമുവേൽ ചന്ദനപ്പള്ളി; **19.** ഈ ശുശ്രൂഷയിലെല്ലാം അഞ്ചാം നിറമാണ് ഉപയോഗിക്കുന്നത്.**20.** ബൈറേൻ സിങ്; **21.** ഹദസ്സ (എസ്ഥേർ 2:7); **22.** ഏലീശാ **23.** ഏഴാം മാർത്തോമ്മാ; **24.** നാദവ് ലാപിഡ്; **25.** കാർത്തികി കോൺസാൽവസ്.

*(ശരിയുത്തരം അയയ്ക്കുന്നവരിൽ തെരഞ്ഞെടുക്കപ്പെട്ട അഞ്ച് പേർക്ക് സമ്മാനം നല്കുന്നതാണ്. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി 2023 ഓഗസ്റ്റ് 27) ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം: എഡിറ്റർ, മലങ്കരസഭ മാസിക, കാതോലിക്കേറ്റ് അരമന, ദേവലോകം പി.ഓ., മുട്ടമ്പലം-686004, 0481-2573234. 7306866934*



60th Death Anniversary
10-8-2023



P.C KURIAN
**Pulikkottil House**
**Pengamuck**

"Safe in the arms of Lord Jesus Christ"

Inserted by: Sorrowing Family


## ഫാ. ആൻഡ്രൂസ് ജോസഫ് ഐക്കരമറ്റത്തിൽ

1. സീനായി മരുഭൂമിയിൽ വച്ച് യഹോവയുടെ സന്നിധിയിൽ അന്യാഗ്നി കത്തിച്ചപ്പോൾ മരിച്ചുപോയ അഹറോന്യ മക്കൾ ആരൊക്കെ.
2. യേശുക്രിസ്തുവിന്റെ വളർത്തച്ഛനായ യോസഫിന്റെ പിതാവ്
3. 1938 1976, 1979, 1982, 2009 ഈ വർഷങ്ങൾക്ക് പൊതുവായി എന്ത് പ്രത്യേകതയാണ് മലങ്കര സഭയുടെ ചരിത്രത്തിലും വളർച്ചയിലും ഉള്ളത്.
4. ഹൗദുമാലാഖേ, മാർ സേവേറിയോസിന്റെ മാനീസാ, ഉയരപ്പെട്ടവന്റെ മറവിലിരിക്കുന്നവനായ എന്ന അപേക്ഷ, മോറാൻ യേശുമ്ശിഹാ എന്നീ പ്രാർത്ഥനകളെ പൊതുവായി ബന്ധിക്കുന്ന സവിശേഷത എന്ത്? ഈ സവിശേഷത കർത്തൃപ്രാർത്ഥനയ്ക്ക് ഇല്ല.
5. WCC യുടെ പ്രഥമ അസംബ്ലി എവിടെയാണ് സമ്മേളിച്ചത്.
6. Theotokos എന്ന പദത്തിന്റെ അർത്ഥം
7. ആരുടെ കഴുതയാണ് ദൈവദൂതനെ കണ്ട് മനുഷ്യനോട് സംസാരിച്ചത്.
8. നിരണം വലിയ പള്ളി, പഴയ സെമിനാരി, പരുമല പള്ളി, ഏലിയാ കത്തീഡ്രൽ കോട്ടയം എന്നീ ദേവാലയങ്ങൾക്കുള്ള സവിശേഷത എന്ത്?
9. ഈ വർഷത്തെ ജെ.സി. ഡാനിയേൽ അവാർഡ് ജേതാവ് ആര്?
10. വി. കുർബ്ബാന, മാമോദീസാ, പട്ടംകൊട, മൂറോൻ കൂദാശ എന്നീ കൂദാശകൾക്ക് പൊതുവായുള്ള അനുഷ്ഠാനപരമായ സവിശേഷത എന്ത്?
11. അൽവാറീസ് മാർ യൂലിസോയ് തിരുമേനി ബ്രഹ്മവാർ മിഷൻ ആരംഭിച്ചത് ഏത് വർഷമായിരുന്നു.
12. എഫേസോസിൽ വെള്ളികൊണ്ട് അർത്ഥമീസ് ദേവിയുടെ ക്ഷേത്രരൂപങ്ങൾ തീർക്കുന്ന വെള്ളിപ്പണിക്കാരൻ ആര്?
13. മലങ്കര നസ്രാണികളെ മുഴുവനായി അടക്കി ഭരിച്ച ആദ്യ ലത്തീൻ ബിഷപ്പ്?
14. "നിന്റെ കാലിൽ നിന്ന് ചെരുപ്പ് അഴിച്ചു കളക. നീ നില്ക്കുന്ന സ്ഥലം വിശുദ്ധമാകുന്നു"വെന്ന് യഹോവയുടെ സൈന്യത്തിന്റെ അധിപതി ആരോട് പറഞ്ഞു?
15. കേരളാ ഹൈക്കോടതി ചീഫ് ജസ്റ്റിസ് ആര്?
16. പാതി നോമ്പിൽ സ്മരിക്കപ്പെടുന്ന വിജാതീയനായ രാജാവ് ആര്?
17. "ഞാൻ നിനക്ക് മുമ്പായി എന്റെ ദൂതനെ അയയ്ക്കുന്നു. അവൻ നിന്റെ വഴിയൊരുക്കും". ഇങ്ങനെ പ്രവചിച്ചതാര്?
18. ഏറ്റവും കൂടുതൽ മേല്പട്ടക്കാരെ വാഴിച്ച പൗരസ്ത്യ കാതോലിക്ക?
19. "തന്റേതല്ലാത്ത മുട്ടയ്ക്ക് അടയിരിക്കുന്ന പക്ഷി" ഏതാണ്? അന്യായ മാർഗ്ഗത്തിൽ പണം സമ്പാദിക്കുന്നവൻ ഈ പക്ഷിയേപ്പോലെയാണ്.
20. ചെങ്ങന്നൂർ ചെങ്കൽ ഇട്ടി ശെമ്മാശ്ശനെയും കുറവിലങ്ങാട് കിഴക്കേടത്ത് കുര്യൻ ശെമ്മാശനെയും സഭാചരിത്രത്തിൽ എവിടെയാണ് കാണുവാൻ സാധിക്കുന്നത്?
21. "നിന്റെ മുന്തിരിത്തോട്ടം എനിക്ക് ചീരത്തോട്ടമാക്കുവാൻ തരണം". ആര് ആരോട് പറഞ്ഞ വാക്കുകൾ?
22. ഊശനപ്പെരുന്നാൾ, യൽദോ പെരുന്നാൾ, ദുഃഖവെള്ളിയാഴ്ച കബറടക്കം ഇവ മൂന്നിനും പൊതുവായി ഉപയോഗിക്കുന്ന വസ്തു.
23. പൗരസ്ത്യ കൽദായ സുറിയാനി സഭ (ബാഗ്ദാദ് ആസ്ഥാനമാക്കിയുള്ള) വിഭാഗത്തിന്റെ പുതിയ കാതോലിക്കോസ് പാത്രിയർക്കീസ് ആര്?
24. വചനം പൂർണ്ണതയോടെ കൈക്കൊള്ളുകയും അവ അങ്ങനെ തന്നെയോ എന്ന് ദിനംപ്രതി തിരുവെഴുത്തുകളെ പരിശോധിച്ച് നോക്കിയത് ആര്?
25. മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ ചരിത്രത്തിൽ ആദ്യമായി റിട്ടേണിംഗ് ഓഫീസറായ വനിത.

# ജറുസലേം പുണ്യയാത്ര

ഇസ്രയേൽ ഗവണ്മെന്റിന്റെ ഗുഡ്‌വിൽ അംബാസിഡർ പുരസ്ക്കാരം ലഭിച്ച
റവ. ഫാ. പി. കെ. വർഗീസിന്റെ ആത്മീയ നേതൃത്വത്തിൽ വിശുദ്ധനാട് തീർത്ഥാടനം


## 11 ദിവസത്തെ ജറുസലേം പുണ്യയാത്ര

പ്രിയമുള്ളവരേ,
ജോർദ്ദാൻ, ഇസ്രായേൽ, ഈജിപ്റ്റ്
എന്നീ രാജ്യങ്ങൾ സന്ദർശിക്കുന്ന
അനുഗ്രഹകരമായ തീർത്ഥാടനത്തിൽ
പങ്കുചേരാൻ ഉടൻ വിളിക്കുക.

**2023**
**ഒക്ടോബർ**
**17**

**മാവേലിക്കരയിൽ**
നിന്നും പുറപ്പെടുന്നു

**PH: 9446220007**
email : frpkvarghese1@gmail.com





തന്റെ ഭക്തന്മാരുടെ മരണം യഹോവയ്ക്കു
വിലയേറിയതാകുന്നു. (സങ്കീ. 116:15)

ഒന്നാം വാർഷികം
16-08-2023



## റ്റി. കുഞ്ഞമ്മ

**കൃപ, മല്ലിക, തട്ടയിൽ**
**പത്തനംതിട്ട**



5th Death Anniversary
13-08-2023



## Annamma K. Ninan

**(Kunjannamma)**

Pynummoottil, Angadical
Puthencavu P.O.
Chengannur

*By Sorrowing:*
Babu K Ninan,
Bobby & Anu
Cripa & Jeslie

## St. Thomas Orthodox Congregation ( STOC )

### മരുഭൂമിയിലെ നീരുറവ
### ജീവകാരുണ്യ ധനസഹായ അപേക്ഷാഫോറം - 2023

1. ഏത് തരത്തിലുള്ള ധനസഹായത്തിന് അപേക്ഷിക്കുന്നു : ....................
   (ചികിത്സാ, വിധവാ പെൻഷൻ, ഭവന നിർമ്മാണം , വിവാഹം,വിദ്യാഭാസം , യുവസാന്ത്വനം)
2. അപേക്ഷിക്കുന്ന ആളുടെ പേര് :............................
3. മൊബൈൽ നമ്പർ: ....................ഇമെയിൽ (ഉണ്ടെങ്കിൽ):..................
4. വയസ്സ്.............. വിദ്യാഭ്യാസയോഗ്യത:...................... തൊഴിൽ:................
5. മേൽവിലാസം:(പിൻകോഡ് സഹിതം):
   ..........................................................................................
   ............................................
6. പ്രതിമാസ വരുമാനം: Rs...........
7. ഭൂസ്വത്ത് വിവരം: ................................
8. ഇടവക:.............................
9. ഭദ്രാസനം:......................
10. വികാരിയുടെ പേര് : ..............................................
11. വികാരിയുടെ മൊബൈൽ : ......................................................
12. നീരുറവയിൽ നിന്ന് ഇതിനു മുമ്പ് ധനസഹായം ലഭിച്ചിട്ടുണ്ടോ : ................
13. ഉണ്ടെങ്കിൽ ഏത് വർഷം :.....................
14. എന്താവശ്യത്തിന് :....................
15. ലഭിച്ച തുക :....................
16. കുടുംബാംഗങ്ങളുടെ / ആശ്രിതരുടെ പൂർണ്ണവിവരം :

| പേര് | അപേക്ഷകനുമായുള്ള ബന്ധം | വയസ്സ് | തൊഴിൽ | മാസവരുമാനം |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |

പരിഗണനാർഹമായ മറ്റ് പരാധീനതകൾ ഉണ്ടെങ്കിൽ അപേക്ഷയോടൊപ്പം എഴുതുക :

17. അപേക്ഷകൻെറ ഒപ്പ് : ......... തിയതി :.......... സ്ഥലം : .............

>അപേക്ഷകൾ **STOC Office, Basil Jubilee Centre, Bethany Aramana, Thiruvalla, Kerala, 689101** എന്ന വിലാസത്തിൽ അയക്കേണ്ടതുണ്.

എല്ലാ അപേക്ഷയോടും ഒപ്പം ഇടവക വികാരിയുടെ Letter Head ൽ ഉള്ള ശുപാർശയും, ഒപ്പും, ആവശ്യമായ അപേക്ഷകളിൽ കമ്മിറ്റി അംഗങ്ങളുടെ ഒപ്പും, പള്ളിയുടെ സീൽ എന്നിവയും, മേൽപ്പറഞ്ഞ വിവരങ്ങൾ പൂർണ്ണമായും ഉണ്ടാവണം.അപൂർണ്ണമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

ഇടവകയിലെ ആത്മീയ സംഘടനകളിൽ പ്രവർത്തിക്കുന്നവർക്കു പ്രത്യേക പരിഗണന നൽകുന്നതാണ്. ജീവസന്ധാരണം, ഭവനം, വിവാഹം എന്നി അപേക്ഷകളിൽ ഒരു ഇടവകയിൽ നിന്ന് ഒരു വർഷം ഒന്നിൽ കൂടുതൽ അപേക്ഷകൾ പരിഗണിക്കുന്നതല്ല. ഉണ്ടെങ്കിൽ ഏറ്റവും പരിഗണനാർഹമായവ തെരഞ്ഞെടുത്തു സഹായം നൽകുന്നതാണ്.




അഖില മലങ്കര ഓർത്തഡോക്സ് സന്യാസ സമൂഹം ഏകദിന സമ്മേളനം ശൂരനാട് ബസലേൽ കോൺവെന്റിൽ നടന്നു. സന്യാസ സമൂഹം പ്രസിഡന്റ് അഭി. ഡോ.യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത സമ്മേളനം ഉദ്ഘാടനം ചെയ്തു. അഭി. ഡോ. ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത, അഭി. ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്ത ഫാ. മത്തായി ഒ.ഐ.സി., സിസ്റ്റർ ദീന എന്നിവർ പ്രസംഗിച്ചു.

# കോട്ടയം ബസേലിയസ് കോളജ് വജ്രജൂബിലി ആഘോഷങ്ങൾക്ക് തുടക്കമായി



**കോട്ടയം :** ദേശീയ വിദ്യാഭ്യാസനയത്തിന്റെ ഭാഗമായി പശ്ചിമ ബംഗാളിലെ കലിംപോങ് കോളജും ബസേലിയസ് കോളജും സഹോദര കോളജുകളായി നിലനിന്നുകൊണ്ട് വിദ്യാർത്ഥി-അധ്യാപക കൈമാറ്റപരിപാടികൾ ആരംഭിക്കുമെന്ന് പശ്ചിമബംഗാൾ ഗവർണർ ശ്രീ. ഡോ.സി.വി. ആനന്ദബോസ്. ബസേലിയസ് കോളജ് വജ്രജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേൾക്കാത്തത് കേൾക്കുകയും, കാണാത്തത് കാണുകയും ചെയ്യുന്നവനാണ് യഥാർത്ഥ വിജയി എന്ന് ഗവർണർ പറഞ്ഞു. സമൂഹത്തിൽ മാറ്റം വരുത്താനുള്ള ഏറ്റവും ശക്തമായ ആയുധം വിദ്യാഭ്യാസമാണെന്ന് ദക്ഷിണാഫ്രിക്കയുടെ മുൻ പ്രസിഡൻറ് നെൽസൺ മണ്ടേല പറഞ്ഞത് സത്യമാണെന്നും വിദ്യാഭ്യാസത്തിനുമാത്രമേ സമൂഹത്തിൽ മാറ്റം വരുത്താൻ കഴിയുകയുള്ളുവെന്നും വിദ്യാഭ്യാസം കൊണ്ട് ത്യാജ്യഗ്രാഹ്യബുദ്ധി വളർത്തിയെടുക്കുകയാണ് വേണ്ടതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഗവർണറുടെ ജ്യേഷ്ഠസഹോദരനും ബസേലിയസ് കോളജിലെ മുൻ അധ്യാപകനുമായിരുന്ന ഡോ. സി.വി. മോഹൻ ബോസിന്റെ ആഗ്രഹപ്രകാരം വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ബസേലിയസ് കോളേജിലെ ഏറ്റവും ശ്രേഷ്ഠനായ വിദ്യാർത്ഥിക്ക് 50,000 രൂപയുടെ വജ്രജൂബിലി അവാർഡ് നൽകുന്നതാണെന്നും ഗവർണർ പ്രഖ്യാപിച്ചു.

വിദ്യാഭ്യാസം സമൂഹത്തിന്റെ മാറ്റത്തിന് ഉതകുന്ന ഏറ്റവും വലിയ ആയുധമാണെങ്കിലും ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും അത് വേണ്ടത്രരീതിയിൽ ഉപയോഗിക്കുന്നില്ലെന്നുള്ളത് വളരെ ഖേദകരമാണെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ അദ്ധ്യക്ഷത പ്രസംഗത്തിൽ പറഞ്ഞു. മനസ്സിന്റെ സംസ്ക്കരണത്തിലൂടെ ഉൾക്കാഴ്ച വളർത്തിയെടുത്ത് ഉത്തരവാദിത്വബോധമുള്ള പൗരന്മാരെ വാർത്തെടുക്കാൻ വിദ്യാഭ്യാസത്തിന് കഴിയണമെന്നും കാതോലിക്കാബാവാ ഓർമ്മിപ്പിച്ചു.

ഓർത്തഡോക്സ് സഭ കോളജുകളുടെ മാനേജർ ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്ത അനുഗ്രഹപ്രഭാഷണം നടത്തി. തോമസ് ചാഴികാടൻ എം.പി, തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ., മോൻസ് ജോസഫ് എം.എൽ.എ., കോളജ് പ്രിൻസിപ്പൽ പ്രഫ. ഡോ. ബിജു തോമസ്, ജനറൽ കൺവീനർ പ്രഫ. ഡോ. പി. ജ്യോതിമോൾ എന്നിവർ പ്രസംഗിച്ചു. പൂർവവിദ്യാർത്ഥി സംഘടനയായ വി-ബസേലിയൻ നിർമിക്കുന്ന ഡിജിറ്റൽ തീയേറ്ററിൻറെ ആദ്യഗഡു ചലച്ചിത്രനിർമാതാവും പൂർവവിദ്യാർത്ഥിയുമായ സന്തോഷ് ടി. കുരുവിള ഗവർണർക്ക് കൈമാറി.

## പാവനസ്മരണയ്ക്ക്

നിന്റെ മഹത്വം ഉദിക്കുംനാൾ
നിൽക്കണം ഇവർ വലഭാഗത്തിൽ



**ALEXANDER P. V.**
**&**
**PONNAMMA ALEXANDER**

Kochupynummoottil
Muttambalam P. O.
Kottayam

ഓർമ്മയായിട്ട് രണ്ടാം വർഷം, 29–08–2023



## LISSIAMMA SKARIA

**Nellickappallil Bethel (H)**
**Olloorpadi, Anikad P.O.,Mallappally**

“നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൾ വലഭാഗത്തിൽ”

Inserted By:-
ഏബ്രഹാം സ്കറിയ

*മക്കൾ:*
അഭിഷേക് സ്കറിയ – ഷീന
അനിൽ സ്കറിയ – ഡോ. സുബി
*കൊച്ചുമക്കൾ:* ജെയ്ഡൻ, ജോനാ

## REMEMBRANCE



## ANNAMMA MATHEW

**(8-7-1941 to 30-8-2015)**

**ANJILIVADKKETHIL**
**PERINGALA WEST**
**KAYAMKULAM DISTRICT**
**ALAPPUZHA**

Immensely missed beyond measure
And loved beyond words by

**Prof Mathew Thomas** (Husband)
Malad Mumbai.

**Thomas and Reny Thomas**
**Elizabeth and Eapen Varghese**

Doting G/C Annie, Reha and Grace
and Susamma Zacharias (sister)
and family

# എല്ലാ സംസ്ക്കാരങ്ങളും ചേരുമ്പോൾ ദേശീയത രൂപപ്പെടും : ശശി തരൂർ



എല്ലാ സംസ്ക്കാരങ്ങളെയും ഉൾക്കൊള്ളുമ്പോഴാണ് ദേശീയത രൂപപ്പെടുന്നതെന്ന് ഡോ. ശശി തരൂർ എം.പി. വ്യതസ്ഥതകളെ വ്യത്യാസങ്ങളായി കാണരുത്. ബഹുസ്വരതയും മതനിരപേക്ഷതയുമാണ് ഇൻഡ്യയുടെ അടിസ്ഥാന മൂല്യങ്ങൾ. മൗലികവും സാംസ്ക്കാരികവും മതപരവുമായ ബഹുസ്വരതയാണ് ജനാധിപത്യത്തിന്റെ അടിസ്ഥാനം. ഇത് തകർന്നാൽ ഭാരതീയ സംസ്ക്കാരത്തിന് നിലനിൽപ്പില്ലെന്നും അദ്ദേഹം പറഞ്ഞു. അൽവാറീസ് മാർ യൂലിയോസ് തിരുമേനിയുടെ ചരമ ശതാബ്ദിയും ഡോ. ഫീലിപ്പോസ് തെയോഫിലോസ് മെത്രാപ്പോലീത്തായുടെ ചരമ രജത ജൂബിലിയും പ്രമാണിച്ച് പരുമല സെമിനാരിയിൽ നടന്ന പിതൃസ്മൃതി സമ്മേളവും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ അധ്യക്ഷത വഹിച്ചു. പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ അനുഗ്രഹസന്ദേശം നൽകി.

## INTERNATIONAL TEENAGER'S CAMP FOR ORTHODOX LEADERSHIP TRAINING : TEEN-COLT- 2023

This 31-year-old Christian Leadership Training Camp for Young Orthodox studying in the Gulf Countries [and for others born and brought up outside Kerala], will be conducted in English. For 3 days, about 25+ young Indian Orthodox Teenagers [aged 15-19] from all over the world will live together in St Baselious Dayara, Njaiakuzhy, near Kottayam and learn about Christian Leadership, about Christ and his body, the mother Orthodox Church. This will be done through interactive sessions by Church Leaders, interspersed with outdoor visits by coach on a 'pilgrimage' – with a fun-filled but deep spiritual camaraderie - as they discover themselves, their relationship with God, and learn how to achieve their highest potential. This year's TEEN-COLT is from August 3rd to 6th, 2023. For more details please contact Fr. Philip Kuruvilla:

E- Mail : frpkuruvilla@hotmail.com and
Whatsapp: +91-9823152313


## BRIDEGROOM WANTED

Ex NRI parents,looking for a Christian groom ,well educated (MS/MD ) 30-34 year old of height 164 cm and above for a Christian orthodox 29 year old girl, MD, working as a Dermatologist.

Contact No:
Email-**seelasmathew@gmail.com**
**Mob/WhatsApp - 9747442099**

## BRIDEGROOM WANTED

Upper middle class Orthodox Christian parents from central Travancore invite proposals from parents of God-fearing, well educated and employed Orthodox Christian boys for their daughter 25 years, M.Tech (Structural Engineer) 160 cms, working.

**Contact No.**
**9544650580**

## BRIDEGROOM WANTED

Physiotherapist girl (25/165cm) from Ernakulam seeks suitable alliances from well educated and employed Orthodox Christian boys settled abroad.

**Contact No:**
**9895673366**

## BRIDEGROOM WANTED

ഓർത്തഡോക്സ് യുവതി 26/165 cm, M.Sc M.Ed (Mathematics), KTet II&III പത്തനംതിട്ട സ്വദേശിനി. അനുയോജ്യരായ ഓർത്തഡോക്സ് യുവാക്കളിൽ നിന്നും വിവാഹാലോചന ക്ഷണിച്ചുകൊള്ളുന്നു. (ഓർത്തഡോക്സ് ശെമ്മാശൻമാർക്ക് മുൻഗണന)

**Contact No: 9495523041**
**M4marry: 5405482**

## BRIDE WANTED

സെപ്റ്റംബറിൽ നാട്ടിൽ ലീവിൽ വരുന്ന ഓർത്തഡോക്സ് യുവാവ് 29/172 cm (Network Engineer in Dubai Airport) കൊല്ലം ഭദ്രാസനം. അനുയോജ്യമായ വിവാഹ ആലോചനകൾ ക്ഷണിക്കുന്നു.

**Contact No: 8714750281**


For Favours Received








Mariamma

For Favours Received



ഒരു വിശ്വാസി, ബാംഗ്ലൂർ



ഒരു വിശ്വാസി



ഒരു വിശ്വാസി

## 12–ാം ചരമ വാർഷികം
## (26–08–2023)

# FR. PHILIP K. ALEX

**Kiliyilathu House**
**Kayamkulam**

ജനനം
10–10–1936



മരണം
26–08–2011

"ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ച
ഈ ആചാര്യനേകുക പുണ്യം-നാഥാ സ്തോത്രം"

*Inserted by loving family*

## പിതാക്കന്മാരുടെ ഓർമ്മ



ജോസഫ് മാർ
പക്കോമിയോസ്
മെത്രാപ്പോലീത്തായുടെ
32-ാം ഓർമ്മ (ഓഗസ്റ്റ് 19),
മുളക്കുളം കർമ്മേൽകുന്ന് പള്ളി



തോമസ് മാർ
അത്താനാസിയോസ്
മെത്രാപ്പോലീത്തായുടെ 5-ാം
ഓർമ്മ (ഓഗസ്റ്റ് 24), ഓതറ
സെന്റ് ജോർജ് ദയറാ



മാത്യൂസ് മാർ
ഈവാനിയോസ്
മെത്രാപ്പോലീത്തായുടെ
43-ാം ഓർമ്മ (ഓഗസ്റ്റ് 31,
പാമ്പാടി ദയറാ)



അൽവാറീസ് മാർ
യൂലിയോസ് മെത്രാപ്പോലീത്താ
യുടെ 100-ാം ഓർമ്മ
(സെപ്റ്റം. 23, പഞ്ചിം
സെ. മേരീസ് പള്ളി, ഗോവ).

## 37th Death Anniversary of

# OOMMEN SIMON

**MANNAKUNNEL THAZHATHU VEEDU,**
**PATHANAMTHITTA P.O.**

## ON 07 AUGUST 2023



"Safe in the arms of Lord Jesus Christ"
*Inserted by*
**Sorrowing Family**

## 10th Death Anniversary
## 07th AUGUST 2023

10-04-1940



07-08-2013

In Loving Memory of
Our Pappa

# (JOHN THARAKAN K. G.)

**Kalapurackal, Ashiwarya Garden,**
**Villa No. 5**
Kuttur, Thrissur-680013

By Sorrowing Family

**ഫാ. യാക്കോബ് തോമസ്**
*മാനേജർ, ദേവലോകം അരമന*



# സ്നേഹിതനായ ദൈവം

ദൈവത്തിന്റെ മനുഷ്യരോടുള്ള കരുതലും സ്നേഹവും നിർവചിക്കുവാൻ വാക്കുകൾ അപര്യാപ്തമാണ്. നമ്മുടെ പിതാവായും മാതാവായും സർവ്വോപരി ഒരു നല്ല സുഹൃത്തായും പല സന്ദർഭങ്ങളിലും ദൈവം ഇടപെടുന്നു. അവന്റെ കല്പനകളെ അനുസരിച്ച് അവന്റെ ഇഷ്ടം അനുസരിച്ച് നമ്മുടെ ജീവിതത്തെ ക്രമീകരിച്ചാൽ അവൻ നമുക്ക് ഉത്തമനായ സ്നേഹിതനാണ്. നമ്മുടെ ഭാരങ്ങളും പ്രയാസങ്ങളും പരിഭവങ്ങളും ഇറക്കി വക്കാൻ ഇതിനെക്കാൾ വലിയ ഒരു സ്നേഹിതനെ കണ്ടെത്തുവാൻ കഴിയില്ല.

25-ാം സങ്കീർത്തനം 14-ാം വാക്യത്തിൽ നാം വായിക്കുന്നു 'യഹോവയുടെ സഖിത്വം തന്റെ ഭക്തന്മാർക്കുണ്ടാകും'. നമ്മുടെ ഭക്തി ജീവിതത്തിന്റെ സമ്മാനമാണ് 'ദൈവത്തിന്റെ സ്നേഹിതൻ' എന്ന പദവി. ഭക്തനാകുവാൻ നാം എന്തു ചെയ്യണമെന്ന് വി. യാക്കോബ് ശ്ലീഹ വളരെ ലളിതമായി പറഞ്ഞിട്ടുണ്ട് (യാക്കോ. 1:27). പിതാവായ ദൈവത്തിന്റെ മുമ്പാകെ ശുദ്ധവും നിർമ്മലവുമായുള്ള ഭക്തിയോ, അനാഥരെയും വിധവമാരെയും അവരുടെ സങ്കടത്തിൽ ചെന്നു കാണുന്നതും ലോകത്താലുള്ള കളങ്കം പറ്റാത്തവണ്ണം തന്നെത്താൻ കാത്തുകൊള്ളുന്നതും ആകുന്നു. "ഈ ഒരു അവസ്ഥയിൽ തന്റെ ശിഷ്യന്മാർ എത്തി ചേർന്നപ്പോഴാണ് കർത്താവ് അവരെ സ്നേഹിതർ എന്നു വിളിക്കുന്നത്. യോഹ. 15:14 "ഞാൻ നിങ്ങളോട് കല്പിക്കുന്നതു ചെയ്താൽ നിങ്ങൾ എന്റെ സ്നേഹിതന്മാർ തന്നെ." യോഹ. 15:5 "ഞാൻ എന്റെ പിതാവിനോട് കേട്ടതു എല്ലാം നിങ്ങളെ അറിയിച്ചതുകൊണ്ടു നിങ്ങളെ സ്നേഹിതന്മാർ എന്നു പറഞ്ഞിരിക്കുന്നു."

ദൈവത്തിന്റെ കല്പനകൾ അനുസരിച്ച് ജീവിച്ച അനേകം സ്നേഹിതന്മാരെ വി. വേദപുസ്തകത്തിൽ നമുക്ക് കണ്ടെത്തുവാൻ സാധിക്കും. ഹാനോക്ക് ദൈവത്തോടുകൂടി നടന്നു. അബ്രഹാം പിതാവ് ദൈവത്തിന്റെ ഉത്തമനായ സ്നേഹിതനായിരുന്നു. ഒരു സ്നേഹിതൻ എന്ന നിലയിൽ ദൈവത്തിന്റെ ഇടപെടൽ ഏറ്റവും ഹൃദ്യമായി കാണുന്നത് മോശയുമായുള്ള ബന്ധത്തിലാണ്.

കനാൻ നാട്ടിലേക്കുള്ള യാത്ര മധ്യേ ചില സന്ദർഭങ്ങളിൽ മോശക്ക് കഠിനമായ ദേഷ്യം വരുന്നു. മോശ തന്റെ പരിഭവവും പ്രയാസങ്ങളും പ്രതിഷേധവും ദൈവത്തോട് അതിശക്തമായി പറയുന്നു. ആ സന്ദർഭത്തിൽ ദൈവം എത്ര ശാന്തനായും സൗമ്യനായുമാണ് മോശയോട് ഇടപെടുന്നത്.. സംഖ്യാപുസ്തകം 11-ാം അധ്യായത്തിൽ ഇസ്രായേൽ ജനം ഇറച്ചിക്കുവേണ്ടി മോശയോടും ദൈവത്തോടും പിറുപിറുപിറുക്കുന്ന സന്ദർഭം വിവരിക്കുമ്പോൾ ദേഷ്യം സഹിക്ക വയ്യാതെ മോശ ദൈവത്തോട് പൊട്ടിത്തെറിക്കുന്നു. മോശ പറയുന്ന വാക്കുകൾ ശ്രദ്ധിക്കുക. സംഖ്യാ 11:11-15 മോശ യഹോവയോട് പറഞ്ഞത് 'നീ അടിയനെ വലച്ചത് എന്ത്? നിനക്ക് എന്നോട് കൃപ തോന്നാതെ ഈ സർവ്വജനത്തിന്റെയും ഭാരം എന്റെ മേൽ വച്ചത് എന്തു? മുലകുടിക്കുന്ന കുഞ്ഞിനെ ഒരു ധാത്രി എടുക്കുന്നതുപോലെ ഞാൻ അവരെ നീ അവരുടെ പിതാക്കന്മാരോട് സത്യം ചെയ്ത ദേശത്തേക്ക് എന്റെ മാറത്തെടുത്തുകൊണ്ട് പോകണമെന്നു എന്നോടു കല്പിപ്പാൻ ഈ ജനത്തെ ഒക്കെയും ഞാൻ ഗർഭം ധരിച്ചുവോ? ഞാൻ അവരെ പ്രസവിച്ചുവോ? ഈ ജനത്തിനു ഒക്കെയും കൊടുപ്പാൻ എനിക്കു എവിടെ നിന്നു ഇറച്ചികിട്ടും? അവർ ഇതാ ഞങ്ങൾക്കു തിന്മാൻ ഇറച്ചി തരിക എന്നു എന്നോടു പറഞ്ഞു കരയുന്നു. ഏകനായി ഈ സർവ്വജനത്തേയും വഹിപ്പാൻ എന്നെക്കൊണ്ടു കഴിയുന്നതല്ല. അത് എനിക്ക് അതിഭാരം ആകുന്നു. ഇങ്ങനെ എന്നോട് ചെയ്യുന്നപക്ഷം ദയവിചാരിച്ചു എന്നെക്കൊന്നുകളയണമേ'.

തനിക്കു മരിച്ചാൽ മതി എന്നു പോലും മോശ ചിന്തിക്കുന്ന സാഹചര്യത്തിൽ ദൈവം എത്ര സൗമ്യമായിട്ടാണ് മോശയോടു ഇടപെടുന്നത്. സംഖ്യ 11:18-20 "എന്നാൽ നീ ജനത്തോട് പറയേണ്ടത്. നാളത്തേക്കു നിങ്ങളെതന്നെ ശുദ്ധീകരിപ്പീൻ എന്നാൽ നിങ്ങൾ ഇറച്ചിതിന്നും. ഞങ്ങൾക്കു തിന്മാൻ ഇറച്ചി ആർ തരും? മിസ്രമിൽ ഞങ്ങൾക്കു നന്നായിരുന്നു എന്നു നിങ്ങൾ പറഞ്ഞു യഹോവ കേൾക്കെ കരഞ്ഞുവല്ലോ. ആകയാൽ യഹോവ നിങ്ങൾക്കു ഇറച്ചി തരികയും നിങ്ങൾ തിന്നുകയും ചെയ്യും. ഒരുദിവസമല്ല, രണ്ടു ദിവസമല്ല, അഞ്ചു ദിവസമല്ല, പത്തു ദിവസമല്ല, ഇരുപതു ദിവസവുമല്ല ഒരു മാസം മുഴുവനും തന്നേ, അതു നിങ്ങളുടെ മൂക്കിൽകൂടി പുറപ്പെട്ടു നിങ്ങൾക്കു ഓക്കാനം വരുവോളം നിങ്ങൾ തിന്നും. "അങ്ങനെ യഹോവ കടലിൽ നിന്നു കാടയെ കൊണ്ടുവന്നു അവരുടെ പാളയത്തിനു ചുറ്റും നിരത്തി അവർക്ക് ഇറച്ചി നൽകുകയും ചെയ്തു. മോശയുടെ പരിഭവത്തിനും ദൈവം ഒരു സ്നേഹിതനെ പോലെ പരിഹാരം വരുത്തി. അതുപോലെ ദൈവത്തിന് കോപം വരുന്ന സന്ദർഭത്തിൽ മോശ ഇടപെട്ട് ശാന്തമാക്കുന്ന അനേക സന്ദർഭങ്ങളും ഉണ്ട്. മോശ കല്പന വാങ്ങുവാനായി സീനായ് മലയിൽ കയറിയ സന്ദർഭത്തിൽ താഴെ ജനക്കൂട്ടം അഹറോനോട് ചേർന്ന് കാളകുട്ടിയെ

ഉണ്ടാക്കി ആരാധിക്കുന്നു. ഇതറിഞ്ഞ ദൈവത്തിന് കഠിനമായ കോപം ഉണ്ടായി. മോശയെപോലും ദൈവം കുറ്റപ്പെടുത്തുന്നതായി തോന്നും. പുറ. 32:7 "നീ മിസ്രയീം ദേശത്തുനിന്നു കൊണ്ടുവന്ന നിന്റെ ജനം തങ്ങളെതന്നെ വഷളാക്കിയിരിക്കുന്നു". മോശകൊണ്ടുവന്ന ജനം എന്നാണ് ദൈവം പറയുന്നത്. ആ ജനത്തെ മുഴുവൻ നശിപ്പിക്കാൻ ദൈവം പ്ലാൻ ചെയ്തിട്ട് ആ ആലോചന തന്റെ സ്നേഹിതനായ മോശയെ അറിയിക്കുന്നു. മാത്രമല്ല തന്നെ തടയരുത് എന്നും പറയുന്നു. (പുറ. 32:10) ഇവിടെ ദൈവം തന്റെ ആലോചന ഭക്തനായ സ്നേഹിതനെ അറിയിക്കുന്നു. ദൈവത്തെ തടയാൻ പോലും അവർക്ക് അധികാരം ദൈവം നൽകിയിട്ടുണ്ട്. ഇവിടെ മോശ ദൈവത്തെ തടഞ്ഞ് ശാന്തനാക്കുന്നു. (പുറ. 32:11, 12) എന്നാൽ മോശ തന്റെ ദൈവമായ യഹോവയോട് അപേക്ഷിച്ചു പറഞ്ഞത്: യഹോവേ, നീ മഹാബലം കൊണ്ടും ഭുജവീര്യംകൊണ്ടും മിസ്രയീം ദേശത്തു നി ന്നു കൊണ്ടുവന്ന നിന്റെ ജനത്തിനു വിരോധമായി നിന്റെ കോപം ജ്വലിക്കുന്നതു എന്ത്? മലമുകളിൽ വെച്ചു കൊന്നുകളയുവാനും ഭൂതലത്തിൽ നിന്നു നശിപ്പിപ്പാനും അവരെ ദോഷത്തിനായി അവർ കൊണ്ടുപോയി എന്നു മിസ്രയീമ്യരെക്കൊണ്ടു പറയിക്കുന്നതു എന്തിനു? മോശ തടഞ്ഞപ്പോൾ ദൈവം ആ ശിക്ഷാവിധിയിൽ നിന്നും പിന്മാറി.

പുറ. 33:11 "ഒരുത്തൻ തന്റെ സ്നേഹിതരോട് സംസാരിക്കുന്നപോലെ യഹോവ മോശയോട് അഭിമുഖമായി സംസാരിച്ചു". ഈ സ്നേഹത്തിന്റെ ആഴം മറ്റു പല ഭാഗങ്ങളിലും നമുക്ക് കാണാൻ സാധിക്കും. മോശ ഒരു കൂശ്യ സ്ത്രീയെ വിവാഹം കഴിച്ചപ്പോൾ സഹോദരി ആയ മിര്യാം വിമർശിച്ചു. ദൈവം മിര്യാമിനെ കുഷ്ഠരോഗിണിയാക്കി. അവിടെയും മോശ പ്രാർത്ഥിച്ചപ്പോൾ ദൈവം അവൾക്ക് സൗഖ്യം കൊടുത്തു. (സംഖ്യാ 12:10). കോരഹ് പുത്രന്മാർ മോശക്കും അഹരോനും വിരോധമായി കൂട്ടുകൂടുമ്പോഴും ദൈവം കോപിക്കുന്നു. അവിടെയെല്ലാം മോശ പറഞ്ഞ് ദൈവത്തെ ശാന്തമാക്കുന്നു. (സംഖ്യ 16) ദൈവത്തിന്റെ സ്നേഹിതനായ ഏലീശായെ 'മൊട്ടത്തലയാ' എന്നു വിളിച്ചു കളിയാക്കിയ 42 ബാലന്മാരെ കരടി കീറികളയുകയുണ്ടായി (2 രാജാ. 2:23).

ദൈവത്തിന്റെ കല്പനകളെ അനുസരിച്ചു ജീവിക്കുന്നവരെ ദൈവം എത്രമാത്രം കരുതുന്നു. സ്നേഹിക്കുന്നു എന്നു പറയുവാൻ വാക്കുകളില്ല. ഒരു സ്നേഹിതനെ പോലെ നമ്മുടെ കൂടെ നിന്ന് നമുക്കുവേണ്ടി പക്ഷവാദം നടത്തുന്ന-നമ്മുടെ വാക്കുകളും പരിഭവങ്ങളും ശ്രദ്ധിക്കുന്ന-ഉത്തമനായ ഈ സ്നേഹിതനെ നഷ്ടപ്പെടുത്തരുതേ. പാട്ടുകാരൻ പാടുന്നതുപോലെ 'ഈ മണ്ണിലെപ്രതി മാണിക്യം വെടിയുകയില്ലാ ഞാൻ' എന്ന് ആത്മാർത്ഥമായി പറയുവാൻ നമുക്കും സാധിക്കട്ടെ. ദൈവം അനുഗ്രഹിക്കട്ടെ. o




For Favours Received

**A.V. Kuruvilla**
**Malad**
**Mumbai**


**37th Death Anniversary, 22-08-2023**



**P.C. CHACKO**
(കുഞ്ഞച്ചൻ)
**പാലാക്കുന്നേൽ**
**എറികാട്,**
**പുതുപ്പള്ളി**

*Inserted By:-*
**Annamma Chacko** (Wife)
**Jameskutty P. Chacko & Family**
**Jessymol & Family**

**15-ാം ഓർമ്മ**
**13-09-2023**



**വന്ദ്യ. പി.സി.**
**യോഹന്നാൻ റമ്പാൻ**

(വന്ദ്യ പി.സി. യോഹന്നാൻ റമ്പാച്ചന്റെ പതിനഞ്ചാം ഓർമ്മ പെരുന്നാൾ 12, 13 തീയതികളിൽ പാമ്പാടി ദയറായിൽ ആചരിക്കുന്നു).

സന്തപ്ത കുടുംബാംഗം

സ്വർഗ്ഗത്തിലെ മൂന്നാം പിറന്നാൾ
**01-08-2023**



**NISHA RAJ**
Ennackal,
Kanjirathinmood
Puthupally

സന്തപ്ത കുടുംബാംഗങ്ങൾ
ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി

ECOLOGY



# കാലാവസ്ഥാ വ്യതിയാനം :
## ലഘൂകരണവും പൊരുത്തപ്പെടലും

**ഡോ. ജോർജ്ജ് വി. തോമസ്,**
വെട്ടിമൂട്ടിൽ, വകയാർ

കാലാവസ്ഥാ വ്യതിയാനം ആഗോളതലത്തിലും, രാജ്യങ്ങളും വ്യക്തികളും അടിയന്തിരാവസ്ഥ പോലെ നേരിടേണ്ട പ്രതിഭാസമാണ്. കാലാവസ്ഥാ വ്യതിയാനത്തെ നേരിടാൻ അന്താരാഷ്ട്ര സഹകരണവും എല്ലാതലത്തിലും ഏകോപിതാമയ പരിഹാരപ്രവർത്തനങ്ങളും അനിവാര്യമാണ്. കാലാവസ്ഥാവ്യതിയാനത്തെ അതി ജീവിക്കുവാനുള്ള ധാരാളം മാർഗ്ഗങ്ങൾ നമ്മുടെ മുമ്പിലുണ്ട്, എന്നാൽ അവ നടപ്പിലാക്കാനുള്ള സമയം നഷ്ടമായിക്കൊണ്ടിരിക്കയാണെന്ന് സൈമൺ സ്റ്റീൽ എന്ന വിദഗ്ദൻ പറയുന്നു. ഇപ്പോൾ നടപ്പിലാക്കിയില്ലെങ്കിൽ ഒരിക്കലും തിരിച്ചുവരാൻ പറ്റാത്ത അവസ്ഥയിലേക്ക് നമ്മൾ എത്തിച്ചേരും എന്നുള്ള കാര്യത്തിന് സംശയം ഇല്ല.

കാലാവസ്ഥാ വ്യതിയാനത്തോട് പ്രതികരിക്കാൻ ദ്വിമുഖ സമീപനമാണ് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്; മിറ്റിഗേഷൻ അഥവാ ലഘുകരണവും അഡാപ്റ്റേഷൻ അഥവാ പൊരുത്തപ്പെടലും.

ആഗോള താപനത്തിന് കാരണ ഹേതുവായ ഹരിതഗൃഹവാതകങ്ങളുടെ (GHGs) അളവ് അന്തരീക്ഷത്തിൽ നിന്നും കുറയ്ക്കുന്ന പ്രക്രീയയാണ് ലഘൂകരണം എന്നു പറയുന്നത്. ഗതാഗതം, വ്യവസായം, ഊർജ്ജ ഉല്പാദനം എന്നീ മേഖലകളിൽ ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിലൂടെ അന്തരീക്ഷത്തിലെ ഹരിതഗൃഹവാതകങ്ങളുടെ അളവ് കുറയ്ക്കാൻ സാധിക്കും. അന്തരീക്ഷത്തിലെ ഹരിതഗൃഹവാതകങ്ങൾ കാർബൺ സീക്വ സേട്രഷൻ എന്ന പ്രക്രിയയിലൂടെ സമുദ്രങ്ങളിലും വനങ്ങളിലും വൃക്ഷസസ്യാദികളിലും മണ്ണിലും ശേഖരിക്കുകയും സംഭരിക്കുകയും ചെയ്യുന്നതിന് ലഘൂകരണം എന്ന് പറയുന്നു. പരമ്പരേതര ഊർജ്ജസ്രോതസ്സുകളായ സൗരോർജ്ജത്തിന്റെയും കാറ്റിൽ നിന്നുള്ള ഊർജ്ജ ത്തിന്റെയും ഉപയോഗം കാലാവസ്ഥാവ്യതിയാനത്തെ പ്രതിരോധിക്കുന്നതിനുള്ള ചെലവ് കുറഞ്ഞമാർഗ്ഗമാണ്. കഴിയുന്നത്ര ഊർജ്ജം ഭവനങ്ങളിൽ ലാഭിക്കുക, കഴിവതും പൊതു ഗതാഗതം ഉപയോഗിക്കുക, ഇലക്ട്രിക് വാഹനങ്ങൾ, ജൈവജന്ധനങ്ങൾ എന്നിവ പോലുള്ള സുസ്ഥിര മാർഗ്ഗങ്ങൾ ഉപയോഗിക്കുക, വനനശീകരണ തടയുക, ജൈവകൃഷിപോലുള്ള പ്രകൃതി സൗഹൃദകൃഷി സമ്പ്രദായങ്ങൾ പ്രാവർത്തികമാക്കുക തുടങ്ങിയ ഇടപെടലുകളിലൂടെയും കാലാവസ്ഥാമാറ്റത്തിന് ആധാരമായ ഹരിതഗൃഹവാതകങ്ങളുടെ അളവ് അന്തരീക്ഷത്തിൽ നിന്നും കുറയ്ക്കാൻ സാധിക്കും.

പ്രതികൂല പ്രത്യാഘാതങ്ങൾ കുറയ്ക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിച്ചെടുത്ത് കാലാവസ്ഥാവ്യതിയാനവുമായി പൊരുത്തപ്പെട്ട് ജീവിക്കുന്നതാണ് പൊരുത്തപ്പെടൽ. പാരിസ്ഥിതികവും സാമൂഹ്യവും സാമ്പത്തികവുമായ ക്രമീകരണങ്ങളിലൂടെ കാലാവസ്ഥാ വ്യതിയാനവുമായി പൊരുത്തപ്പെട്ട് ജീവനാൽ സാധിക്കും. സമുദ്രനിരപ്പ് വർദ്ധനവ് തീരപ്രദേശ സംരക്ഷണത്തിലൂടെ നേരിടുക, വരൾച്ചയെ നേരിടാൻ പദ്ധതികൾ, സംരക്ഷണകാർഷിക രീതികൾ എന്നിവ പൊരുത്തപ്പെടൽ തന്ത്രങ്ങളാണ്. മഴവെള്ളസംഭരണവും വിനിയോഗവും, ദുരന്തങ്ങളെ കുറിച്ചുള്ള മുന്നറിയിപ്പ് സംവിധാനങ്ങൾ, കാലാവസ്ഥാവ്യതിയാനത്തെ പ്രതിരോധിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ, കാര്യക്ഷമമായ ജലസേചന രീതികൾ, ജല പുനഃരുപയോഗം എന്നീ തന്ത്രങ്ങളും കാലവാസ്ഥയുമായി പൊരുത്തപ്പെട്ട് ജീവിക്കുന്നതിന് സഹായമാകും.

മരങ്ങളും മറ്റു സസ്യങ്ങളും പ്രകാശസംശ്ലേഷണത്തിന്റെ ഭാഗമായി അന്തരീക്ഷത്തിലെ കാർബൺ ആഗിരണം ചെയ്യുകയും കാർബൺ സംഭരണികളായി മാറുകയും ചെയ്യുന്നു. മണ്ണ് പ്രധാന 'കാർബൺ സംഭരണി' ആണെങ്കിലും പരിപാലന മുറകളും കൃഷിരീതികളും അനുസരിച്ച് മണ്ണിലെ കാർബണിന്റെ അളവിൽ വ്യത്യാസം സംഭവിക്കും. നഷ്ടപ്പെട്ട വനങ്ങൾ പുനഃസ്ഥാപിക്കുന്നതിലൂടെ യും തരിശു ഭൂമികൾ വനവൽക്ക രിക്കു ന്നതിലൂടെയും കാർഷിക വനവൽക്ക രണത്തിലൂടെയും മരങ്ങൾ വച്ചുപി ടിപ്പിക്കുന്നതിലൂടെയും അന്തരീക്ഷത്തിലെ ഹരിതഗൃഹവാതകങ്ങളുടെ അളവ് കുറയ്ക്കാൻ സാധിക്കും. പ്രകൃതി ദത്ത വനപുനഃരുദ്ധാരണ മാണ് കാർബൺ സംഭരിച്ചു വയ്ക്കുന്നതിന് ഏറ്റവും ഫലപ്രദമായ മാർഗ്ഗം.

കൃഷിയിൽ നിന്നുള്ള ഹരിതഗൃഹവാതക ഉദ്‌വമത്തിൽ മീഥേനും നൈട്രസ് ഓക്സൈഡും ഉൾപ്പെടുന്നു. ഭക്ഷ്യവസ്തുക്കൾ പാഴാക്കാതിരിക്കുക, സസ്യാധിഷ്ഠിത ഭക്ഷണക്രമത്തിലേക്ക് മാറുക, ആവാസവ്യവസ്ഥയെ സംരക്ഷിക്കുക, കൃഷി രീതികൾ മെച്ചപ്പെടുത്തുക എന്നിവയിലൂടെ കൃഷിയിൽ നിന്നുള്ള ഉദ്‌വമനം ലഘൂകരിക്കാൻ സാധിക്കും.

വ്യവസായം, ഗതാഗതം, വൈദ്യുതി ഉല്പാദനം, കെട്ടിട നിർമ്മാണം, ഭക്ഷ്യഉല്പാദനവും സംസ്കരണവും ഭൂവിനിയോഗം എന്നീ മേഖലകളിൽ വരുത്തുന്ന മാറ്റങ്ങളിലൂടെ ഹരിതഗൃഹവാതകങ്ങളുടെ ഉദ്‌വമനം കുറച്ച് സുസ്ഥിരവികസനം സാധ്യമാക്കാൻ

ശേഷം 48-ാം പേജിൽ...

## സോദരസംഘം വാർത്തകൾ

# സഹോദരൻ

(പരിശുദ്ധ പൗലോസ് ദ്വിതീയൻ ബാവാ ചാരിറ്റി പദ്ധതി)

**Sahodaran (Brother) 2022-23**
**1-Jul-23 to 26-Jul-23**

| | |
|---|---|
| Educational Aid | 8,37,400.00 |
| Housing Aid | 17,87,650.00 |
| Marriage Aid | 50,000.00 |
| Medical Aid | 8,80,075.00 |
| SPECIAL AID | 1,50,500.00 |
| **Grand Total** | **37,05,625.00** |

**പദ്ധതിയിൽ അംഗങ്ങളായവരുടെ പേരുവിവരങ്ങൾ.**

1765. Zachariah Varghese Aymanam
1766. Very.Rev T.M Abraham Corepiscopa Chegannur
1767. Baiju Mathew Palackad
1768. Vicar Tabor St.Marys Orthodox Church Pachira Kottayam
1769. Bilsy Pareppparambil Pallom
1770. Pampady Centeral Orthodox Convention
1771. Jincysuni Pampady
1772. Fr.Mathew Nedumparampil
1773. Bijo Elcey Thomas
1774. Mathew George Kavil
1775. Koshy Zacharia Parumala
1776. Ronny Varghese Abraham Mavelikkara
1777. Vinu Kuriakose
1778. Febin Kuriakose
1779. William I T Cheruthurithy
1780. C.C John Pathanamthitta
1781. Raju Varghese Abu Dhabi
1782. St.Johns Orthodox Church Koothattukulam
1783. Jasmin Anna Abraham Coimbatore
1784. Rejimol Mani

**Address:**
Baselios Marthoma Mathews III,
Catholicate Aramana, Devalokam,
Kottayam-686004, Kerala, India

***ACCOUNT DETAILS:***

*Indian Currency*

| | | |
|---|---|---|
| Account Name | : | Baselios Marthoma Mathews III |
| Account Number | : | 50220001884863 |
| IFSC | : | ESMF0001132 |
| Bank & Branch | : | ESAF Small Finance Bank, Kottayam |

*Foreign Currency*

| | | |
|---|---|---|
| Account Name | : | Malankara Orthodox Syrian Church |
| Account Number | : | 40059833606 (FCRA Savings Account) |
| IFSC | : | SBIN0000691 |
| Bank & Branch | : | State Bank of India, New Delhi Main Branch |
| Swift | : | SBININBB104 |

**Malankara Orthodox Syrian Church**

Catholicate Aramana,
Devalokam P.O.(Via.)
Muttambalam,
Kottayam-686004,
Kerala, India
Tel no. 0481 2578500,
2578499,
*Email:*
catholicos@mosc.in
*Web Manager :*
webmanager@mosc.in
*Public Relations officer :*
pro@mosc.in



**H.H Baselios Marthoma Mathews III, Catholicos of the East & Malankara Metropolitan**

**Sahodaran(Consolidated)**

**Balance Sheet for the year ended 31-03-2022**

| Liabilities | | Current Year | Assets | | Current Year |
|---|---|---|---|---|---|
| **Capital Fund** | | | **Fixed Assets** | | |
| Balance as per last B/s | 0.00 | | Furniture | 13500.00 | |
| Add: Excess of Income over Expenses | 6238996.20 | 6238996.20 | Less:Depreceiation at 10% | 675.00 | 12825.00 |
| Miscellaneous Expenses Payable | | 1980.00 | **Current Assets** | | |
| | | | Cash in Hand | | 146034.00 |
| | | | **Bank Balances** | | |
| | | | ESAF 4863 | | 6082117.20 |
| | | 6240976.20 | | | 6240976.20 |

Place:Kottayam
Date:01/07/2022

UDIN: 22202601AOWTKW2635

As per our report of even date attached

SAJU & JOSE KANJIKUZHY KOTTAYAM - 4 CHARTERED ACCOUNTANTS

For SAJU & JOSE
Chartered Accountants

CA. SAJU C KURUVILLA
Proprietor (M.No.202601)
FRN:010860S

**SAHODARAN PROJECT**

**Balance Sheet for the year ended 31-03-2023**

| Liabilities | | AMOUNT | Assets | | AMOUNT |
|---|---|---|---|---|---|
| **Capital Account** | | | | | |
| Balance as per last B/s | 6238996.20 | | Fixed Assets (sch.1) | 70525.00 | |
| Less: Excess of Expense over Income | 4738607.39 | **1500388.81** | Less: Depreciation | 20462.50 | **50062.50** |
| | | | **Current Assets** | | |
| | | | Cash-in-Hand | 13580.00 | |
| | | | Bank Accounts | 1436746.31 | **1450326.31** |
| **Total** | | **1500388.81** | **Total** | | **15,00,388.81** |

Kottayam
04-07-23

As per our report of even date attached

**For SAJU & JOSE**
**Chartered Accountants**

SAJU & JOSE KANJIKUZHY KOTTAYAM - 4 CHARTERED ACCOUNTANTS

**CA SAJU C. KURUVILLA**
**Proprietor (M.No.202601)**
**FRN: 010860S**

MALANKARA ORTHODOX SYRIAN CHURCH DEVALOKAM P.O KOTTAYAM-4 OFFICE OF H.H. THE CATHOLICOS

**BASELIOS MARTHOMA MATHEWS III**
**Catholicos of the East and**
**Malankara Metropolitan**




**മാർത്തോമാ ശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികത്തോട് അനുബന്ധിച്ചു ചെന്നൈയിൽ നടന്ന മാർത്തോമൻ സ്മൃതി സംഗമം.തമിഴ്നാട് നിയമസഭ സ്പീക്കർ ശ്രീ. അപ്പാവു ഉദ്ഘാടനം ചെയ്തു.**

## മണിപ്പൂർ കലാപം... 15-ാം പേജിൽ നിന്നും...

സാമൂഹികവും സംകാരികവുമായ സംഘർഷങ്ങൾക്ക് കാരണമാകുന്നുണ്ട്. പലപ്പോഴും ക്രിസ്ത്യാനികളെ പറ്റി തെറ്റിദ്ധാരണകളിൽനിന്ന് ഉദ്ഭവിച്ച മുൻവിധിയുടെയും ചിലപ്പോഴെങ്കിലും മൗലികവാദത്തിലേക്ക് പോകുന്ന ചില ക്രൈസ്തവ സമൂഹങ്ങളോടുള്ള എതിർപ്പുകളുടെയും പുറത്താണ്. ഗോത്രപരമ്പര്യത്തിന്റെ ചില ചട്ടക്കൂടുകൾ മാറാതെ നിൽക്കുന്നിടങ്ങളിൽ ക്രിസ്തു മതം അതിന്റെ വിശാലതയിലും സാർവ്വലൗകീകതയിലും സംവേദിക്കപ്പെടുന്നില്ല എന്നതും ഒരു കാരണമാണ്. ക്രിസ്ത്യാനികൾ ആക്രമിക്കപെടുന്നതുകൊണ്ടും പള്ളികൾ നശിപ്പിക്കപ്പെടുന്നതുകൊണ്ടും മാത്രം ഭാരതത്തിലെ ക്രൈസ്തവസഭകൾ ഏറ്റെടുക്കേണ്ട ഒരു വിഷയമല്ല മണിപ്പൂർ കലാപം. തങ്ങളുടെ വിശ്വാസത്തിന്റെ പേരിൽ പീഡനം അനുഭവിക്കുന്ന മനുഷ്യർക്ക് അതേ വിശ്വാസം പുലർത്തുന്നവരുടെ എങ്കിലും പിന്തുണയും സമാധാനപൂർണമായ ജീവിതത്തിനുവേണ്ടിയുള്ള ഇടപെടലുകളും ആവശ്യമുണ്ട്. എന്നാൽ ആ മനുഷ്യർ മുഖ്യധാരാ സമൂഹങ്ങളുടെ ഭാഗമല്ലാത്തതുകൊണ്ടും വംശീയത കൊണ്ടും അപരവത്കരിക്കപ്പെടുന്നു എന്നത് സങ്കടകരവും വേദനാജനകവുമാണ്.

## കാലാവസ്ഥാ വ്യതിയാനം... 45-ാം പേജിൽ നിന്നും...

കഴിയും. ഓരോ വ്യക്തിയും ഹരിതഗൃഹവാതകങ്ങൾ കുറയ്ക്കുന്ന ജീവിത ശൈലിയിലേക്ക് മാറിയാൽ കാര്യങ്ങൾ എളുപ്പമാകും. എല്ലാവരും ഒരുമിച്ച് പ്രവർത്തിക്കുമ്പോൾ പരിവർത്തന പരമായ മാറ്റങ്ങളിൽ വിജയിക്കുവാൻ സാധ്യതകൾ ഏറെയാണ്. വൈദ്യുതിയുടെ ഉപയോഗം പരമാധി കുറയ്ക്കുക, സൗരോർജ്ജത്തിലേക്കു മാറുക, ചെറിയ ദൂരം പോകാൻ നടക്കുകയോ സൈക്കിൾ ഉപയോഗിക്കുകയോ ചെയ്യുക, ഇലക്ട്രിക് വാഹനങ്ങളിലേക്കു മാറുക, മരങ്ങൾ നട്ടുപിടിപ്പിക്കുക, നമുക്കാവശ്യമായ പച്ചക്കറികൾ നമ്മുടെ തോട്ടത്തിൽ നട്ടു പിടിപ്പിക്കുക, ജൈവാവിഷ്ടങ്ങൾ പുനഃചംക്രമണം ചെയ്യുക. നാം ഉണർന്നു പ്രവർത്തിക്കാൻ ഇനിയും വൈകരുത്.

*(മുൻ ഡയറക്ടർ, കേന്ദ്രതോട്ടവിള ഗവേഷണസ്ഥാപനം, കാസർഗോഡ്).*

ന്യൂനപക്ഷങ്ങൾക്കുള്ള സംരക്ഷണം ഭരണഘടനയിൽ മാത്രം ഒതുങ്ങുകയും, അവർക്കുനേരെ ആക്രമണങ്ങൾ അഴിച്ചുവിട്ടാലും ശിക്ഷാനടപടികൾ നേരിടേണ്ടിവരികയില്ല എന്നുള്ള ഭൂരിപക്ഷ വിഭാഗത്തിന്റെ ധൈര്യവും ഇത്തരം അക്രമങ്ങൾക്ക് വിത്ത്പാകുന്നുണ്ട്. രാജ്യത്തിൻറെ വിവിധ ഇടങ്ങളിൽ പല കാരണങ്ങളാൽ ക്രൈസ്തവർ ആക്രമിക്കപെടുന്നതിന്റെ കാരണം ഇതാണ്. ഇത്തരം ആക്രമണങ്ങളുടെ ഉദ്ദേശം ജീവഭയത്തെ പ്രതി, ജീവിതത്തിനു വേണ്ടി നിശ്ശബ്ദരായിരിക്കുവാൻ ഒരു ജനസമൂഹത്തെ പരുവപ്പെടുത്തി എടുക്കുക എന്നതാണ്. മറ്റൊരു അർത്ഥത്തിൽ, ഒരു ജനാധിപത്യ രാജ്യത്തിൻറെ ഭരണഘടന വിഭാവനം ചെയ്യുന്ന മതപരമായ സ്വാതന്ത്ര്യം ഉൾപ്പെടെയുള്ള അവകാശങ്ങളെ വേണ്ടെന്നുവെച്ച് രണ്ടാം കിടക്കാരായി ജീവിക്കുവാൻ തയ്യാറുള്ള സമൂഹത്തെ നിർമ്മിച്ചെടുക്കുവാൻ ചില ശക്തികൾ പരിശ്രമിക്കുന്നു എന്ന ആകുലപ്പെടേണ്ടിയിരിക്കുന്നു.

'ക്രിസ്ത്യാനി' എന്ന കാരണത്താൽ ഇന്നലെ വരെ ഉണ്ടായിരുന്നതൊക്കെ നഷ്ടപ്പെട്ട്, സ്വന്തം മണ്ണിലേക്ക് തിരികെ പോകാനാകുമോ എന്ന് പോലും ഉറപ്പില്ലാത്ത മനുഷ്യരോട് ചേർന്ന് നിൽക്കുവാൻ, ക്രിസ്തുപക്ഷം നിൽക്കേണ്ട നമ്മിൽ എത്ര പേർക്ക് സാധിക്കുന്നു എന്നത് ആത്മപരിശോധനക്ക് വിധേയമാക്കപെടേണ്ടതാണ്. ജാതി, വംശ, വർണ്ണ, ഭാഷ വ്യത്യാസങ്ങൾക്കപ്പുറം ക്രിസ്തുവിലുള്ളവരെല്ലാം ഒരേ ശരീരത്തിലെ അവയവങ്ങളാണെന്ന വി. പൗലോസ് അപ്പോസ്തോലന്റെ വാക്കുകൾ ഇനിയും ആഴത്തിൽ നമ്മുടെ ബോധ തലത്തിലേക്ക് കടന്നുവരേണ്ടതുണ്ട്. രാജ്യത്ത് ക്രൈസ്തവർ എക്കാലവും ആക്രമണങ്ങൾക്ക് ഇരയാക്കപ്പെടുന്നുണ്ട് എന്നത്, രാഷ്ട്രീയ പ്രത്യേയശാസ്ത്രങ്ങളുടെ വ്യത്യാസങ്ങൾക്കപ്പുറവും ഭരണകൂടങ്ങൾ ഇക്കാര്യത്തിൽ എന്നും നിസ്സംഗരാണെന്നതിന്റെ അടയാളമാണ്. രണ്ടായിരത്തിയെട്ടിൽ കാണ്ഡമാലിൽ സംഭവിച്ച അക്രമങ്ങൾ മണിപ്പൂർ ആക്രമണങ്ങളോടൊപ്പമോ അതിലേറെയോ ഭീകരമായിരുന്നു. ഭരണമാറ്റങ്ങൾ ഗൗനിക്കാതെ, ഭരണകൂടങ്ങളുടെ മൗനാനുവാദത്തോടെയോ, ഭരണസംവിധാനങ്ങളെ വെല്ലുവിളിച്ചോ, തങ്ങൾ എതിർക്കുന്നവരെ തകർക്കുവാൻ ഒരുങ്ങിയിരിക്കുന്ന ഒരു സാഹചര്യം നിലനിൽക്കുന്നു എന്നതാണ് അടിസ്ഥാന പ്രശ്നം. ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നേരിടുന്ന ഭീഷണികളും ആക്രമണങ്ങളും വർധിച്ചുവരിക

യാണ്. ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങൾ മതപരിവർത്തനം ലക്ഷ്യം വെച്ച് പ്രവർത്തിക്കുന്നു എന്ന നുണപ്രചാരണത്തിന്റെ മറവിൽ ആക്രമിക്കുകയും, സാധാരണ മനുഷ്യരുടെ മനസ്സിൽ ഭീതി നിറച്ച് അവരെ സ്ഥാപനങ്ങളിൽ നിന്നും അകറ്റുകയും ചെയ്യുന്നു. ഇതിന്റെ അനന്തരഫലം ആ പ്രസ്ഥാനങ്ങളെ മാത്രമല്ല അവയുടെ പ്രയോജനം ലഭിക്കുന്ന സമൂഹങ്ങളെയും പിന്നോട്ടടിക്കുന്നതാണ്.

കലാപത്തീ കെട്ടടങ്ങുമ്പോൾ മെയ്തി-കുക്കി സൗഹാർദത്തിന്റെയും സഹകരണത്തിന്റെയുമൊക്കെ കഥകൾ മാധ്യമങ്ങൾ ആഘോഷമായി ഉയർത്തി കൊണ്ടുവന്നേക്കാം. പക്ഷെ ഈ കലാപം മനുഷ്യരുടെ ഹൃദയത്തിൽ ഉണ്ടാക്കുന്ന ഭയവും മുറിവുകളും തീവ്ര വിദ്വേഷവും ഉടനെയെങ്ങും ആ നാടിനെ വിട്ടു പോകില്ല.

കലാപത്തിന്റെ മുറിവുകൾ ഉണങ്ങുവാനും, ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ ദീർഘകാല പദ്ധതികൾ ആവിഷ്കരിക്കുവാനുമുള്ള ആത്മാർത്ഥത സർക്കാരുകൾക്ക് ഉണ്ടായെങ്കിലേ സമാധാനജീവിതം സാധ്യമാകൂ. പാഠ്യപദ്ധതികൾ രാഷ്ട്രീയ ലക്ഷ്യവും, സങ്കുചിത മനോഭാവമുള്ള തലമുറയെ സൃഷ്ടിക്കുവാനുമുള്ള ഉപാധിയായി മാറ്റുന്ന നിലപാടുകളിൽനിന്ന്, അപരനെക്കൂടി അറിയുവാനും, ബഹുമാനിക്കുവാനും, അംഗീകരിക്കുവാനുമുള്ള വിശാലത പകരുന്ന കാഴ്ചപ്പാടുകളായിത്തീരണം. ദേശീയ തലത്തിലോ അന്താരാഷ്ട്രത്ത തലത്തിലോ ഉള്ള സംവാദങ്ങൾ കൊണ്ട് പ്രാദേശികമായ സഹകരണം വളരുകയില്ല. അതിനു ഭരണസംവിധാനങ്ങൾ തന്നെ പ്രാദേശികമായ ചർച്ചകൾക്കുള്ള അവസരങ്ങൾ ഒരുക്കണം. കലാപങ്ങൾക്ക് ശേഷം വിളിച്ചുകൂട്ടുന്ന താത്കാലിക സർവ്വകക്ഷി സമാധാനയോഗങ്ങൾ മാത്രമായി നിന്നുപോകരുത്. അക്ഷരങ്ങളിൽ നിന്ന് പോലും മതേതരത്വം എന്നത് മായിക്കപ്പെടുമോ എന്ന് ആശങ്ക നിലനിൽക്കുമ്പോഴും ഭരണഘടന വിഭാവനം ചെയ്യുന്നതു പോലുള്ള തുല്യതയും മതസ്വാതന്ത്ര്യവും സംരക്ഷിക്കപ്പെടുമെന്നും, നമ്മുടെ ആയുഷ്കാലമൊക്കെയും, അതിനു ശേഷവും, ഭയം കൂടാതെ, തിരുമുമ്പിൽ വിശുദ്ധിയിലും നീതിയിലും തന്നെ ആരാധിക്കാൻ നമുക്ക് കൃപ ലഭിക്കുമെന്നും പ്രത്യാശിക്കാം. ○



സിവിൽ എഞ്ചിനീയറിംഗിൽ പിഎച്ച്ഡി (കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല) നേടിയ റോബർട്ട് വി. തോമസ്. എറണാകുളത്ത് കേരള സ്റ്റേറ്റ് നിർമിതി കേന്ദ്രം ഡപ്യൂട്ടി ചീഫ് എഞ്ചിനീയറാണ്. ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിലുള്ള ആശ്രയ ചാരിറ്റബിൾ സൊസൈറ്റിയുടെ ട്രഷറാറും ഉമയാറ്റുകര സെൻറ് തോമസ് വലിയ പള്ളിയിൽ നിന്നുള്ള മലങ്കര അസോസിയേഷൻ പ്രതിനിധിയുമാണ്. നേരത്തെ ഭദ്രാസന പ്രതിനിധിയായിട്ടുണ്ട്.

ചെങ്ങന്നൂർ കല്ലിശ്ശേരി മോടിയിൽ പരേതരായ എം.വി. തോമസിൻറെയും മേരിക്കുട്ടിയുടെയും മകനാണ് റോബർട്ട്. ഭാര്യ : കുമ്പനാട് നെല്ലിമല പാടിപ്പുറത്ത് റീന പി. മാത്യു. മകൻ : ഡോ. എല്ലൈൻ തോമസ് റോബർട്ട്. മകൾ : നീവ് മറിയം റോബർട്ട്.



അമേരിക്കയിലെ ക്വിൻസിയിലുള്ള നോർത്ത് ഫ്ലോറിഡ റിസർച്ച് & എഡ്യൂക്കേഷൻ സെന്ററിലെ പ്ലാന്റ് പതൊളജി പ്രൊഫസർ-ഡയറക്ടർ (റിസർച്ച് ലാബ്) ഡോ. മാത്യൂസ് എൽ പാറേട്ടിനെ യൂണിവേഴ്സിറ്റി ഓഫ് ഫ്ലോറിഡായിൽ പ്ലാന്റ് പതോളജി ഡിപ്പാർട്ട്മെന്റ് മേധാവിയായി നിയമിച്ചിരിക്കുന്നു. സെപ്റ്റംബർ 15 ന് യൂണിവേഴ്സിറ്റി ആസ്ഥാനമായ Gainesville യിൽ ജോയിൻ ചെയ്യും.


അലഹബാദ് അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയിൽ നിന്നും അഗ്രികൾച്ചറിൽ എം.എസ്. സിയും, അമേരിക്കയിലെ യൂണിവേഴ്സിറ്റി ഓഫ് ഹവായിൽ നിന്നും ഡോക്ടറേറ്റും, യൂണിവേഴ്സിറ്റി ഓഫ് ഫ്ലോറിഡയിൽ നിന്നും പോസ്റ്റ് ഡോക്ടറേറ്റും നേടി.

കുഴിമറ്റം സെന്റ് ജോർജ് പള്ളി ഇടവകാഗമായ ലാൽ എം. പാറേട്ട്, സൂസൻ ദമ്പതികളുടെ മൂത്ത പുത്രനാണ് ഡോ. മാത്യൂസ്. ഭാര്യ. ഡോ.പുഷ്പ ആൻ കുര്യൻ,കല്ലുംങ്കത്തറ (ടീച്ചർ ) മക്കൾ. ജോർജ് എം പാറേട്ട് & ജേക്കബ് എം. പാറേട്ട്.



ഡൽഹി ഭദ്രാസന സെക്രട്ടറിയായി ഫാ. സജി ഏബ്രഹാമിനെ നിയമിച്ചു. ഗാസിയാബാദ് സെ. തോമസ് ഓർത്തഡോക്സ് ഇടവകയുടെ വികാരിയും, ഇന്ദിരാപുരം സെ. തോമസ്, സാഹിബാബാദ് സെ. തോമസ്, ലോനി സെ. തോമസ് എന്നീ സ്കൂളുകളുടെ ചെയർമാനായും പ്രവർത്തിക്കുന്നു. ഡൽഹി ഭദ്രാസന കൗൺസിൽ അംഗമാണ്.

തുമ്പമൺ ഭദ്രാസനത്തിലെ കുരിലയ്യം സെ. ജോൺസ് ഇടവകയാണ് മാതൃദേവാലയം. 22 വർഷങ്ങളായി ഡൽഹി ഭദ്രാസനത്തിലെ വിവിധ ദേവാലയങ്ങളുടെ വികാരിയായും, സ്ഥാപനങ്ങളുടെയും, ആത്മീയ സംഘടനകളുടെയും ചുമതലകളും വഹിച്ചുവരുന്നു.



**Blessed**
**Rev. Fr. R. Z. Noronah**
July 23



നെടുമാവ്
ജോർജച്ചൻ
ഓർമ്മ : ജൂലൈ 30

# പാവനസ്മരണയ്ക്ക്

നിന്റെ മഹത്വം ഉദിക്കുംനാൾ
നിൽക്കണം ഇവർ വലഭാഗത്തിൽ



21-01-2021 27-05-2015

**റാഹേലമ്മ മാത്തൻ യോഹന്നാൻ**

**കിഴക്കയിൽ**



**മോൻസി കിഴക്കയിൽ**

31-08-2011

പ്രാർത്ഥനയിൽ ഓർക്കണമെ

എന്ന്,
മോനച്ചൻ കിഴക്കയിൽ
മോളി, മിൻസി ജോസ്, ജോർദ്ദാൻ

*We Pay*
*Respect and Homage to our*
*Guru*

## Late Lamented H.G. Thomas Mar Athanasios

Founder President of

### THE TRUST OF THE SOCIETY OF St. BASIL

on his 5th Memorial Feast
on 24/08/2023



Trustees, The Trust of the Society of St. Basil, Baroda
Principal, Staff and Students of :

- M.G.M. School, Halol
- St. Paul's English Medium School, Baroda
- St. Paul's Gujarati Medium School, Baroda
- St. Paul's School, Ankleshwar
- Baselios Public School, Baroda

THE MALANKARA SABHA,
CATHOLICATE ARAMANA,
KOTTAYAM-686 004

RNI No. 3076/57,
Registered No. KL/KTM/39/2021-23
License No. KL/CR/KTM/WPP-32/2021-23
Licensed to Post Without Pre-Payment

Published on
10 August/2023




PRINTED & PUBLISHED BY FR.SHALU LUKOSE FOR AND ON BEHALF OF ORTHODOX SATHYA VISWASA PARIPALANA SAMITHY, CATHOLICATE ARAMANA, DEVALOKAM.P.O.,VIA MUTTAMBALAM, KOTTAYAM,KERALA-686004 AND PRINTED AT STERLING PRINT HOUSE (P) LTD., DOOR. NO.49/1849, PONEKKARA, CHERANALOOR ROAD, AIMS PONEKKARA. POST, COCHIN, KERALA-682041 AND PUBLISHED AT CATHOLICATE ARAMANA, DEVALOKAM P.O., VIA MUTTAMBALAM, KOTTAYAM, KERALA-686004.

EDITOR: FR. ZACHARIAH NINAN ALIAS FR.LIJESH C.RAJ.